# മുഗൾ സമ്രാജ്യത്തിലൂടെ ഒരു യാത്ര

പി. എ. സെയ്തുമുഹമ്മദ്

**<u>പി. ഏ. സെയ്തുമുഹമ്മദിന്റെ കൃതികൾ</u>**

ചരിത്രകേരളം

സഞ്ചാരികൾ കണ്ട കേരളം

കേരളം നൂറ്റാണ്ടുകൾക്ക് മുമ്പ്

കേരള ചരിത്രചിന്തകൾ

കേരള ചരിത്രവീക്ഷണം

മുഗൾസാമ്രാജ്യത്തിലൂടെ ഒരു യാത്ര

കേരള മുസ്ലീം ചരിത്രം

# മുഗൾ സമ്രാജ്യത്തിലൂടെ ഒരു യാത്ര

പി. എ. സെയ്തുമുഹമ്മദ്

## കുറിപ്പ്

മുഗൾ സമ്രാജ്യത്തിലൂടെ ഒരു യാത്ര വൈവിധ്യമുള്ള ഏതാനും ലേഖനങ്ങളുടെ സമാഹാരമാണ്. കേരളകൗമുദി, പ്രഭാതം, മലയാള മനോരമ, സാഹിത്യ പരിഷത്ത് ചന്ദ്രിക തുടങ്ങിയ പത്രങ്ങളുടെ വിശേഷാൽ പ്രതികളിൽ പലപ്പോഴായി എഴുതിയിട്ടുള്ള ലേഖനങ്ങൾ കൂട്ടിച്ചേർത്തതാണ്, ചരിത്രത്തേയും സഞ്ചാര സാഹിത്യത്തേയും സ്പർശിക്കുന്ന പ്രകൃതിലേഖനങ്ങൾ. സഹൃദരായ ആസ്വാദകർക്കിഷ്ടപ്പെടുമെന്ന് കരുതട്ടെ, വളർന്നുവരേണ്ടതായ രണ്ടുശാഖകളിലേയ്ക്ക് നൽകുന്ന ഈ എളിയ സംഭാവന സാദരം സ്വീകരിച്ചാലും.

സസ്നേഹം,
പി. ഏ. സെയ്തുമുഹമ്മദ്

# ഉള്ളടക്കം

അയ്യപ്പനും വാവരും ........................................................................................ 5
മുഗൾ സാമ്രാജ്യത്തിലൂടെ ഒരു യാത്ര ..................................................................... 11
ചരിത്രത്തിന്റെ മുഖ്യധാശരമ............................................................................ 16
ഭാഷാസാഹിത്യചരിത്രത്തിലെ കാണാത്ത കണ്ണികൾ................................................ 20
ഒട്ടകമനുഷ്യൻ ................................................................................................ 26
ഖാൽത്തൂണിന്റെ ചരിത്രകഥ.............................................................................. 32
കേരള ചരിത്രവും വിദേശ സംസ്കാരവും .............................................................. 35
കേരള ചരിത്രപഠനത്തിനൊരു മുഖവുര ................................................................. 41
കേരളത്തിന്റെ ഭൂമിശാസ്ത്രം.............................................................................. 42

# അയ്യപ്പനും വാവരും

നൂറ്റാണ്ടുകൾക്കപ്പുറത്ത് ധാർമ്മിക പ്രചരണം നടത്തിയിരുന്നുവെന്ന് വിശ്വസിക്കപ്പെടുന്ന ശ്രീ അയ്യപ്പന്റെ സന്നിധിയിൽ ആയിരക്കണക്കിന് അയ്യപ്പഭക്തന്മാർ കടുത്ത തണുപ്പിനെ കൂസാതെ വർഷം തോറും ചെന്നെത്താറുണ്ട്. ശബരിമലയിൽ നിർവ്വാണമടഞ്ഞിരിക്കുന്ന അയ്യപ്പൻ കേരളത്തിനു പുറത്തുനിന്നും തീർത്ഥാടകരെ ആകർഷിച്ചുവരുന്നു. ഭക്തലോകത്തിലെ ഇതിഹാസപുരുഷനായിത്തീർന്ന അയ്യപ്പനേയും, വിശ്വസ്തമിത്രമായ വാവരേയും ഭക്ത്യാദരം മനസ്സിൽ പ്രതിഷ്ഠിച്ച്, കരിമ്പടക്കെട്ടുമായി കേരളത്തിന്റെ ശാക്തികരേഖയായ കിഴക്കൻ മലകൾ കയറുന്ന നിഷ്കാമവ്രതരെ കാണുമ്പോൾ ഹുയാങ്ങ്സാങ്ങിന്റെ കൂടെ ബുദ്ധഗയ സന്ദർശിക്കാൻ വരാറുള്ള പുരാതന ചൈനീസ് സാർത്ഥവാഹകരെയാണ് ഓർമ്മവരിക. ബൗദ്ധസംസ്കാരത്തിന്റെ യശോധാവള്യമാണ് ചീനരെ ഇന്ത്യയിലേയ്ക്ക് ആകർഷിച്ചതെങ്കിൽ അതുപോലെതന്നെയുള്ള സാംസ്കാരികസിദ്ധിയാണ് തീർത്ഥാടകരെ ശബരിമലയിലേയ്ക്കാകർഷിക്കുന്നത്. ഒരു ഇതിഹാസപുരുഷന്റെ ആദ്ധ്യാത്മികസിദ്ധികളെല്ലാം ശബരിമല അയ്യപ്പനുണ്ടെന്നാണ് ഭക്തന്മാരുടെ വിശ്വാസം. അവതാരപുരുഷന്മാരുടെ അണിയിലാണ് അയ്യപ്പനിന്ന് സ്ഥാനം നൽകിയിട്ടുള്ളത്. ഭക്തിമാർഗ്ഗത്തിൽ വിലയം പ്രാപിച്ചിരിക്കുന്ന മനുഷ്യഹൃദയത്തെ അയ്യപ്പചരിതം കീഴടക്കികഴിഞ്ഞിരിക്കുകയാണ്. കേരളചരിത്രത്തിലെ രാജാധിപത്യവാഴ്ച്ചക്കാലത്തെ സംഭവങ്ങളുമായി അയ്യപ്പനു് ബന്ധമുണ്ടെന്നാണ് പഴയചരിത്രകാരന്മാരുടെ വിശ്വാസം. ഇതിഹാസപുരുഷനായ ശിവന്റെ നാമവുമായി ശബരിമല അയ്യപ്പനെ ബന്ധപ്പെടുത്തുന്നവരുമുണ്ട്. അജ്ഞാതനായ മഹാശക്തികളുടെ അതിർത്തിക്കപ്പുറത്തു കയററി വർണ്ണിക്കുന്നതിൽ നിന്ന്, കുറേക്കൂടി മാറിനിന്ന് ചരിത്രത്തിന്ന് എത്തിപ്പിടിക്കാവുന്ന അതിർവരമ്പുകളിൽ വിരലൂന്നിനോക്കാനാണ് ആഗ്രഹിക്കുന്നത്.

**അയ്യപ്പപുരാണം**

മദ്ധ്യ തിരുവിതാംകൂറിൽ പന്തളം രാജ്യത്തെ രാജാവുമായി അയ്യപ്പന് ബന്ധമുണ്ടായിരുന്നതായി പറയുന്നു. പന്തളത്തു് പുലിപ്പാൽ ശേഖരിക്കാൻ പോയ ഒരു നാടോടിക്കഥയുണ്ട്. അയ്യപ്പൻ പരാക്രമിയായ സിദ്ധനായതുകൊണ്ട് ഏതു വന്യജന്തുവിനോടും, യക്ഷിഗന്ധർവ്വന്മാരോടും ഏററുമുട്ടാൻ തയ്യാറായിരുന്നു. പുലിപ്പാൽ അന്വേഷിച്ചെത്തിയ അയ്യപ്പൻ എരുമേലിയിലും, പേട്ടയിലും വിശ്രമിച്ചു. പേട്ടയിൽ 'വാവരു്' അദ്ധ്യാത്മനിരതനായിരിക്കുന്ന കാലത്താണ് അയ്യപ്പന്റെ സഹയാത്രനടത്തുന്നത്. പേട്ടയിലെ തിരുവല്ല ഭവനകത്തിൽ രാത്രി ഉറങ്ങിക്കിടക്കുമ്പോൾ മനുഷ്യജീവൻ അപഹരിച്ചുനടക്കുന്ന ഒരു കുടിലരൂപം അയ്യപ്പനെ മണത്തുനോക്കി. ആ പിശാചിനെ വധിക്കാൻ അയ്യപ്പനു് സഹായം നൽകിയ വാവരും അവിടുത്തുകാരും അയ്യപ്പഭക്തനായിത്തീർന്നു. അയ്യപ്പൻ ഭയചകിതനാകാതെ ശബരിമലയിലേയ്ക്ക് പ്രവേശിച്ചു. അയ്യപ്പനെ വാവരും പിന്തുടർന്നു. അയ്യപ്പനേയും വാവരേയും അന്വേഷിച്ച് നാട്ടുകാർ ഇറങ്ങി. രണ്ടാളുടേയും വിശ്രമസങ്കേതങ്ങളിലെത്തി. അയ്യപ്പൻ വധിച്ച പ്രേതവും കെട്ടിയെടുത്തു് 'അയ്യപ്പത്തിന്തകത്തോം സ്വാമിതിന്തകത്തോം' എന്നാർത്തുവിഷിച്ചുകൊണ്ട് നാട്ടുകാർ മലകയറി. ഈ ആ

ഘോഷത്തോടുകൂടി 'പേട്ടതുള്ളൽ' എന്ന ആചാരം നടപ്പിൽ വന്നു. എരുമയെ ബലികഴിച്ചതുകൊണ്ട് ആ സ്ഥലത്തിന് 'എരുമേലി' എന്നു പേരുണ്ടായി. മുസ്ലിം അധിവാസകേന്ദ്രമായ എരുമേലിയിൽ വാവരുടെയും, അയ്യപ്പന്റേയും രണ്ടുക്ഷേത്രങ്ങളുണ്ട്. അവിടെയുള്ള മുസ്ലിമിങ്ങൾ വാവരുടെ പിൻഗാമികളാണെന്നു പറയുന്നു. എരുമയുടെ രൂപത്തിലിറങ്ങി മനുഷ്യരെ ദ്രോഹിച്ചിരുന്ന ദുഷ്ടജന്തുവിനെ വീരമണികണ്ഠനെന്ന അയ്യപ്പനും ബാവ എന്ന വാവരുംകൂടി കഥ കഴിച്ചതിന്റ സ്മരണയിക്കായി ഇന്നു നിറപ്പകിട്ടുള്ള ആചാരങ്ങളാണ് അവിടെ നടക്കുന്നത്. മഹിഷീവധത്തിന്നു തയ്യാറെടുത്ത ഒരു വില്ലാളിവീരന്റെ പ്രതിഷ്ഠയാണ് പേട്ടയിൽ അയ്യപ്പശാസ്താവിന്റെപേരിൽ കാണുന്നത്. എരുമേലി കോട്ടപ്പടി ക്ഷേത്രത്തിൽ നിന്നാരംഭിക്കുന്ന തുള്ളൽ പഴയകാലത്തെ സംഭവങ്ങൾ സ്മരിപ്പിക്കുന്നതാണ്.

**അയ്യപ്പൻ – അവസാനത്തെ ബുദ്ധൻ**

അയ്യപ്പൻ പന്തളം രാജാവിന്റെ വിശ്വസ്തനായിരുന്നുവെങ്കിൽ ശബരിമല പ്രതിഷ്ഠയ്ക്ക് ആയിരത്തിലെര വർഷത്തെ പഴക്കം കാണുകയില്ല. ഭാരതീയ പുരാണങ്ങളിലൊന്നും അയ്യപ്പനെപ്പറ്റി പറഞ്ഞുകാണുന്നില്ല. വാവർ അയ്യപ്പന്റെ ശക്തിവിശേഷം.ഗ്രഹിച്ച് ഭക്തിപരവശാനിയതീർന്നെന്നാണ് അയ്യപ്പഭക്തന്മാരുടെ അഭിപ്രായം. അയ്യപ്പസംസ്കാരത്തിന്റെ ആത്മാവ് ബൗദ്ധ സംസ്കാരത്തിന്റേതാണ്. ബുദ്ധമതത്വങ്ങളിലെ എല്ലാ വശങ്ങളും ഏറെക്കുറെ അയ്യപ്പന്റെ ഇതിഹാസങ്ങളിൽ കണ്ടെത്താൻ കഴിയും. കേരളത്തിന്റെ ഇരുളടഞ്ഞ ഏടുകളിൽ ശബരിമല ശാസ്താവ് എന്നറിയപ്പെടുന്ന അയ്യപ്പന് സ്ഥാനമുണ്ട്. ബുദ്ധമത പ്രതാപം ശ്രീ ശങ്കരാചാര്യരുടെ കാലഘട്ടത്തോടൂകൂടി കേരളത്തിൽ അധഃപതിച്ചു. ബൗദ്ധമതവിശ്വാസിയായ രാജാവ് കേരളം വിട്ട് പലായനം ചെയ്തെന്നനുമാനിക്കേണ്ടിയിരിക്കുന്നു. പരദേശി ബ്രാഹ്മണരായ ഭട്ടബാണൻ, ഭട്ടാചാര്യൻ, ഭട്ടഗോപാലൻ തുടങ്ങിയവർ അവസാനത്തെ ബുദ്ധമതരാജാവായ പള്ളിബാണനെ തോല്പിച്ചതായി കേരളോല്പത്തിയും പറയുന്നുണ്ട്. ബ്രാഹ്മണ്യം വ്യക്തമായ സ്വാധീനം കേരളക്കരയിൽ ചെലുത്തിയത് ഏ. ഡി. നാലാം നൂറ്റാണ്ടിനും എട്ടാം നൂറ്റാണ്ടിനും ഇടയ്ക്കാണ്. പള്ളിബാണരാജാവ് തിരുവഞ്ചിക്കുളത്ത്നിന്ന് നീലമ്പേരൂർക്കും അവിടെനിന്നും തിരുവല്ല ഭാഗത്തേയ്ക്കും മാറിയതായി പറയുന്നു. ഈ പലായനത്തിൽ പന്തളത്ത് ഭൂപൻ അഭയൻ നൽകിയിട്ടുണ്ടാകണം. പുലിപ്പാലിന്നു പോയെന്ന ഭാഗം ഒഴിച്ചുനിറുത്തിയാൽ ഇപ്പോൾ ഇന്ത്യയിലെത്തിയിരിക്കുന്ന ദലായ്ലാമയെപ്പോലെ ബുദ്ധമത രാജാവ് പന്തളത്ത് അഭയം തേടിയെന്ന് ഗ്രഹിക്കാം. അയ്യപ്പൻ അവിടെനിന്ന് കിഴക്കൻ ഭാഗങ്ങളിലേയ്ക്ക് പോയതായിരിക്കണം. എട്ടാം നൂറ്റാണ്ടിലാണീ പലായനം നടന്നതെങ്കിൽ ബാവ എന്ന ഒരു മുസ്ലീം പ്രമാണികന്റെ സഹായം ഈ രാജാവിന് ലഭിച്ചിരിക്കണം. വാവ എന്നാൽ പാലിഭാഷയിൽ നേതാവെന്നും ബാവയെന്നാൽ പ്രചാരകനെന്നും അർത്ഥമുണ്ടല്ലോ? ബുദ്ധമത സാഹിത്യം പാലിഭാഷയിലാണ് എഴുതിയിട്ടത്. ബാവ ബഹുമാനസൂചകമായി 'വാവര്' എന്നായിത്തീർന്നു. 'വാവര് സ്വാമി' നേതാവായ യജമാനനായിക്കഴിഞ്ഞു. "ഒരു മുസ്ലിം സിദ്ധൻ" എന്നാണ് അയ്യപ്പ ചരിത്രകർത്താക്കൾ വാവരെ വിശേഷിപ്പിക്കുന്നത്.

**വാവരുടെ ബന്ധം**

ബുദ്ധമത പ്രതാപം നിറംമങ്ങിയ കാലഘട്ടത്തിലാണ് ബ്രാഹ്മണരോടൊപ്പം ക്രിസ്ത്യാനികളും മുസ്ലീംകളും സജീവമായി രംഗത്തുവന്നത്. ബുദ്ധമതത്തിന്റെ നേതൃത്വത്തിൽ വിട്ടുപിരിഞ്ഞ ജനതയെ വർണ്ണപ്രശ്നങ്ങൾക്ക് പ്രാധാന്യം നൽകിയ ബ്രാഹ്മണ്യത്തിന് വേണ്ടവിധത്തിൽ ആശ്വസിപ്പിക്കുവാൻ കഴിഞ്ഞില്ല. അതുകൊണ്ട് ബുദ്ധമത വിശ്വാസികളായ പലരും ക്രൈസ്തവരായും, മുസ്ലീമിങ്ങളായും രൂപാന്തരപ്പെട്ടു. അക്കാലത്ത് നിരവധി ബുദ്ധമത ദേവാലയങ്ങൾ (പഗോഡകൾ) ക്രൈസ്തവരുടെയും മുസ്ലീമിങ്ങളുടെയും പള്ളികളായി മാറി "പള്ളി" എന്ന പേരിലാണ് ബുദ്ധക്ഷേത്രങ്ങളും കേരളത്തിലറിയപ്പെട്ടിരുന്നത്. പള്ളി പാലിഭാഷയാണ്. കുളത്തുപുഴ, മാമ്പഴത്തറ, ആര്യങ്കാവ്, അച്ചൻകോവിൽ, കുടമാളൂർ, ചേർത്തല, പാണ്ഡവം, കൊടങ്ങല്ലൂർ, ചേപ്പാട് തുടങ്ങിയ സ്ഥലങ്ങളിലുണ്ടായിരുന്ന ബുദ്ധമതകേന്ദ്രങ്ങൾ ക്രമേണ നാമാവശേഷമായി. അക്കാലത്തെ ബുദ്ധദേവാലയങ്ങളുടെ കൽത്തറകളിൽ ഹൈന്ദവ, ക്രൈസ്തവ, മുസ്ലീം ആരാധനാ കേന്ദ്രങ്ങൾ ഉയർന്നുവന്നു. തിരുവില്ലാ താലൂക്കിലെ തൃക്കാകുടി ക്ഷേത്രത്തിൽ രൂപം, ചേറ്റുവാ മണപ്പുറത്ത് സാഹിബിന്റെ പള്ളിക്ക് വടക്കുവശം കാണുന്ന രൂപങ്ങൾ നിരണം പ്രദേശത്തേയും പുതുതായി കണ്ടുപിടിക്കപ്പെട്ട നിലക്കലേയും ക്രൈസ്തവദേവാലയം – ഇവയെല്ലാം ബുദ്ധമത കാലത്തെ സ്മാരകങ്ങളാണ്. അക്കാലത്തോ അതിനടുത്തോ കേരളത്തിൽ നിന്ന് സ്ഥലം മാറിയ ബുദ്ധമതപ്രതാപവാനായിരുന്നു ഇന്നത്തെ ശബരിമല ശാസ്താവ്. അദ്ദേഹത്തെ സ്വാഗതം ചെയ്ത വാവരും എരുമേലിയിൽ വാസമുറപ്പിച്ചിരിക്കണം. ഷറഫിബിനുമാലിക്കിന്റെയും, മാലിക്കിബ്നുദീനാറാന്റെയും വംശപാരമ്പരയിൽപ്പെട്ട പലരും ഇസ്ലാംമത പ്രചരണാർത്ഥം കേരളത്തിന്റെ പലഭാഗങ്ങളിലേയ്ക്കും നിയോഗിക്കപ്പെട്ടിരുന്നു. അതിൽപ്പെട്ട മതപ്രചാരകനായിരിക്കും വാവര്സ്വാമി. പത്താം നൂറ്റാണ്ടിലാണിത് സംഭവിച്ചെങ്കിൽ മുസ്ലീം സൂഫികളുടെ പ്രചാരണകാലമായിരുന്നത്. വാവരുടെ ആസ്ഥാനമായ എരുമേലിയിൽ തിങ്ങിത്താമസിക്കുന്ന മുസ്ലീമിങ്ങൾ നൂറ്റാണ്ടുകൾക്ക് മുമ്പെ അവിടെ താമസമാക്കിയതാണ്. അവിടത്തെ പള്ളിയും മുസ്ലീം പാരമ്പര്യം വ്യക്തമാക്കുന്നുണ്ട്. പക്ഷെ ഇപ്പോഴുള്ളതിനേക്കാൾ ഒരു പഴയ പള്ളി അവിടെ ഉണ്ടായിരുന്നതായി പറയുന്നു. വാവരെപ്പറ്റിയുള്ള ഐതിഹ്യത്തിൽ എരുമേലിക്കാരും ഏറെക്കുറെ വിശ്വസിക്കുന്നു. വാവരുടെ ജന്മകഥ വിവരിക്കുന്ന അയ്യപ്പഗാനങ്ങളിൽ ഇങ്ങനെകാണും. "തകൃതിത്തിൻതോട്ടത്തിൽ പാത്തുമ്മ പെറ്റൊരു വാവര്" വാവരുടെ മുസ്ലീം പാരമ്പര്യം നിസ്സന്ദേഹം പ്രഖ്യാപിക്കുന്ന ഇത്തരം ഗാനശകലങ്ങൾ അയ്യപ്പഭക്തന്മാർ ആലപിക്കാറുണ്ട്. വാവരുടെ സങ്കേതത്തിന് ഖാജാമുഈനുദ്ദീൻഷിഷ്ത്തിയുടെ പോലെ പ്രചരണം നൽകി വേണ്ടത്ര പരിരക്ഷ നൽകുകയാണെങ്കിൽ തീർത്ഥാടകരെ ആകർഷിക്കുവാൻ കഴിയുമായിരുന്നു. അയ്യപ്പഭക്തന്മാരേയും അല്ലാത്തവരേയും ആകർഷിക്കാൻ പറ്റിയ എരുമേലി സങ്കേതം ഗവേഷണമർഹിക്കുന്ന കേന്ദ്രമാണ്.

**അമരകോശത്തിലെ അയ്യപ്പൻ**

അമരകോശത്തിൽ ശാസ്താവ് ബുദ്ധമുനിയാരുന്നുവെന്ന് ഒരു പര്യായ വിവരണംകൊണ്ട് സൂചിപ്പിക്കുന്നു. ഹരിഹരസുതനെപ്പറ്റിയുള്ള കീർത്തനങ്ങളിൽ "ബുദ്ധം ശരണം, ധർമ്മം ശരണം" മുഴങ്ങിക്കേൾക്കാം. ഈ ബൌദ്ധ മുദ്രാവാക്യം ലോപിച്ചെങ്കിലും ശബരിമല കയറുമ്പോൾ ഭക്തന്മാർ ഉച്ചത്തിൽ ഇതേറ്റുവിളിക്കാറുണ്ട്. ബുദ്ധമതഭക്തരായ അനുയായികൾ തങ്ങളുടെ ആരാദ്ധ്യപുരുഷനോടുള്ള അമിതമായ സ്നേഹം കൊണ്ട് ശാസ്താവിനെ പലവേഷത്തിലും സ്വകാര്യക്ഷേത്രങ്ങളുണ്ടാക്കി പ്രതിഷ്ഠിച്ചിട്ടുണ്ട്. അതിൽ കിരീടധാരിയായ ശാസ്താവും, വനാന്തരത്തിൽ തപസ്സിലേർപ്പെട്ടിരിക്കുന്ന ശാസ്താവും, അമ്പും വില്ലുമായി ദുഷ്ടമൃഗനിഗ്രഹത്തിന് നിൽക്കുന്ന ശാസ്താവും ഉൾപ്പെടുന്നു. ബഹുജനങ്ങളുടെ സ്നേഹബഹുമാനാദികൾക്ക് പാത്രീഭൂതനായിരുന്ന പ്രജാവത്സലനായ രാജാവ് നാടുവിട്ടോടി. അദ്ദേഹം കേരളത്തിൽ ബ്രാഹ്മണ്യം പടർന്നുകയറിയപ്പോൾ അഭയാർത്ഥിയായി തിരിച്ചതാണെങ്കിലും സമ്പന്നായ എരുമേലിയിലെ മുസ്ലീം നേതാവ് അഭയം നൽകി. ഇതാണ് ശബരിമല അയ്യപ്പനെ സംബന്ധിച്ചുള്ള ജനകീയ ഐതിഹ്യമായി പരിഗണിക്കേണ്ടത്. വനപ്രദേശമായതുകൊണ്ട് കാട്ടുപോത്തിനെ ഇവർ ഒരുമിച്ച് വേട്ടയാടിയിട്ടുണ്ടാകും. സംഭവിക്കാവുന്ന ഇത്തരം കാര്യങ്ങൾക്ക് ഭക്തസമൂഹം അത്ഭുതത്തിന്റെ പരിവേഷം അണിയിച്ചു. മഹാന്മാരായ ജനനേതാക്കൾ ജനതയുടെ സാമൂഹ്യബോധമനുസരിച്ച് വീരാത്മാക്കളും സിദ്ധന്മാരുമാകും. കാലം അതിന് അത്ഭുതസിദ്ധികളുടെ ആവരണം അണിയിക്കാറുണ്ട്. ബുദ്ധമതാനുയായികൾക്ക് ഉണ്ടായിരുന്ന ബാവ എന്ന പേർ ജാതിമതഭേദ്രമെന്യേ ബഹുമാനനാമമായി കേരളീയർ സ്വീകരിച്ചു. ആതിഥ്യമര്യാദയും ഉയർന്ന മനുഷ്യസ്നേഹവും പുലർത്തിയിരുന്ന വാവര് പതറാത്ത ഹിന്ദു–മുസ്ലീം മൈത്രിയുടെ പ്രതീകമായിത്തീർന്നിരിക്കുകയാണ്.

**സഞ്ചാരമാർഗ്ഗങ്ങൾ**

കേരളത്തിന്റെ പലഭാഗങ്ങളിൽ നിന്നെത്തുന്ന അയ്യപ്പഭക്തന്മാർ പാരമ്പര്യമായി ചില ചിട്ടകൾ അനുഷ്ഠിച്ചുപോരുന്നവരാണ്. കണ്ടകാകീർണ്ണമായി വഴികളിലൂടെ ഹിംസ്രജന്തുക്കളുടെ ആക്രമണം ഭയന്നായിരിക്കും അയ്യപ്പഭക്തന്മാർ നിശ്ചിതസങ്കേതത്തിലെത്തിച്ചേരുക. കാൽനൂറ്റാണ്ടിനുമുമ്പ് ബുദ്ധിമുട്ടേറിയ ഒരു തീർത്ഥാടകയാത്രയായിരുന്നുവെങ്കിൽ ഇന്ന് ശബരീയാത്ര അത്ര ദുഷ്കരമല്ല. വാഹനസൗകര്യവും, പരിഷ്കൃതമായ മറ്റാനുകൂല്യങ്ങളും യാത്രക്കാർക്ക് ആശ്വാസം നൽകുന്നുണ്ട്. യാത്രക്കാർ കോട്ടയം വഴി എരുമേലിയിലെത്തി ആചാരങ്ങളിൽ പങ്കുകൊണ്ടശേഷം പേരൂർക്ക് പോകുന്നു. അയ്യപ്പന്മാർക്ക് സ്നാനത്തിന്നു പറ്റിയ പേരൂർതോട് നല്ല നീരുറവയാണ്. ഇടതിങ്ങിനിൽക്കുന്ന വൃക്ഷങ്ങളുടെ സാമ്രാജ്യത്തിലേയ്ക്കാണ് അവിടെനിന്ന് ഭക്തന്മാരുടെ യാത്ര. കാനനഭംഗി കമനീയഭാവം കലർന്നുനിൽക്കുന്ന ഈ സാനുപ്രദേശത്തിലൂടെ കാളകെട്ടിയെന്ന താഴ്വരപ്രദേശത്തിൽ ചെന്നെത്താം. മലയുടെ മടിത്തട്ടുപോലെ സ്ഥിതിചെയ്യുന്ന കാളകെട്ടിയിലേയ്ക്ക് എരുമേലിയിൽ നിന്ന് എട്ടുനാഴിക യാത്രചെയ്യണം. പുരാണങ്ങളിൽ സീതാന്വേഷണഭാഗത്ത് വർണ്ണിക്കപ്പെട്ടിട്ടുള്ള സുന്ദരോദ്യാനങ്ങൾ ഇവിടെ കാണാം. "സർവ്വത്തു

ഫലകുസുമാഢ്യപാദപലതാസംവൃതം, നാനാമൃഗസഞ്ചയ നിക്ഷേവിത"ങ്ങളുമെന്ന് പുരാണകവി വർണ്ണിച്ച ഭാഗങ്ങൾ ഇവിടെ ചലച്ചിത്രത്തിലെന്നപോലെ തിളങ്ങിക്കാണാം. കാളകെട്ടിപോലെ മനോഹരമാണ് അഴുതാനദിക്കര. സുഗന്ധവാഹിനിയായ വനവല്ലികളും ചെമ്പകയ്ക്കാക്കുലകൾ തിങ്ങിനിൽക്കുന്ന കവുങ്ങിൻതോട്ടങ്ങളും ഇവിടെയുണ്ടെന്ന് ശ്രീരാമൻ സീതയോട് പറഞ്ഞതായി കാണുന്നു. ഈ നദിയുടെ ഇരുകരകളിലും അയ്യപ്പന്മാർ താവളമടിക്കുന്നു. പാറകളിൽ ചിരിച്ചാർത്തുല്ലസിച്ചുവരുന്ന ശുദ്ധജലത്തിൽ കുളിച്ച് പ്രകൃതിയുടെ മഹത്വത്തെപ്പറ്റി അത്ഭുതംപൂണ്ട് ഇവിടെ സുഖനിദ്ര പ്രാപിക്കുന്നു. വെള്ളം കുടിക്കാൻ ചിലപ്പോൾ ഗജവീരന്മാർ ഈ മണൽത്തിട്ടയിൽ വരാറുണ്ട്. കൂട്ടായ ശരണം വിളി ഉയരുമ്പോൾ ഇതിനടുത്ത വനാന്തർഭാഗത്ത് താമസിക്കുന്ന ഗിരിവാസികൾ എത്തിനോക്കാറുണ്ട്. അയ്യപ്പനേക്കാൾ മുമ്പ് ഇവിടെ പാർപ്പുറപ്പിച്ച അവർക്ക് പരിഷ്കൃതജനതയുടെ ഈ പ്രവാഹം കാണുമ്പോൾ എന്തുതോന്നുമെന്നറിഞ്ഞില്ല. അഴുതാ നന്ദിക്കരെ നിന്ന് യാത്രക്കാർ അഴുതാമേട് കുന്നുകയറാൻ തയ്യാറെക്കുകയായി. അയ്യപ്പവിശ്വാസത്തോടെ ഈ കുന്നുകയറി കടന്നാൽ അടുത്ത വിശ്രമകേന്ദ്രമായ ഇഞ്ചപ്പാറയിൽ ചെന്നൊരു ഇരിപ്പുണ്ട്. ഇവിടെ അധിക സമയം ഇരുന്നാൽ വന്യമൃഗങ്ങളുമായി കൂടിക്കാഴ്ച വേണ്ടിവരും. അത് ഭയന്ന് കരിമലത്തോടിലെത്തി ഒന്നു നടുനിവർക്കുന്നു. അപ്പോഴേക്കും ഗിരിരാജാവായ ഗജവീരന്മാരുടെ സ്ഥലം വിട്ടുകൊള്ളുക എന്ന സൈറൺ കേൾക്കാം. വേഗം ഭാണ്ഡം മുറുക്കി കരിമല കയറാൻ തയ്യാറെടുക്കുകയായി. "കരിമല കയറ്റം കഠിനമെന്റെയപ്പാ" എന്ന വേദന നിറഞ്ഞ ഈണത്തോടെ മുദ്രാവാക്യം മുഴക്കി ഭക്തന്മാർ മുന്നോട്ടാഞ്ഞുതുടങ്ങു. കരിമലകയറ്റിന് ആത്മധൈര്യവും ഏകാഗ്രതയും ആവശ്യമാണ്. കരിമലയിറങ്ങിയാൽ വലിയ ആനത്താവണം കാണാം. അവിടെയിരുന്നൊന്ന് വിയർപ്പുതുടച്ച് നടുനിവർത്താം. അധികസമയമായാൽ ജലദുർഭിക്ഷതാസമയമാണെങ്കിൽ ആനകൾ ആ സ്ഥലത്തെത്തിയെന്നും വരാം.

ഭാരതീയ പുരാണങ്ങളിൽ വർണ്ണിക്കപ്പെട്ടിട്ടുള്ള പമ്പാനദി മനോഹരമായ ഒരു ദൃശ്യമാണ്. സീതാന്വേഷണാർത്ഥം രാമലക്ഷ്മണന്മാർ ഈ വഴിയെ വന്നിട്ടുണ്ടെന്നാണ് പുരാണം. സീതയേയും കൊണ്ട് രാമൻ മടങ്ങുമ്പോൾ പമ്പയുടെ മനോഹാരിത ചൂണ്ടിക്കാട്ടിയുരുന്നു. രാമായണകർത്താവ് "പുഷ്പലതാവരിവേഷ്ടിതപാദപസൽഫല സേവിതം സന്തുഷ്ടജന്തുകം" എന്നു വിശേഷിപ്പിച്ചിട്ടുള്ളത് ഈ പ്രകൃതിദൃശ്യത്തെയാണ്. അനന്തമായ കണ്ണാടിച്ചില്ലുപോലെ വെട്ടിത്തിളങ്ങുന്ന പമ്പാനദിയുടെ തീരങ്ങളിൽ അയ്യപ്പഭക്തന്മാർ കൂട്ടുമായി വന്നുനിറയും. പമ്പാനദിക്കരയിൽ കച്ചവടക്കാരും എത്തിച്ചേരും. പമ്പാനനദിയെ ആലിംഗനം ചെയ്യുന്ന ത്രിവേണിയും ഇവിടെയാണ്. ത്രിവേണിടിയിലൊന്ന് സ്നാനം ചെയ്ത് പമ്പാനദിക്കരിയെ സദ്യയിൽ പങ്കുകൊണ്ട് അയ്യപ്പഭക്തന്മാർ രാത്രികാലം ശരണം വിളിച്ച് ശിവരാത്രിയാക്കിക്കഴിയുന്നു. വർണ്ണപ്പകിട്ടേറിയ പമ്പയിലെ രാത്രി ഒരു മഹാമേളയുടെ പ്രതീതി ജനിപ്പിക്കുന്നു. പമ്പയുടെ പരിസരങ്ങളിൽ അയ്യപ്പനും വാവരും സ്വൈരവിഹാരം നടത്തിയിരുന്നു. മാമുനിമാർ ചമ്രംപടിഞ്ഞിരുന്നു ലോകകാര്യങ്ങൾ നിയന്ത്രിച്ചിരുന്നത് പമ്പയുടെ കരയിൽവെച്ചായരുന്നുവെത്രം. പഞ്ചസാരമണൽ നിറഞ്ഞ മനോഹരമായ പമ്പാപ്രദേശം മനുഷ്യസ്പർശനമേറ്റ് പുളകം കൊള്ളുന്നത് അയ്യപ്പന്മാരുടെ വരവോടുകൂടിയാണ്. പമ്പയിലെ താമസത്തിനുശേഷം നീലിമല കയറി അപ്പാച്ചിമേടും കടന്നു ശബരിപീഠത്തിലെത്തുന്ന അയ്യപ്പന്മാർ

തങ്ങളുടെ വഴിപാടുകൾ നടത്തുന്നു. അയ്യപ്പനെ സമീപിക്കുംതോറും ശരണംവിളിക്ക് ശക്തികൂടുന്നു. അയ്യപ്പദർശനത്തിനായി പതിനെട്ടാംപടി കയറിച്ചെല്ലുന്ന ഭക്തന്മാർ പടികളിൽ നാളികേരം ഉടയ്ക്കുന്നു. പതിനെട്ടാംപടിക്ക് മുകളിൽ പള്ളികൊള്ളുന്ന അയ്യപ്പന് അടുത്തുതന്നെ വാവർ സാഹിബിനേയും പ്രതിഷ്ഠിച്ചിട്ടുണ്ട്. പതിനെട്ടാംപടിയുടെ മുൻവശം അയ്യപ്പന്റെ വിശ്വസ്തമിത്രമായ വാവർ ഇതെല്ലാം കണ്ട് നിർവ്വികാരനായിരിക്കുകയാണ്. ഭക്തർ വാവരെ ഭയഭക്തിയോടെ വന്ദിച്ചിട്ടാണ് പട കയറുന്നത്. തങ്ങളെ മറക്കാത്ത ജനങ്ങളുടെ അനുമോദനപ്രകടനം കണ്ട് അയ്യപ്പനും വാവരും മൂകഭാഷയിൽ സന്ദേശങ്ങൾ കൈമാറുന്നുണ്ടാകാം.

ഏതാനും വർഷങ്ങൾക്ക് മുമ്പ് ചില കുസൃതികൾ ശബരിമലയിൽ ഒരു തീവെപ്പ് നടത്തി. പക്ഷെ അതിനുശേഷം ഭക്തന്മാരുടെ വരവ് കൂടുകയാണുണ്ടായത്. ഇപ്പോൾ ദേവസ്വം ബോർഡിന്റെ കീഴിലാണ് ശബരിമല അയ്യപ്പനും സ്നേഹിതൻ വാവരും വാഴുന്നത്. അവുടെ ഇംഗിതാനുസരണം ബോർഡ് സൗകര്യങ്ങളേർപ്പെടുത്തുകയാണത്രെ. ഭക്തന്മാർ വണ്ടിപ്പെരിയാർ വഴിക്കും ശബരിമല വന്നെത്തുന്നുണ്ട്. യാത്രാസൗകര്യം ഭക്തന്മാരെ ആ വഴിക്കാണ് തിരിച്ചുവിടുന്നത്. കേരളത്തിൽ ഇത്രയേറെ ആരാധകർ ഒരുമിച്ചുകൂടുന്ന സ്ഥലം മറ്റൊന്നില്ല. ഇപ്പോൾ ശുദ്ധജലം, വിളക്ക്, ശുചീകരണം, തുടങ്ങിയ കാര്യങ്ങലിൽ ഭരണാധികാരികൾ കൂടുതൽ ശ്രദ്ധചെലുത്തുന്നുണ്ട്. വർഷംതോറും അവിടെ വീഴുന്ന വരവിന്റെ കണക്ക് ഭീമമാണ്. വിശ്വാസികൾക്കും അല്ലാത്തവർക്കും പ്രവേശിക്കാവുന്ന ഒരു കേന്ദ്രമെന്ന നിലയിൽ ശബരിമല പ്രസിദ്ധമാണ്. നൂറ്റാണ്ടുകൾക്കപ്പുറത്ത് സംഭവിച്ചെന്നു പറയുന്ന ഒരു പുരാണവൃത്തം മനുഷ്യരുടെ വിശ്വാസങ്ങളെ ഭരിക്കുന്ന കാഴ്ചയാണ് ശബരിമലയിൽ കാണുന്നത്. ഐതിഹ്യമാണെങ്കിലും ശാശ്വതമായ ഹിന്ദു – മുസ്ലീം മൈത്രിയുടെ ആദർശപാത്രങ്ങളായ അയ്യപ്പനോടും വാവരോടും കൃതജ്ഞതരായിരിക്കുക.

# മുഗൾ സാമ്രാജ്യത്തിലൂടെ ഒരു യാത്ര

സൗന്ദര്യരാധാകന്മാരുടെ ആശാകേന്ദ്രമായ ടാജ്മഹാളിനെ മാറിലടക്കിപ്പിടിച്ച് വിശ്രമിക്കുന്ന ആഗ്രാനഗരവും പരിസരപ്രദേശങ്ങളും ചരിത്രാന്വേഷകരെ അത്ഭുതപ്പെടുത്തുന്ന കേന്ദ്രങ്ങളാണ്. മനുഷ്യപ്രയത്നത്തിന്റെ മഹത്വത്തേയും, സുഖലോലുപന്മാരായ ഭരണാധികരികളുടെ പ്രതാപത്തേയും തേജോമയക്കിത്തീർക്കുന്ന ആ ചരിത്രസങ്കേതങ്ങൾ നൂറ്റാണ്ടുകളെ പിന്നിട്ട് ദേശാന്തരങ്ങളായ മഹാത്ഭുതങ്ങളെ പരാജയപ്പെടുത്തി ഇന്നും ഗാംഭീര്യത്തോടെ തലയുയർത്തി നില്ക്കുകയാണ്. ഇന്ത്യാചരിത്രത്തിൽ കലകളുടെ സുവർണ്ണകാലം ആരംഭിക്കുന്നത് മുഗിളരുടെ ആധിപത്യത്തോടുകൂടിയാണ്. ഹൈന്ദവ സംസ്കാരത്തിൽ നിന്നുടലെടുത്ത വിവിധ വർഗ്ഗങ്ങൾ പല പ്രയാണമാർഗ്ഗങ്ങളും കണ്ടെത്തി പിരിഞ്ഞുപോയി. വൈദിക കാലഘട്ടം കഴിഞ്ഞാൽ അശോകന്റെ ആഗമനം വരേയും കലാനികേതനങ്ങൾ കാര്യമാത്രപ്രസക്തമായി വളർന്നില്ല. അശോകന്റെ നവോത്ഥാനത്തോടുകൂടി കലയുടെ സർഗ്ഗശക്തി പൂവിട്ട് വിരിയാൻ തുടങ്ങി. ആ കാലഘട്ടത്തിന്റെ സവിശേഷതകളാണ് ഇന്ത്യൻ കലയുടെ ആത്മാവിനെ ചൈതന്യവത്താക്കിത്തീർത്തത്. ആ സംസ്കാരിക വിപ്ലവത്തിന്റെ ജയഭേരി ദിഗന്തങ്ങളെ രോമാഞ്ചം കൊള്ളിച്ചുകഴിഞ്ഞപ്പോഴേയ്ക്കും, വിദേശീയർ കൈബർചുരം വഴി കണ്ണഞ്ചിപ്പിക്കുന്ന നമ്മുടെ ഹൈമവതഭൂവിൽ കയറിപ്പറ്റി. പ്രയാണ പ്രത്യാഘാതങ്ങളിൽ ഇന്ത്യയിൽ പലരുടേയും ചെങ്കോലുകളും കിന്നരിത്തൊപ്പികളും തെറിച്ചുപോയി. ജനവർഗ്ഗങ്ങളുടെ വൈദേശികവേഴ്ചയുടെ സ്വാധീനം പടർന്നു. മുഹമ്മദിബ്നുകാസിമിന്റെ സിന്ധാക്രമണം പട്ടാളക്കാരോടൊപ്പം പേഴ്സ്യൻ കരയിൽ നിന്ന് പല ജീവിത സമ്പ്രദായങ്ങളും ഇവിടെ ഇറക്കുമതി ചെയ്തു. പേഴ്സ്യൻ വാസികളുടേയും അയൽദേശക്കാരുടേയും സ്വാർത്ഥവാഹക സംഘങ്ങൾ ഇന്ത്യൻ സമതലത്തിൽ കൂടാരമടിച്ചു. സമരം, വ്യാപാരം, സാംസ്കാരികപ്രചരണം എന്നീ മുഖങ്ങളിലൂടെ അവരിന്ത്യയിൽ തങ്ങളുടെ സ്വാധീനം ചെലുത്തി. ആ സ്വാധീനവലയം വികസിച്ചു. രാജ്യഭാരം അവർ കയ്യേറ്റു. ഇതാണ് പേഴ്സ്യക്കാരും ഇന്ത്യക്കാരും തമ്മിലുള്ള വേഴ്ചയുടെ ചരിത്രം. ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരെയുള്ള പ്രതാപം നിലനിർത്തി. ബ്രിട്ടീഷ് സൈന്യത്തിന്റെ അപ്രതിരോധ്യമായ ആക്രമണത്തോടെ തങ്ങളുടെ മഹത്തായ സംസ്കാരം സ്മാരകവസ്തുക്കളിൽ ഉപേക്ഷിച്ചവർ അപ്രത്യക്ഷരായി. സംഭവബഹുലമായ ആ കഥയാണ് ആ നഗരിയിലെ ചരിത്രസ്മാരകങ്ങൾക്ക് പറയാനുള്ളത്.

മുഗൾ സാമ്രാജ്യത്തിന്റെ പ്രതാപവും ഐശ്വര്യവും ഇന്ത്യാചരിത്രത്തിലെ മികച്ച അദ്ധ്യായങ്ങളാണ്. ശാന്തഗംഭീരനായ ബേബർ ചക്രവർത്തിയുടെ കാലം മുതലാരംഭിക്കുന്ന ആ പ്രതാപം ബഹദൂർഷായുടെ കാലത്തോടുകൂടി നാമാവശേഷമാകുകയാണ്. ഇന്നത്തെ ഡൽഹിയടക്കം ഇരുന്നൂറിലധികം ചതുരശ്രമൈൽ മുഗൾസാമ്രാജ്യത്തിന്റെ ഉന്നത കോട്ടകളാൽ സുരക്ഷിതമായിരുന്നു. ഡൽഹിയിൽ അവശേഷിച്ചിട്ടുള്ള ചുവപ്പുകോട്ടയും, ജുമാമസ്ജിദും മൂന്ന് രാജക്കന്മാരുടെ കാലത്ത് കെട്ടിയുയർത്തിയ കുട്ടബ്മിനാറും മുസ്ലീം ശില്പകലയുടേയും, ഭരണപ്രതാപത്തിന്റേയും സ്മരണകൾ കാഴ്ചക്കാരിൽ ഉളവാക്കുന്നു. മുഗൾവംശത്തിന്റെ ആസ്ഥാനവും സുഖവാസകേന്ദ്രവും ഡൽഹിയിൽ നിന്ന് നൂറ്റിയിരുപത്തിയഞ്ചുനാഴിക ദൂരെ സ്ഥിതിചെയ്യുന്ന ആഗ്രയിലായിരുന്നു. വിശ്വം പറപ്പിക്കുന്ന

ഭരണത്തലവന്മാർപോലും സന്ദർശനാവസരത്തിൽ നിർന്നിമേഷരായി നോക്കിനിന്ന് അത്ഭുതം പ്രകടിപ്പിക്കുന്ന ടാജ്മഹാൾ ഈ നഗരിയിലാണ്. ഇന്ത്യാ ചരിത്രത്തിലെ പ്രതാപശാലികളായ ഭരണകർത്താക്കളുടെ തലസ്ഥാനം സന്ദർശിക്കുന്നവർക്ക് മഹത്തായ പല അനുഭവങ്ങളുമുണ്ടാകും. തകർന്ന ഗോപുരങ്ങളും സ്തൂപങ്ങളും മാറിലടക്കിപ്പിടിച്ച് ഭൂതകാലസ്മരണകളെ പുൽകി നിശ്ശബ്ദമായിക്കിടക്കുന്ന ആ പ്രദേശം ജിജ്ഞാസുക്കളിൽ എന്തെന്തു വികാരങ്ങളാണ് ഉണർത്തിവിടുന്നത്. ആഗ്രാ റെയിൽവേസ്റ്റേഷനിൽ നിന്ന് രണ്ടു നാഴിക ദൂരെയാണ് ചരിത്രപ്രസിദ്ധമായ ടാജ്മഹാളും മറ്റ് ദർശനകേന്ദ്രങ്ങളും. ആഗ്രാനഗരം പൗരാണിക ഇന്ത്യയുടെ തലസ്ഥാനമായിരുന്നു. ക്രിസ്തുവിന് മുമ്പ് 3000– ത്തിൽതന്നെ ചരിത്രത്തിൽ ആഗ്ര സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്. യമുനയുടെ ആലിംഗനമേറ്റുകിടക്കുന്ന ആഗ്രയ്ക്കടുത്താണ് മഹാഭാരതയുദ്ധം തന്നെ നടന്നതെന്ന് ഒരു വിഭാഗം ചരിത്രകാരന്മാർ പറയുന്നു. മധുരാ നഗരം കുരുക്ഷേത്രമായിരുന്നെന്നാണ് അനുമാനം. ഇവിടെ കാണുന്ന പഴക്കമുള്ള ശിലാപ്രതിമകളും തകർന്ന കെട്ടിടങ്ങളും ചരിത്രപ്രസിദ്ധിയുള്ളതാണ്. അശോകൻ ഈ നഗരം ഭരിച്ചിരുന്നുവെന്ന് ചരിത്രാതീകാലത്തെ ഐതീഹ്യം മനോരസമുളവാക്കുന്ന കഥകളടങ്ങിയതാണ്. ലോകത്തെവിടേയും സംസ്കാരം നാമ്പെടുത്തിട്ടുള്ളത് നദിതീരങ്ങളിലാണ്. ഇന്ത്യയിൽ യമുനയുടെ തീരപ്രദേശവും ആ നിലയിൽ മഹത്വമേറിയതാണ്. അതുകൊണ്ടാണ് ഭരണകൂടങ്ങളും സാംസ്കാരിക പ്രബുദ്ധതയുള്ള ജനതയും അവിടെ നിലനിന്നത്. ആധുനിക ആഗ്രാ നഗരത്തിന്റെ സ്ഥാപകൻ സുൽത്താൻ സിക്കന്തറാണ്. തിമൂറിന്റെ കാലഘട്ടത്തെ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പേഴ്സ്യൻ ശില്പകലാസൌധങ്ങൾ പണിതുയർത്താൻ സിക്കന്തർ ശ്രമിച്ചു. 1503 – ൽ ആഗ്രാനഗരം പണിതുയർത്തുന്ന പ്രവൃത്തിയിൽ ഒരുലക്ഷം വേലക്കാർ വ്യാപൃതരായിരുന്നു. ഒന്നും രണ്ടും പാനിപ്പത്തുയുദ്ധങ്ങൾക്കുശേഷമാണ് ബേബർ ചക്രവർത്തിക്ക് തന്റെ അഭിലാഷമനുസരിച്ച് ആഗ്രയ്ക്കു മോടികൂട്ടുവാൻ കഴിഞ്ഞത്. ഇബ്രാഹിം ലോഡിയുടെ ആക്രമണങ്ങൾകൊണ്ട് സംഭവിച്ച നഷ്ടങ്ങൾ നികത്താൻ ബേബർ അനവരതം യത്നിച്ചതായി മുഗൾ വംശചരിത്രം വ്യക്തമാക്കുന്നുണ്ട്. ഒരു കവിയായിരുന്ന ബേബർ തലസ്ഥാനനഗരിയിൽ ലോകപ്രസിദ്ധമായ ഒരു പൂന്തോട്ടം നിർമ്മിച്ചു. കലാകാരന്മാരുടെ ഒരു സദസ്സ് പൂന്തോട്ടത്തിൽ രൂപംകൊണ്ടു. അവിടെ കാവ്യകലയെപ്പറ്റി ഗംഭീരങ്ങളായ ചർച്ചകളും കവിയായ ബേബർ ഏർപ്പടുത്തിയിരുന്നു. ബേബറിനുശേഷം ഹുമയൂൺ പിതാവിനെ പിന്തുടർന്നു കലാസൌധങ്ങൾ പണിതുയർത്തി. ഷാജഹാനേപ്പോലെ ഹൂമയൂണും ഒരു പ്രേമഗന്ധർവനായിരുന്നു. തന്റെ പ്രേമധാമമായ ഹമീദാബാനുവിന്റെ ഇംഗിതം എന്തായിരുന്നാലും അതിന്നായി ജീവൻ ബലികഴിക്കുവാൻ ഹൂമയൂൺചക്രവർത്തി തയ്യാറായിരുന്നു. പേഴ്സ്യൻ കവികളും ശില്പികളും മുഗൾവംശത്തിൽ നിന്ന് അടിത്തൂൺ പറ്റിത്തുടങ്ങിയതു ഹൂമയൂൺ ചക്രവർത്തിയുടെ കാലത്താണ്.

മുഗൾവംശപ്രതാപത്തിന്റെ ഉൾക്കനം എന്താണെന്ന് പ്രഖ്യാപിക്കുന്നത് ആഗ്രാ കോട്ടയാണ്. മുഗൾ വംശജന്മാരായ രാജാക്കന്മാരുടേയും റാണികളുടേയും വിഹാര രംഗമായിരുന്ന ആഗ്രാ കോട്ട പഴയകാലത്തെ അനുഭൂതികൾ അയവിറക്കി സുഷുപ്തിയിൽ ലയിച്ചിരിക്കുകയാണോ എന്ന് തോന്നിപ്പോകും. വളഞ്ഞുപുളഞ്ഞൊഴുകുന്ന യമുനയുടെ തീരത്തുതന്നെയാണ് ഈ കോട്ട നില്ക്കുന്നത്. രണ്ടുനിലയിൽ പണിതുയർത്തിയിരിക്കുന്ന ഈ കൂറ്റൻ ദുർഗ്ഗത്തിനകത്ത് മുന്നൂറ്റിയറുപത്തിരണ്ട് വർഷക്കാലം മുഗൾവംശ അസൂയാവഹമായ വിധത്തിൽ തങ്ങളുടെ

ആർഭാടജിവിതം നയിച്ചു. ശത്രുവിനെ തോല്പിക്കുവാനുള്ള തന്ത്രപ്രധാനങ്ങളായ എല്ലാ മാർഗ്ഗങ്ങളും കോട്ടയ്ക്ക് പുറത്തും അകത്തും കാണാം. ചുറ്റിലും കാണുന്ന ഗോപുരങ്ങളും ഗംഭീരങ്ങളായ പ്രവേശനദ്വാരങ്ങളും കോട്ടയുടെ അജയ്യമായ പ്രതാപത്തിന്നു മാറ്റുകൂട്ടിക്കൊണ്ടിരിക്കുന്നു. ഡൽഹി പ്രവേശനദ്വാരം അമാർസിംഗ് കവാടം, യമുനാ മുഖപ്രവേശം തുടങ്ങിയ നാലു വലിയ കോട്ടവാതിലുകളാണ് ആഴമുള്ള കിടങ്ങുകൾക്ക് മുകളിൽ പണിതിട്ടുള്ളത്. അമാർസിംഗ് പ്രവേശന ദ്വാരത്തിലൂടെയാണ് ഇപ്പോൾ സന്ദർശകർ പ്രവേശിക്കുന്നത്. ഇന്ത്യാ – പേഴ്സ്യൻ സംസ്കാരത്തിന്റെ സങ്കലിതരൂപം ഈ കോട്ടയിൽ എവിടേയും കാണാം. കലപ്രവീണന്മാരായ ചക്രവർത്തിമാരുടെ മനോവിലാസം മാർബിൾ കല്ലുകളിൽ രൂപം കൊണ്ടിട്ടുള്ളത് ഈ കോട്ടയ്ക്കുള്ളിലാണ്. ചക്രവർത്തിമാരുടെ കിരീടധാരണം നടന്നിട്ടുള്ളത് ഈ കോട്ടയ്ക്കുള്ളിലാണ്. ചക്രവർത്തിമാരുടെ കിരീടധാരണം നടന്നിട്ടുള്ളതും ഈ കോട്ടയുടെ അന്തർഭാഗത്തുകാണുന്ന ഡർബാർഹാളിലാണ്. കോട്ടയ്ക്കുചുറ്റും അമ്പതിനായിരം പട്ടാളക്കാർക്ക് രക്ഷാസങ്കേതങ്ങളുണ്ടായിരുന്നു. സന്ദർശകരെ അത്ഭുതപരതന്ത്രരാക്കുന്ന ഇരുട്ടറകളും ആഴമുള്ള നിലവറകളും ഈ കോട്ടയിൽ കാണാം. ഈ സങ്കേതങ്ങളെല്ലാം ചുവന്ന കല്ലുകൾകൊണ്ടാണ് നിർമ്മിച്ചിട്ടുള്ളത്. ഓരോ ചക്രവർത്തിക്കും പ്രധാന സുഖവാസഗേഹങ്ങളുണ്ടായിരുന്നു കോട്ടയിൽ. ജഹാംഗീർ മഹൽ മുഗൾവംശത്തിന്റെ സാംസ്കാരിക കേന്ദ്രമായിരുന്നു. ജഹാംഗീർ മഹളിലാണ് കവിയിത്രികളായിരുന്ന ലുൽഫിന്നസയും ജെഹന്നാരയും കാവ്യനിർമ്മിതിയിലേർപ്പെട്ടിരുന്നത്. 288 അടി നീളവും 268 അടി വീതിയുമുള്ള ഈ ഹാൾ നിറയെ കാഴ്ചവസ്തുക്കളാണുള്ളത്. വെട്ടിത്തിളങ്ങുന്ന മാർബിൾകല്ലുകൾ, സ്വർണ്ണം പൂശിയ അറകൾ, രത്നഖചിതങ്ങളായ ചുവരുകൾ (രത്നം ബ്രിട്ടീഷുകാർ കൊണ്ടുപോയി) രാജകുമാരികളുടെ കുളിമുറികൾ, പൂന്തോപ്പ് തുടങ്ങിയ കാഴ്ചകളും ഇവിടെയുണ്ട്. പേഴ്സ്യൻ ശില്പകലവിശിഷ്ട മാതൃകകൾ ഈ ഹാളിൽ നിറയെ കാണാം. യമുനയിൽ നിന്ന് അനേകം അടി ഉയരത്തിൽ വെള്ളം കൃത്രിമമായി കയറ്റി ജഹാംഗീർമഹളിലെ കുളിമുറിയിൽ എത്തിച്ചിരുന്നു. ഇന്നും എഞ്ചിനിയർമാർക്ക് പിടികിട്ടാതെയിരിക്കുന്ന ഒരു പ്രശ്നമാണിത്. അക്കാലത്ത് വിദ്യുഃഛക്തിയുണ്ടായിരുന്നില്ല. പക്ഷെ, എങ്ങിനെയാണിതു സംഭവിച്ചിരുന്നതെന്ന് ആലോചിച്ചാൽ ആർക്കും പിടികിട്ടുന്നില്ല നൂർജിഹാനും മുംതസ്ബീഗവും സ്നാത്തിന്നുപയോഗിച്ചിരുന്ന കുളിമുറി ഇപ്പോഴും ഒരു വിശിഷ്ട കാഴ്ചവസ്തുവായി സൂക്ഷിക്കപ്പെടുന്നു. വിവിധ വർണ്ണാലംകൃതമായ ആ കുളിമുറിയിൽ ജലത്തിൽ കൈകാലിട്ടടിക്കുമ്പോഴുണ്ടാകുന്ന വെളിച്ചം രത്നക്കല്ലുകളുടെ പ്രകാശവുമായി സമ്മേളിക്കുകകയും അവിടെ വിളക്കുകളുടെ സഹായമില്ലാതെ സ്നാനം നടത്തുകയും ചെയ്തിരുന്നുവത്രേ. സ്വർണ്ണം പൂശിയ ഈ കുളിമുറിയിൽ ഒരു തീപ്പെട്ടിക്കോലുരച്ചാൽ തേജോമയമായിക്കാണാം.

ഷാജഹാൻ ചക്രവർത്തി, ഉറങ്ങാൻ ഉപയോഗിച്ചിരുന്ന 'കാസ്മഹാൽ' ഇതിനടുത്താണ്. രാജ്യകാര്യങ്ങളെപ്പറ്റി ചർച്ചചെയ്യാനും രഹസ്യാലോചനകൾ നടത്താനും 'കാസ്മഹൽ' ഉപയോഗിച്ചിരുന്നു. പ്രിയപുത്രി സെനാനബീഗവുമായി തന്ത്രപ്രധാനങ്ങളായ രാജ്യകാര്യങ്ങൾ ഇവിടെ വെച്ചാണ് ചക്രവർത്തി ചർച്ച ചെയ്തിരുന്നത്. ഈ ഹാളിൽ ഒരു ചിത്രശാലയുണ്ടായിരുന്നു. ചിത്ര കലയിൽ അതീവതല്പരനായിരുന്ന ചക്രവർത്തിയുടെ പ്രദർശനശാല കൂടിയായിരുന്നു കാസ്മഹൽ ഇതിന് മുമ്പിൽ 'അംഗുരിബാഗ്' എന്ന ഒരു പൂന്തോപ്പ് കാണാം. പൂന്തോപ്പിന് നാലുചുറ്റും വളരെയേറെ ആഴമുള്ള മുറികൾ കാണാം. യമുനയുടെ തീരത്തുനിന്ന് കുളിർകാറ്റടിച്ചു കാലാവസ്ഥയെ

ക്രമപ്പെടുത്തുന്ന സമ്പ്രദായം ഇവിടെയുണ്ടായിരുന്നു. കണ്ണാടിയുടെ കോട്ട എന്നറിയപ്പെടുന്നു ഷീഷ്മഹലും ഇതിനടുത്താണ്. രണ്ടു ഹാളുകളും മാർബിൾ കുളങ്ങളും 'ഷീഷ്മഹലിൽ' കാണുന്നുണ്ട്. പ്രേമധന്യനായ ഷാജിഹാൻ ചക്രവർത്തി 1666 "സമ്മൻബർജ്" ദുഃഖമൂകമായി നിലകൊള്ളുന്നത് ഷീഷ്മഹലിനടുത്താണ്. ജഹാംഗീർ ചക്രവർത്തി തന്റെ പ്രേയസിക്കായി നിർമ്മിച്ച ഈ രമ്യഹർമ്മ്യം ഷാജിഹാന്റെ ദുരന്തമായ പ്രേമനാടകത്തിനുകൂടി സാക്ഷ്യം വഹിച്ചു. ഈ ഹർമ്മ്യത്തിലിരുന്നാൽ യമുനയുടെ മറുകരയിൽ നിശ്ശബ്ദതയെ പുണർന്നുകഴിയുന്ന ടാജ്മഹാൾ ചക്രവർത്തിക്ക് കാണാമായിരുന്നു. ആ പ്രേമസ്മാരകം കണ്ടുകൊണ്ടാണ് ഷാജിഹാൻ ചക്രവർത്തി തന്റെ അവസാനകാലങ്ങൾ തള്ളിനീക്കിയത്. തന്റെ ജീവിതത്തിലെ മഹത്തായ സംഭവങ്ങൾ ചക്രവർത്തി സ്നേഹസമ്പന്നയായ പുത്രി ജഹന്നാരയ്ക്ക് പറഞ്ഞുകൊടുത്തിരുന്നു. വിലയേറിയ മാർബിൾ കല്ലുകളാണ് മുല്ലപ്പൂഗോപുരമെന്നറിയപ്പെടുന്ന "സമ്മൻബർജിൽ" പതിച്ചിട്ടുള്ളത്. ചക്രവർത്തി സായാഹ്ന വിശ്രമത്തിനിരിക്കുന്ന മണ്ഡപത്തിൽ പേഴ്സ്യൻ രത്നങ്ങൾ പതിച്ചിരുന്നു. ഈ ഗോപുരത്തിൽനിന്ന് കോട്ടയുടെ പ്രധാന ഭാഗങ്ങളിലേയ്ക്ക് പ്രവേശിക്കുവാനുള്ള കവാടങ്ങൾ നിർമ്മിച്ചിരുന്നു. അവയിൽ ചിലത് ഇപ്പോൾ അടച്ചു പൂട്ടിയിരിക്കുകയാണ്. ഡർബാറിലേയ്ക്ക് പുറപ്പെടുന്നതിനു മുമ്പ് ഈ ഗോപുരം സന്ദർശിച്ചിരുന്നു. വിശുദ്ധ കേന്ദ്രമായി ഈ മണ്ഡപം പരിഗണിക്കപ്പെട്ടു. ജഹന്നാരബീഗത്തിന്റെ കവിതയും പ്രേമവും പൊട്ടിവിടർന്നതും ഈ മണ്ഡപത്തിൽ വെച്ചാണ്. ഷാജിഹാൻ തന്റെ കനിഷ്ഠപുത്രി റോഷ്നാരബീഗത്തിന് പണിയിച്ചുകൊടുത്ത സ്വർണ്ണമണ്ഡപം മറ്റൊരു കാഴ്ചയാണ്. കാസ്മഹലിന്റെ ദക്ഷിപാർശ്വത്തിൽ സ്ഥിതിചെയ്യുന്ന ഈ സ്വർണ്ണമണ്ഡപത്തിന്റെ നിർമ്മാണത്തിൽ കൊട്ടാരത്തിലെ രാജകുമാരിമാരും തോഴികളും പങ്കെടുത്തിരുന്നു. പഞ്ചലോഹങ്ങൾ കൊണ്ട് നിർമ്മിച്ച തൂണുകളും, മാർബിളും ചെമ്പുംകൂടി ഒട്ടിച്ച തറയും ഈ മണ്ഡപത്തിന്റെ പ്രത്യേകതയാണ്. ഇവിടെ പ്രസിദ്ധ പാരസിക കവിയായരുന്ന ഹാഫിസിന്റെ കവനശകലങ്ങൾ കൊത്തിവെച്ചിരുന്നു. സ്വർണ്ണം പൂശിയ നിറം പിടിപ്പിച്ചിരുന്ന ആ കാവ്യശകലങ്ങൾ പൂനിലാവിൽ വെട്ടിത്തിളങ്ങിയിരുന്നുവത്രെ. അതാവർത്തിച്ചു പാടുന്നതിൽ റോഷ്നാര താല്പര്യം പ്രകടിപ്പിച്ചിരുന്നു. രാജകീയാജ്ഞകൾ പുറപ്പെടുവിച്ചിരുന്ന 'ദിവാനികാസി'ന്റെ അടിത്തറയ്ക്ക് വലിയ കേടുകളൊന്നും പറ്റാതെ ഇപ്പോഴും കാണാം. 1637 – ൽ ഷാജിഹാൻ നിർമ്മിച്ച ഈ തന്ത്രകാര്യാലയത്തിലാണ് തദനന്തരമുള്ള മുഗൾഭരണപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടത്. ദിവാനികാസിന്റെ പശ്ചിമപാർശ്വത്തിൽ ചക്രവർത്തി നമസ്കരിച്ചിരുന്ന 'മിനാർമസ്ജിദ്' നില്ക്കുന്നു. ഉത്തരപാർശ്വത്തിൽ ചക്രവർത്തിയുടെ കുളിമുറിയുടെ നഷ്ടാവശിഷ്ടങ്ങൾ കാണാം. ലോർഡ് ബെൻറിക്ക് ആ കുളിമുറിയിലെ വിലപിടിപ്പുള്ള ഫൌണ്ടൻ ലേലം ചെയ്തു വിറ്റു. രാജകീയപ്രതാപത്തെ വിളിച്ചറിയിക്കുന്ന ഇതിന്റെ മണ്ഡപത്തിലുണ്ടായിരുന്ന ലോഹത്തൂണുകളും ബ്രിട്ടീഷുകാർ പിഴുതുകൊണ്ടു പോയിട്ടുണ്ട്. ജഹാംഗീർ ചക്രവർത്തി നിർമ്മിച്ച രാജകീയ സിംഹാസനം വിശാലമായ കാഴ്ചസ്ഥലമാണ്. ഈ സിംഹാസാങ്കണത്തിൽ നിരവധി യുദ്ധങ്ങൾതന്നെ നടന്നിട്ടുണ്ടത്രെ. അനേകം സന്ധിയും സമരവും കണ്ട് തഴമ്പിച്ച മണ്ഡപമാണിത്. ഇതിനടുത്ത് രാജാക്കന്മാർ വിനോദാർത്ഥം നടത്തിയിരുന്ന 'ഫിഷ്പാലസും' ഉണ്ട്. ചുവന്ന ഇഷ്ടികകൊണ്ട് നിർമ്മിച്ച് വെള്ളനിറത്തിൽ രൂപഭംഗിവരുത്തിയിട്ടുള്ള 'ദിവാനിആം' എന്ന പൊതുമണ്ഡപം പ്രത്യേക

ആവശ്യങ്ങൾക്കായി ഇപ്പോൾ ഉപയോഗിക്കുന്നുണ്ട്. അക്ബർ ചക്രവർത്തി നിർമ്മിച്ച ഈ വിശാല മണ്ഡപത്തിലാണ് ഇന്ത്യ സന്ദർശിക്കുന്ന പ്രശ്സ്താതിഥികളുടെ ബഹുമാനാർത്ഥം സ്വീകരണം നടത്തുന്നത്. ഇതിന് സമീപം അറംഗസീബ് ചക്രവർത്തി നിർമ്മിച്ച 'നാഗിനമസ്ജിദ്' സ്ഥിതിചെയ്യുന്നു. ഈ നാഗിനമസ്ജിന്റെ ഒരു ഭാഗത്തുകൂടി സ്ത്രീകൾക്ക് സ്വർണ്ണകമ്പോളത്തിലേയ്ക്ക് പ്രവേശിക്കാൻ പ്രത്യേക സ്ഥലം ഈ കോട്ടയ്ക്കകത്തുണ്ടായിരുന്നു. ഷാജിഹാൻ നിർമ്മിച്ച 'മോട്ടിമസ്ജിദ്' കൂടിയായാൽ ആഗ്രാ കോട്ടയിലെ ഏതാണ്ടൊരു രൂപമായി. 1684 ൽ ഷാജിഷാൻ നിർമ്മിച്ച ഈ പ്രാർത്ഥനാലയം കാലാന്തരത്തിൽ ബ്രിട്ടീഷുകാരുടെ വിശ്രമകേന്ദ്രമായിത്തീർന്നു. ചരിത്രസ്മാരകങ്ങൾ രക്ഷിക്കാനുള്ള നിയമം ബലത്തിൽ വരുന്നതുവരേയും യൂറോപ്യൻ പട്ടാള ഉദ്യോഗസ്ഥന്മാരുടെ കൂത്താട്ടത്തിന്റെ കേന്ദ്രങ്ങളായിരുന്നു ഈ സ്ഥലങ്ങൾ. 1857 –ലെ സ്വാതന്ത്ര്യസമരകാലത്ത് ആഗ്രാകോട്ട തടവുകാരുടെ കേന്ദ്രമായി മാറി. ഇതിലെ 'ദിവാനിആം' എന്ന മണ്ഡപത്തിൽ വെച്ച് ബ്രിട്ടീഷുകാരുമായി യുദ്ധം ചെയ്ത് നിരവധി ഇന്ത്യക്കാർ വീരചരമമടഞ്ഞു. ബഹദൂർഷാ ഏതാനും ദിവസം മുഗൾചക്രവർത്തിയായി ആഗ്രാകോട്ടയിൽ സിംഹാസനാരൂഢനായി. കൈവിട്ടുപോയ സുവർണ്ണയുഗം പടുത്തുയർത്തുവാൻ സ്വാതന്ത്ര്യസമരത്തിലെ ആ വീരസേനാനി ശ്രമിച്ചു. പക്ഷേ, ഹതഭാഗ്യനായ ആ വൃദ്ധകേസരിയെ ബ്രിട്ടീഷുകാർ ബന്ധനസ്ഥനാക്കി നാടുകടത്തി വധിച്ചു. അതോടെ മുഗൾപാരമ്പര്യം ഇന്ത്യയിൽ അധഃപതിച്ചു.

ആഗ്രയിലെ ഭുവനപ്രസിദ്ധമായ താജ്മഹാളും ഇരുപത്തിരണ്ട് മൈൽദൂരത്തിൽ സ്ഥിതിചെയ്യുന്ന അക്ബർ ചക്രവർത്തിയുടെ "ഫത്തഫൂർസിക്രി,,യിലെ ഗോപുരങ്ങളും മഹാനായ ആ ചക്രവർത്തി അന്ത്യവിശ്രമം കൊള്ളുന്ന 'സിക്കന്തറയും' ജിജ്ഞാസുക്കളുടെ ഹൃദയത്തിന്നാനന്ദവും വിജ്ഞാനവും നൽകുന്ന ചരിത്രസ്മാരകങ്ങളാണ്. മുംതസ് ബീഗത്തിന്റെ നിഷ്ക്കളങ്കപ്രേമം വഴിഞ്ഞൊഴുകുന്ന ടാജിൽ നിന്ന് സിക്കന്തറയിൽ എത്തുമ്പോൾ ഒരുൾക്കിടിലം അനുഭവപ്പെടുന്നു. സിക്കന്തറയിൽ വിശ്രമം കൊള്ളുന്നത് അശോകനുശേഷം ആ മഹത്തായ പദവി കരസ്ഥമാക്കിയ പ്രതാപശാലിയായ അക്ബറാണ്. പ്രേമസ്മാരകങ്ങലും പ്രതാപശാലികളുടെ ശ്മശാനമണ്ഡപങ്ങളും നിറഞ്ഞുനിൽക്കുന്ന ആഗ്ര ഇന്ന് അഭയാർത്ഥികളുടെ കേന്ദ്രമാണ്. നീതിക്കും സത്യസന്ധതയ്ക്കുംവേണ്ടി ജീവിതകാലം പടപൊരുതിയിട്ടുള്ള മുഗൾ മഹാരഥന്മാരുടെ ശ്മശാനഭൂവിൽ ഇപ്പോൾ കുരങ്ങുകളും കഴുതകളും ഒട്ടകങ്ങളും മേഞ്ഞുകളിക്കുകയാണ്! ആഗ്രയിൽ നിന്ന് അക്ബറിന്റെ ശവകുടീരം കാണാൻ പോകുന്ന ഒരു സന്ദർശകനെ, തകർന്ന മുഗൾ കോട്ടകൾ ഇരുനൂറുവർഷങ്ങൾക്കപ്പുറത്തുള്ള മുഗിളസാമ്രാജ്യത്തിലേയ്ക്ക് പിടിച്ചുവലിക്കും. ചിന്തിപ്പിക്കുന്ന ചരിത്ര സത്യങ്ങളുടെ കലവറയായി ആഗ്രാനഗരം ആ പഴയകാല പ്രതാപം വീണ്ടെടുക്കുമോ? വീണ്ടെടുത്തില്ലെങ്കിലും ഇന്ത്യയെപ്പറ്റി അറിയുവാൻ ആഗ്രഹിക്കുന്നവർക്ക് ആഗ്ര കാണാതെ തരമില്ല. മുഗൾ സാമ്രാജ്യത്തിന്റെ ശാക്തികസംഭവങ്ങൾ ചിറകറ്റുകിടക്കുന്ന ആഗ്രാനഗരം ഇന്ത്യയുടെ ശില്പകലയുടേയും സാംസ്കാരിക പ്രവണതകളുടേയും നാടാണ്. ഹൈന്ദവ – ഇസ്ലാം സംസ്കാരം സമ്മോഹനമായി കൂടിച്ചേരുന്ന ആഗ്രാനഗരം ആധുനിക ഇന്ത്യയുടെ ഐക്യപ്രവൃദ്ധതയുടെ വിളനിലമാണ്. അവിടെ മണ്ണടിഞ്ഞുകിടിക്കുന്ന സാഹോദര്യത്തിന്റേയും സത്യസന്ധതയുടേയും സ്നേഹവായ്പിന്റേയും മഹൽസിദ്ധികൾ സിദ്ധവൽക്കരിച്ചുകാണിക്കാൻ വസ്തുനിഷ്ഠമായ ചരിത്രനിർമ്മാണം ആരംഭിക്കണം. മുഗൾസാമ്രാജ്യസങ്കേതം അതിന് പ്രചോദനം നൽകും.

# ചരിത്രത്തിന്റെ മുഖ്യധാശരമ

ചരിത്രനിർമ്മാണം പ്രാചീന ഗ്രീക്കുകാരുടെ ഒരു കലാവിനോദമായിരുന്നു. കാലഗതിക്കനുസരിച്ച് ചരിത്രനിർമ്മാണ മാർഗ്ഗത്തിന് മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിലും പുരാതന ഗ്രീക്ക് ദാർശനികന്മാരുടെ ചട്ടക്കൂട്ടിൽനിന്നുതന്നെയാണ് ഇന്നും ചരിത്ര അന്വേഷകർ ലോക സംഭവങ്ങളെ വീക്ഷിക്കുന്നത്. ജിജ്ഞാന അഥവാ അന്വേഷണത്തിൽ നിന്ന് സംജാതമാകുന്ന പരിജ്ഞാനം എന്നർത്ഥം വരുന്ന 'ഹിസ്റ്റോറിയ' (Historia) എന്ന ഗ്രീക്കുപദത്തിൽ നിന്നാണ് 'ഹിസ്റ്ററി' (History - ചരിത്രം) ഉത്ഭവിച്ചത്. "ജിജ്ഞാസയാലുളവാകുന്ന ഫലങ്ങളുടെ ആവിഷ്കരണമെന്നും വിസ്മരിക്കപ്പെട്ട വാർത്തകളുടെ ക്രോഡീകരണമെന്നും" ചരിത്രത്തെ പ്ളൂട്ടാർക്കും പോളീബിയസ്സും നാമകരണം ചെയ്തു. ചരിത്രത്തിന്റെ പിതാവെന്നറിയപ്പെടുന്ന ഹെരോഡോട്ടസ്സിന്റെ വിശ്വോത്തരകൃതി പ്രസ്തുത നിർവ്വചനത്തെ സാക്ഷാത്കരിച്ചു. പുരാതന റോമാക്കാരുടെ നിഗമനം കുറച്ചുകൂടി വ്യത്യാസപ്പെട്ടതാണ്. കഴിഞ്ഞകാല സംഭവങ്ങളുടെ ഒരു വിവരണം, മനുഷ്യന്റെ ബുദ്ധിപരമായ പ്രവർത്തനത്തിന്റെ ഒരു രേഖ, മഹത്വമേറിയ പ്രാചീന തലമുറയിലേയ്ക്കൊരെത്തിനോട്ടം, സർവ്വോപരി ഒഴുക്കുള്ള സാഹിത്യസൃഷ്ടി എന്നെല്ലാമാണ് റോമാക്കാരുടെ നിർവ്വചനങ്ങൾ.

മദ്ധ്യകാലഘട്ടത്തിൽ ചരിത്രനിർമ്മാണത്തിൽ ആദ്ധ്യാത്മികശക്തി തലയുയർത്തിയതായി കാണാം. അക്കാലത്തെ ചരിത്രവിദ്യയെ ആദ്ധ്യാത്മിക പ്രചരണത്തിന്റെ ഭാഗമായി ചിലർ ഗണിച്ചു. അതിനൊരു തെളിവാണ് ഒറോസിയസിന്റെ ചരിത്രരേഖകൾ. അച്ചടിയന്ത്രം ആരംഭിച്ചതോടുകൂടി ചരിത്രനിർമ്മാണത്തിന് ചില മാറ്റങ്ങൾ വന്നു. പൂർവ്വികന്മാരുടെ രേഖകൾ വള്ളിയും പുള്ളിയും കളയാതെ പകർത്തിയിരുന്നതിനെല്ലാം പൊളിച്ചെഴുത്താരംഭിച്ചു. പകർത്തൽ പ്രസ്ഥാനം പോയതോടുകൂടി അനവധി ഗ്രന്ഥകാരന്മാരുടെ അഭിപ്രായങ്ങളെപ്പറ്റി പഠനം നടത്തി സ്വീകാര്യമായതെടുത്ത് ഗ്രന്ഥനിർമ്മാണം തുടങ്ങി. ദേശങ്ങളുടെ സ്വഭാവമനുസരിച്ച് ഈ പരിവർത്തനം ചരിത്രത്തെ പുതിയ പന്ഥാവിലേയ്ക്ക് നയിച്ചു. അന്വേഷണത്തിന്റെ ഉദ്ഘാടനം നടത്തിയ സെനഫോണിന്റെ മാർഗ്ഗത്തിൽ വിമർശനത്തിന്റെ പ്രകാശം പരത്തിയ ചിന്തകന്മാർ തൂലികയുമായി വന്നപ്പോൾ ഒരു പുതിയ ഭാവവും രൂപവും ചരിത്രത്തിന്നുണ്ടായി. ക്രിസ്ത്വഹാദാരംഭത്തോടുകൂടി സാന്മാർഗ്ഗിക പ്രവണതകൾക്കും തത്വപ്രതിപാദനത്തിനും ചരിത്രത്തിൽ മഹത്തായ സ്ഥാനം ലഭിച്ചു. യഥാർത്ഥത്തിൽ ആറു നൂറ്റാണ്ടുകൾക്ക് ശേഷമാണ് ചരിത്രത്തെ ഒരുപകരണമായി അസ്സീറിയക്കാരും ഈജിപ്ത്കാരും എടുത്തു പ്രയോഗിച്ചത്. ഈജിപ്ഷ്യൻ ഭരണകൂടം ചരിത്രനിർമ്മാണത്തെ പരിശോധിപ്പിക്കുവാൻ വലിയ തോതിലുള്ള പരിപാടികളിട്ടു. ചരിത്രാന്വേഷകന്മാരുടെ "സഞ്ചാരക്കപ്പലുകൾ" അക്കാലത്താണ് പുറംനാടുകളിലേയ്ക്ക് പോയത്. ആധുനിക ചരിത്രകലയുടെ ഉപജ്ഞാതാവായ ഇബ്നുൽഖൽത്തൂൺ (ടുണീഷ്യ –1345) തന്റെ ഗ്രന്ഥങ്ങളിൽ ചരിത്രനിർമ്മാണ്തിന്റെ അതുവരെയുള്ള  ഗതിയെപ്പറ്റി സവിസ്താരം പ്രതിപാദിച്ചു. പുതിയ നിർമ്മാണ മാർഗ്ഗം ഉദ്ഘാടനം ചെയ്തു. ഭൂമിശാസ്ത്രപഠനം ചരിത്രനിർമ്മാണത്തിന് അത്യന്താപേക്ഷിതമാണെന്ന് സമർത്ഥിച്ചത് ഇബ്നുൽഖൽത്തൂണാണ്.

പതിനെട്ടാം നൂറ്റാണ്ട് ചരിത്രത്തെ സംബന്ധിച്ചിടത്തോളം വിമർശനത്തിന്റെ തീപ്പന്തമുയർത്തിയ കാലമാണ്. റസ്തേയാണ് ഈ വിമർശനത്തിന് നേതൃത്വം നൽകിയത്. "അശ്രദ്ധമായ കുട്ടിക്കളി,,യാണ് ചരിത്രത്തിൽ നടക്കുന്നതെന്നും, വർണ്ണത്തിനൊത്ത് ചരിത്രമെഴുതുന്ന സമ്പ്രദായം നിർത്തണമെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു. ഗിബ്ബനും മെക്കോളയും റസ്തേയുടെ വാദമുഖങ്ങളെ ഖണ്ഡിച്ചു ചരിത്രനിർമ്മാതാവായ ടെയിനിന്റെ ഭാഷയിൽ ഗിബ്ബൻ പറഞ്ഞു. ഭക്ഷണം രുചിയുള്ളത് മാത്രമായാൽ പോരാ – പോഷകാംശം കൂടിയുള്ളതായിരിക്കണം,, ബൂറിയെപ്പോലുള്ളവർ ചരിത്രത്തെ ഏറ്റക്കുറച്ചിലില്ലാത്ത ശാസ്ത്രമെന്നും ജെ.ബി. ബ്ലാക്കിനെപ്പോലുള്ളവർ കേവലം കലമാത്രമാണ് ചരിത്രമെന്നും വ്യാഖ്യാനിച്ചു. ഫ്രഞ്ചു പഴഞ്ചൊല്ലുകൾ ഉദ്ധരിച്ചുകൊണ്ട് ചിലർ "ചരിത്രമില്ലാത്ത രാഷ്ട്രം അടിവേരുകളില്ലാത്ത വൃക്ഷ,,മാണെന്നും പറഞ്ഞു. ചരിത്രമില്ലാത്ത ഒരു രാഷ്ട്രവുമില്ലയെന്നത് യാഥാർത്ഥ്യമാണ്. ചരിത്രകാരന്മാരിൽ ചിലർക്ക് ഭൂതകാല സംഭവങ്ങളെപ്പറ്റിയാണാലോചിക്കുന്നതിൽ കൂടുതൽ താല്പര്യമെന്ന് ഫ്രീമെൻ "കഴിഞ്ഞകാല സംഭവങ്ങൾ,, എന്ന പുസ്തകത്തിൽ ഊന്നിപ്പറയുന്നു. "വർത്തമാനകാലത്തിലെ സ്വപ്നസഞ്ചാരികളാ,,യിട്ടാണ് ചരിത്രകാരന്മാർ കഴിയുന്നതെന്ന് സർ ജോൺസിലി കല്പിച്ചു. ചരിത്രം പ്രായോഗിക രാജ്യതന്ത്രിലെ ബന്ധത്തെ ഇല്ലാതാക്കിയാൽ ഒരു സാഹിത്യകൃതിയായി മാത്രം അവശേഷിക്കുന്നുവെന്നും ചരിത്രത്താൽ സ്വതന്ത്രമാക്കപ്പെട്ട രാഷ്ട്രം പ്രാകൃതമാണെന്നും 'ഡിൻഇഞ്ചിനും' വാദിക്കുന്നു. ചരിത്രകാരന്മാരെ പിന്നോട്ടു നോക്കുന്ന പ്രവാചകന്മാരായിട്ടും പുരാതന ചരിത്രസംഭവങ്ങളെ അംഗീകരിക്കപ്പെട്ട കെട്ടുകഥകളുമായിട്ടാണ് സ്ലെഗനും, ആക്ടനും രേഖപ്പെടുത്തിയത്. പൂർവ്വകാല ചരിത്രമെന്നാൽ സംഭവിച്ചിട്ടില്ലാത്ത കെട്ടുകഥകളാണെന്ന നിഷേധാത്മകാഭിപ്രായമാണ് ഡീൻ ഇഞ്ചിന്റേത്. ബനഡറ്റോക്രോച്ചോ സമകാലീന സംഭവങ്ങളെ മാത്രമേ പഠിക്കാൻ കൊള്ളാവുന്നവയായി എണ്ണിയിട്ടുള്ളു. മഹാനായ എമേഴ്സൻ കൂടി വാദിച്ചതും ചരിത്രത്തിന്റെ ഉപയോഗം വർത്തമാനകാലത്തിന് മൂല്യം നിർണ്ണയിക്കലാണെന്നാണ്.

ആർതർ ഹെൽപ്സ് ദേശീയചരിത്രത്തിനുവേണ്ടിയാണ് നിലകൊണ്ടത്. രാഷ്ട്രീയ പ്രവർത്തനത്തിനുള്ള വിവരണപത്രികയും, സ്ഥലകാലങ്ങൾ തിരിച്ചറിയുന്നതിനുള്ള ഒരു യന്ത്രവുമാണ് ചരിത്രം എന്നദ്ദേഹം അഭിപ്രായപ്പെട്ടു. ഇങ്ങനെയുള്ള വിവരണം ജോൺവാർഡിന് തീരെ പിടിച്ചില്ല. "ആ വിധത്തിൽ ആരംഭിക്കുന്ന ചരിത്രം കെട്ടുകഥകളുടെ അസ്ഥിവാരത്തിലെഴുതിയ ഒരു നോവൽ മാത്രമാണന്നാണ്" അദ്ദേഹത്തിന് പറയാനുള്ളത്. പരിഷ്കാരത്തിന്റെ ഐക്യത്തിലാണ് ഗിബ്ബ് ചരിത്രപഠനത്തിനുള്ള താക്കോൽ കണ്ടെത്തിയത്. പാസ്ക്കലാണെങ്കിലും "എന്നെന്നും ജീവിക്കുകയും എകാകിയായി എല്ലാം നോക്കിക്കാണുകയും ചെയ്യുന്ന ഒരു മനുഷ്യനോട്" ചരിത്രത്തെ ഉപമിച്ചിരിക്കുന്നു. എച്ച്. ജി. വെത്സ് 'ചരിത്രമെന്നാൽ ഒരേ കലോകഘടനയെന്നാർത്ഥ'മെന്ന് ഉൽഘോഷിച്ച ഫ്രഞ്ചു വിപ്ലവചരിത്രമെഴുതിയ കാർലൈനും, റോമാസാമ്രാജ്യത്തിന്റെ അധഃപതനവും നാശവുമെഴുതിയ ചരിത്രകാരന്മാരും വളരെയധികം വിമർശനങ്ങൾക്ക് വിധേരായി കാർലൈൻ അത്തരം വിമർശനങ്ങൾക്ക് വിധേയരായി കാർലൈൻ അത്തരം വിമർശകന്മാർക്ക് മറുപടി ഒറ്റവാക്കിൽ പറഞ്ഞു. 'അപമാനങ്ങളുടെ വിഷകുംഭം ചുമക്കുന്ന നിങ്ങളുടെ മുതുകെല്ലുകൾ ഞങ്ങളുടെ മുമ്പിൽ

വളഞ്ഞുതുടങ്ങിയിരിക്കുകയാണ്'. വീരാരാധനയിൽ മുഴുകിയ കാർലൈൻ ചരിത്രനിർമ്മാതാക്കളുടെ പട്ടികയിൽ പെടുന്നുണ്ട്. 'അസംഖ്യം ജീവചരിത്രങ്ങളുടെ സത്ത'യെന്നും 'യഥാർത്ഥമായ കവിത'യെന്നും, 'പരിശീലനംകൊണ്ട് പഠിക്കാവുന്ന തത്വശാസ്ത്ര'മെന്നും മറ്റും കാർലൈൻ തന്നെ ചരിത്രത്തെ പുകഴ്ത്തിയിട്ടുണ്ട്. ആഗസ്റ്റീൻ ബീറലിൻ പുച്ഛമായി ചരിത്രത്തിന്നെതിരായി ശകാരവർഷം ചൊരിഞ്ഞ വ്യക്തിയാണ്. 'ചരിത്രത്തിൽ ചുമല്ക്കാരമല്ലാതെ എന്താണുള്ളത്?' എന്നാണദ്ദേഹം ചോദിച്ചത്. ഹിലേയർ ബല്ലക്ക്, 'വായിക്കാൻ കൊള്ളാവുന്ന ചരിത്രം സംഗീതാത്മകമായ നാടകമാണോ?' എന്നാണ് ഹാസ്യാത്മകമായി ചോദിച്ചത്. മഹത്തായ ഗ്രന്ഥങ്ങൾ മറ്റാർക്കും അനുകരിക്കാൻ സാധിക്കാത്ത ശൈലിയിലെഴുതിയിട്ടുള്ള ഗിബ്ബൻ ഗോൾഡ് സ്മത്തിനെപ്പോലെ ചരിത്രത്തെ മനുഷ്യവർഗ്ഗത്തിന്റെ കുറ്റങ്ങളുടേയും കുറുവകളുടേയും ദൗർഭാഗ്യങ്ങളുടേയും പട്ടികയായാണ് ചിത്രീകരിച്ചത്. പ്രസിദ്ധനായ വോൾട്ടയർ തന്റെ സമകാലികരുടെ ചരിത്രനിർമ്മാണത്തെ ശക്തിയുക്തം വിമർശിച്ചു. 'കുറ്റങ്ങളും കുറവുകളും മാത്രം കാണുന്നത് ചരിത്ര'മാണെന്ന് പറയാൻ വോൾട്ടയർ തയ്യാറായില്ല.

വില്യംകൂപ്പർ വേഡ്സ്വത്ത് ചരിത്രത്തെപ്പറ്റി പറഞ്ഞ അഭിപ്രായം കവിതാത്മകഭാഷയിൽ രൂപപ്പെടുത്തി. 'ചിലർ മഹാസമരങ്ങളുടേയും മഹോത്സവങ്ങളുടേയും അതിൽ പങ്കെടുത്ത നായകന്മാരുടേയും ചരിത്രമെഴുതുന്നു. മാത്രമമല്ല ആ പാഴ്വേലയെ ചരിത്രമെന്നു വിളിക്കുകയും ചെയ്യുന്നു'. വാൾപോൾ ഒന്നാമനും വേഡ്സ്വത്തിന്റെ ചേരിയിലായിരുന്നു. 'ചരിത്രമൊഴിച്ച് ബാക്കി എന്തായാലും ശരിയായിരിക്കാം. എന്തുകൊണ്ടെന്നാൽ ചരിത്രം മിക്കവാറും സുന്ദരമായ നുണയായിരിക്കും'. വാൾപോൾ ഒന്നാമനെ പിന്തുടർന്നുവരെ പിന്നെയും കാണാം. ആഡിയാഡ് ഒരിക്കൽ ഇങ്ങനെയെഴുതി: 'കെട്ടുകഥ സത്യത്തിന്റെ കനിഷ്ഠസഹോദരിയാണെന്ന് കാര്യം വ്യക്തമാണ്. ഒരാൾ ഒരു കഥ പറയുന്നതിനുമുമ്പ് സത്യമെന്താണെന്ന് ആരുമറിഞ്ഞിരുന്നില്ല. അതുകൊണ്ട് എല്ലാ കലകളേക്കാളും വയസ്സു കൂടുതൽ ചരിത്രത്തിന്റെ മാതാവിനാണ്." 'പൊൻപൂശിയ ചതിയാണ് ചരിത്ര'മെന്ന് കവിയായ കീറ്റ്സ് ആവലാതിപ്പെട്ടു. മെക്കോള ചരിത്ര ആദർശത്തിന്റെ പേരിലാണ് പഠിച്ചത്. കവിതയും തത്വശാസ്ത്രവും ചരിത്രത്തിലുണ്ടെന്ന് മെക്കോളെ വിശ്വസിച്ചിരുന്നു. ഫ്രഡറിക്ക് ഹാരിസൺ ഉജ്ജ്വലവും വിദഗദ്ധവുമായ ഉള്ളടക്കം ചരിത്രത്തിന് ഹാരിസൺ ഉജ്ജ്വലവും വിദഗ്ദ്ധവുമായ ഉള്ളടക്കം ചരിത്രത്തിന് ഹാനിയാണെന്നും ഒരുപക്ഷെ ചോദ്യചെയ്യപ്പെട്ടേയ്ക്കുമെന്നും പറഞ്ഞിരുന്നു. പക്ഷെ ഒരൊറ്റ ചരിത്രവും ആവേശം നിറഞ്ഞ ഭാഷയിലല്ലാതെ ആരേയും ആകർഷിച്ചിരുന്നില്ലെന്നു സ്മരിക്കണം. ഹാരിസന്റെ ഗുരുനാഥനായ ബൌണിംഗ് ചരിത്രത്തെ മനുഷ്യത്വത്തിന്റെ മതമായംഗീകരിച്ചിരുന്നു. ഫ്രായിഡും സ്മിത്തും നീതിശാസ്തപരമായ ഒരു യാഥാർത്ഥ്യമാണ് ചരിത്രമെന്ന് ഊന്നിപ്പറഞ്ഞവരാണ്.

കഴിഞ്ഞപോയ ചരിത്രങ്ങളെല്ലാം തെറ്റും ശരിയും തമ്മിലുള്ള ഒരു വടംവലിയായിരുന്നെന്നും അതിനിടയ്ക്ക് മദ്ധ്യസ്ഥത വഹിക്കുന്നവരായിരുന്നു അതിലെ നായകന്മാരെന്നും ബർക്ക് അഭിപ്രായപ്പെടുന്നു. എന്നാലും ദീർഘദർശനം ചെയ്യാൻ കഴിവുള്ള ഒരുപദേശകനാണ് ചരിത്രമെന്ന് അദ്ദേഹം സമർത്ഥിച്ചു. മനോഹരമായ ഒരു ചരിത്രസൃഷ്ടിയുണ്ടാക്കാൻ വികാരങ്ങളെ ആത്മസംയമനം

ചെയ്യാതെ തരമില്ലെന്നാണ് തിയേഴ്സന്റെ മതം. എല്ലാചരിത്രങ്ങളിലും ജനതയുടെ സ്വാതന്ത്ര്യാഭിലാഷം നിഴലിച്ചുനിൽക്കുന്നു. അതുകൊണ്ട് ചരിത്രത്തെ ചുമ്മാ തള്ളിക്കളയാൻ സാദ്ധ്യമല്ലെന്നാണ് ഹ്റീമാന്റെ നോർമ്മൻ ആക്രമണത്തെ പ്രശംസിച്ചുകൊണ്ട് ജെ. ആർ. ഗ്രിൻഡ് അഭിപ്രായപ്പെട്ടത്. ഡാക്ടർ ആർനോൾഡ്, ചരിത്രത്തെ ജീവനുള്ള ശിലാസ്തൂപമായും ജനസാമാന്യത്തിന്റെ പുരോഗതിയുടെ അടിക്കല്ലായും, മോൺ ഹാംബർട്ടി നടന്ന സംഭവങ്ങളുടെ സുന്ദര രൂപമായും, പ്രൊഫസർ പ്ലീൻട് മനുഷ്യനുള്ള എല്ലാ വികാരങ്ങളുടേയും പ്രതിഫലനമായും, ക്രിഗ്ടൺ മാനുഷിക മണ്ഡലത്തിന്റെ രേഖയായും, സീസറോ സത്യത്തിന്റെ സ്ഫുലിംഗമായും, പ്ലിനി രണ്ടാമൻ എത്ര വായിച്ചാലും മതിവരാത്ത സംഭവ രൂപമായും നിർവ്വചിച്ചിരിക്കുന്നു. വില്യം ബ്ലാക്കിന് ചരിത്രകാരന്മാരോട് ഒരപേക്ഷയുണ്ട്; നിങ്ങൾ എന്തുപറയുന്നുവെന്നോ, എന്തിനെപ്പറ്റി പറയുന്നുവെന്നോ ഞങ്ങൾക്കറിയേണ്ട. പക്ഷെ എങ്ങനെയാണ് പറയാൻ സാധിച്ചതെന്ന് വ്യക്തമാക്കണം എന്നുമാത്രം. ഗാർഡിനർ ചരിത്രകാരന്മാർ സത്യസന്ധന്മാരായിരിക്കണമെന്നും, മറ്റോർണിച്ചിന്റെ വീക്ഷണഗതി നിർമ്മാണ മാർഗ്ഗത്തിൽ സത്യം അംഗീകരിക്കണമെന്നും നിർദ്ദേശിച്ചിരിക്കുന്നു. നിഷ്പക്ഷത ഒരു നല്ല ചരിത്രകാരന്റെ ലക്ഷണമായി ബർനാഡ്ഷായും ഉയർത്തിപ്പിടിക്കുന്നുണ്ട്.

ജവഹരിലാൽ നെഹ്റുവിന് തന്റെ ജീവിതത്തെപ്പറ്റി പറയുമ്പോൾ വ്യക്തമാക്കാനുള്ളത് ഇതാണ്: അഗാധമായ ഒരു നഗരമാണ് ചരിത്രം; എത്ര മുങ്ങിത്തപ്പിയാലും ജിജ്ഞാസയടങ്ങുകയില്ല. ഒരു ചരിത്രകാരനാകുക, അതെന്നെ സംബന്ധിച്ചുനോക്കുമ്പോൾ ഒരു പരിഷ്കാരനാകുക, അതെന്നെ സംബന്ധിച്ചുനോക്കുമ്പോൾ ഒരു പരിഷ്കർത്താവാകുന്നതിന് തുല്യമാണ്. കലയും രാഷ്ട്രീയവും ചരിത്രകാരനെ തോളുരുമ്മി നിൽക്കുകയാണ് ...,, വിൻസ്റ്റൺ ചർച്ചിലും റൂസ്വെൽട്ടും ചരിത്രത്തിന് നല്കിയ നിർവ്വചനം ഒരേ തരത്തിലാണ്. "എല്ലാം അവസാനിക്കുമ്പോഴും ഒന്നുമാത്രം വളരും. അതു ചരിത്രമാണ്.,, ഇതാണവരുടെ അഭിപ്രായം. സ്റ്റാലിന്റെ ഭാഷയിൽ ചരിത്രമെന്നാൽ നൂറ്റാണ്ടുകൾക്കപ്പുറത്തുള്ള ജനതയുമായി നേരിട്ടുകാണുവാൻ പറ്റിയ മുഖക്കണ്ണാടിയാണെന്നാണ്. വ്യാഖ്യാനങ്ങളും ദുർവ്യാഖ്യാനങ്ങളും അവസാനിക്കുമ്പോൾ വീണ്ടും ചരിത്രം മഹാരഥനെപ്പോലെ തലയുയകർത്തിനിൽക്കുന്നതായി കാണാം. ചുരുക്കിപ്പറഞ്ഞാൽ പ്രപഞ്ചപരിഷ്കാരത്തെ ഏറ്റവും നല്ല ഭാഷയിലും ഉയർന്ന വീക്ഷണഗതിയിലും പഠിപ്പിക്കുന്ന ഉൽകൃഷ്ട ഗുരുനാഥനാണ് ചരിത്രം. ലോകപ്രശസ്തനായ ആർണോൾഡ് ടോയൻബി സംസ്കാരത്തിന്റെ ക്രമാനുഗതമായ ചലനത്തെയാണ് ചരിത്രം വ്യക്തമാക്കുന്നതെന്ന് പറയുന്നു. ശാസ്ത്രവും മറ്റെല്ലാ തത്വഘടകങ്ങളും ചരിത്രത്തിന്റെ വളർത്തുമക്കളാണെന്നുകൂടി ടോയൻബി പറയുന്നു.

# ഭാഷാസാഹിത്യചരിത്രത്തിലെ കാണാത്ത കണ്ണികൾ

മലയാള ഭാഷാസാഹിത്യത്തിന്റെ ചെറുതും വലുതുമായ ചരിത്രഗ്രന്ഥങ്ങൾ പലരും എഴുതിക്കഴിഞ്ഞു. ഇന്നും സാഹിത്യമണ്ഡലത്തെ സംബന്ധിച്ച് ചരിത്രരചനയ്ക്കുള്ള ഗവേഷണം നടന്നുകൊണ്ടിരിക്കുകയാണ്. രാജ്യചരിത്രമായാലും ജനവർഗ്ഗങ്ങളുടെ സാംസ്കാരികസത്തയേയും വിശ്വാസമൂല്യങ്ങളേയും ഒഴിച്ചുനിർത്തിയാൽ വസ്തുനിഷ്ഠമായ നിർമ്മാണം നടത്താൻ സാദ്ധ്യമല്ല. ഈ വീക്ഷണത്തിലൂടെ നമ്മുടെ ഭാഷാസാഹിത്യ ചരിത്രത്തെ സംബന്ധിച്ച് ഒരു പഠനം നടത്തുകയാണെങ്കിൽ മലയാള ഭാഷാസാഹിത്യചരിത്രകാരന്മാർ വേണ്ടത്ര നീതി പുലർത്തിയിട്ടുണ്ടോ എന്ന് സംശയമാണ്. പണ്ഡിത സാർവ്വഭൗമനായ ഉള്ളൂരുപോലും വേണ്ടത്ര പ്രാമുഖ്യം നൽകാത്ത സാഹിത്യശാഖകൾ കേരളത്തിലുണ്ട്. അതിലൊന്നാണ് കേരളത്തിലെ മാപ്പിളസാഹിത്യം.

കേരളത്തിലെ ഏറ്റവും പഴക്കമുള്ള 'രാമചരിത'ത്തിനുമുമ്പെ, കേരള മുസ്ലിമിങ്ങൾ അറബി – മലയാള സാഹിത്യത്തിൽ വിരലൂന്നിയിരുന്നു. ചെന്തമിഴിന്റെ സ്വാധീനമുള്ള പഴയ അറബി – മലയാള കവിതകൾ അതാണ് വെളിപ്പെടുത്തുന്നത്. മണിപ്രവാള കാലഘട്ടത്തിലെ സാമൂഹ്യജീവിതം നിഴലിക്കുന്ന അറബി – മലയാള കൃതികൾ ഭാഷാഗവേഷകന്മാരുടെ ശ്രദ്ധയിൽ പെടേണ്ടതാണ്. സന്ദേശകാവ്യങ്ങളും കണ്ണശ്ശകൃതികളും വളർത്തിക്കൊണ്ടുവന്ന തമിഴ്–മലയാള മിശ്രഭാഷാസാഹിത്യം മാപ്പിളപ്പാട്ടുമായി താരതമ്യപഠനത്തിന് തിരഞ്ഞെടുക്കുകയാണെങ്കിൽ ഭാഷാസാഹിത്യചരിത്രത്തിൽ മാപ്പിളക്കവിതകൾക്ക് അദ്ധ്യായം നീക്കിവെയ്ക്കേണ്ടതായിവരും. മികവുറ്റ ഗാനസാഹിത്യം വളർത്തിക്കൊണ്ടുവന്ന മികച്ച പാരമ്പര്യം പത്താം നൂറ്റാണ്ടുമുതൽ കേരളീയ മാപ്പിളക്കവിതകൾക്കുണ്ട്. ഞാറ്റുപാട്ടുകൾ, പാണർപ്പാട്ടുകൾ, കല്യാണപ്പാട്ടുകൾ തുടങ്ങിയവയോട് തുല്യതയുള്ള മാപ്പിളപ്പാട്ടുകൾ പോർത്തുഗീസ് ആക്രമണഘട്ടത്തിൽ തന്നെ ഇവിടെ വളർച്ചയെത്തിയിരുന്നു. നമ്മുടെ കാവ്യശാഖയിലെ ചെന്തമിഴിവിന്റേയും സംസ്കൃത്തിന്റെയും സ്വാധീനം വെളിപ്പെടുത്തുവാൻ ഗവേഷണം നടത്തുന്ന ഭാഷാസാഹിത്യകാരന്മാർ മാപ്പിളപ്പാട്ടുകൾ പഠനത്തിനായി അംഗീകരിക്കുമ്പോൾ വൈപുല്യമുള്ള ഒരു ഗവേഷമണ്ഡലം അവർക്ക് തെളിഞ്ഞുകിട്ടു. അറബി, പേർഷ്യൻ, കർണ്ണാടകം, സംസ്കൃതം, തമിഴ്, തുളു എന്നീ ഭാഷകൾ ഇടകലർന്നു സമ്പുഷ്ടമായിട്ടുള്ള ഗാനസാഹിത്യമാണ് മാപ്പിളപ്പാട്ടിലുടനീളം കാണുക. തത്വചിന്ത, ധർമ്മപ്രചരണം, സാമൂഹ്യജീവിത വിമർശനം തുടങ്ങിയ പ്രശ്നങ്ങൾ തന്മയത്വത്തോടെ കൈകാര്യം ചെയ്തിട്ടുള്ള പഴയ മാപ്പിള കവികളെ തിരഞ്ഞുപിടിക്കുകയാണെങ്കിൽ പുനത്തിന്റെയും, പൂന്താനത്തിന്റെയും, മഴമംഗലത്തിന്റെയും, എഴുത്തച്ഛന്റെയും, കുഞ്ചൻനമ്പ്യാരുടെയും പന്തിയിൽ അവർക്ക് സ്ഥാനം നൽകേണ്ടതായി വരും. കിളിപ്പാട്ടിലെ കിളിയെപ്പോലെ മാപ്പിളപ്പാട്ടിൽ അക്ബർസദക്കയും അതുപോലെയുള്ള സങ്കല്പപാത്രങ്ങളും കാണാം. മദ്ധ്യകാലഘട്ടത്തിലെ സാഹിത്യ ചരിത്രത്തിൽ ഒരിക്കലും വിട്ടുകളയാൻ പാടില്ലാത്തതാണ് മാപ്പിളസാഹിത്യം. ജനതയെ വികാരം കൊള്ളിക്കുകയും അവരിൽ സദാചാരബോധം വളർത്തുകയും ചെയ്ത മാപ്പിളക്കവികൾ സാമൂതിരിയുടെ രാജസദസ്സിൽ തന്നെ സ്ഥാനംപിടിച്ചിരുന്നു. കുഞ്ചൻനമ്പ്യാരുടെ ഫലിത ഭാവനകളുമായി താരതമ്യപ്പെടുത്തുമ്പോൾ നിറഞ്ഞ നർമ്മബോധത്തോടുകൂടി കാവ്യസരണിയിൽ സഞ്ചരിച്ച മഹാകവി മോയിൻകുട്ടി വൈദ്യരെ

വിസ്മരിക്കുവാൻ ഒരു കേരളീയന് കഴിയുകയില്ല. കുഞ്ഞായൻ മുസല്യാർ, ചേറ്റുവായി പരീക്കുട്ടി സാഹിബ് തുടങ്ങിയ വ്യക്തിത്വമുള്ള കവികളെപ്പറ്റി പഠനം നടത്തുകയാണെങ്കിൽ ചമൽക്കാരജന്യമായ ഒരു കാവ്യമേഖല കണ്ടെത്താൻ കഴിയും. കവിതയിലൂടെ നോവലുകളും നോവലറ്റുകളും ആഖ്യായികകളും അവതരിപ്പിച്ച പ്രിതിഭാ സമ്പന്നരായ മാപ്പിളക്കവിതകൾ കാലത്തിന്റെ നിറപ്പകിട്ടുകൾ കരവിരുതോടെ പകർത്തിക്കാട്ടിയവരാണ്. മാലകൾ, പാട്ടുകൾ, ഒപ്പനകൾ തുടങ്ങിയ പല മാതൃകകളിലും നൂറിലധികം രീതിയിൽ കാവ്യനിർമ്മാണത്തിലേർപ്പെട്ടിരുന്ന അവരുടെ ഭാഷാലോകം അറബിമലയാളത്തിന്റെ മതിൽക്കെട്ടിനകത്തായതുകൊണ്ട് അറബിമലയാളലിപി പരിചയമില്ലാത്തവർക്ക് അതാസ്വദിക്കുവാൻ കഴിഞ്ഞില്ല. സംസ്കൃതം, തമിഴ്, അറബി, കർണ്ണാടകം തുടങ്ങിയ ഭാഷകളിൽ അഗാധപാണ്ഡിത്യം സിദ്ധിച്ച മൺമറഞ്ഞ മാപ്പിളക്കവികളുടെ സർഗ്ഗസിദ്ധികളെ സിദ്ധവൽക്കരിച്ചുകാണിച്ചാൽ മാത്രമേ കേരളത്തിലെ കാവ്യപ്രസ്ഥാനങ്ങളുടെ ചരിത്രം പൂർണ്ണമാവുകയുള്ളു.

ഭാഷയിലെ ഭക്തിരസപ്രധാനമായ സാഹിത്യശാഖയിൽ മാപ്പിളകവികളുടെ പങ്ക് ഒരിക്കലും ഒഴിച്ചുനിറുത്താവുന്നതല്ല. ഭക്തിയും ഹാസ്യവും ഒരുമിച്ച് സഞ്ചരിച്ചിരുന്ന കാവ്യസരണിയായിരുന്ന മാപ്പിളക്കവികളുടെ സർഗ്ഗസിദ്ധികളെ സിദ്ധവൽക്കരിച്ചുകാണിച്ചാൽ മാത്രമേ കേരളത്തിലെ കാവ്യപ്രസ്ഥാനങ്ങളുടെ ചരിത്രം പൂർണ്ണമാവുകയുള്ളു.

ഭാഷയിലെ ഭക്തരസപ്രധാനമായ സഹിത്യശാഖയിൽ മപ്പിളകവികളുടെ പങ്ക് ഒരിക്കലും ഒഴിച്ചുനിറുത്താവുന്നതല്ല. ഭക്തിയും ഹാസ്യവും ഒരുമിച്ച് സഞ്ചരിച്ചിരുന്ന കാവ്യസരണിയായിരുന്നു മാപ്പിളക്കവികളുടേത് ചിരിയിൽ ചിന്തകലർത്തി കാവ്യരചനം നടത്തിയിരുന്ന പ്രഗ്ത്ഭമതികളെ മാപ്പിളസാഹിത്യത്തിൽ കണ്ടെത്താൻ കഴിയും. ഒരു ഫാൾ സ്റ്റാഫിനെ സംഭാവന ചെയ്യാൻ സാധിച്ചില്ലെങ്കിലും ഡിക്കൻസിനെപ്പോലെയുള്ള ധർമ്മശാലകളെ രംഗത്തു കൊണ്ടുവരുവാൻ മാപ്പിളസാഹിത്യത്തിന് സാഹിത്യത്തിന് സാധിച്ചിട്ടുണ്ട്. നമ്മുടെ ഹാസസാഹിത്യശാഖയുടെ ഉപജ്ഞാതാവായ തോലനോടും ഹാസ്യരംഗത്തെ നാട്യശാരദന്മാരായ ചംക്യാരന്മാരോടുമൊപ്പം കൈപ്പിടിച്ചുയർത്തി ആസ്വാദകർക്ക് പരിചയപ്പെടുത്താൻ ആളില്ലാത്തകൊണ്ടായിരുന്നു മാപ്പിളക്കവികൾ ഭാഷാസാഹിത്യത്തിന്റെ കാണാത്ത കണ്ണികളായി മലയാളമണ്ണിൽ പൂണ്ടുകിടന്നത് കഴിഞ്ഞ ഏതാനും നൂറ്റാണ്ടുകളിൽ ധന്യമായ ഒരു സാഹിത്യസമ്പത്ത് മലബാർ ഭാഗങ്ങളിൽ വളർന്നിട്ടുണ്ട് അതിന് നേതൃത്വം നൽകിയ മൂന്ന് മാപ്പിളകവികൾ സംബന്ധിച്ച് ഭാഷാസാഹിത്യചരിത്രകാരന്മാർ അറിഞ്ഞിരിക്കേണ്ടതാണ്. അവരെ പരിചയപ്പെടുന്നതോടുകൂടി മാപ്പിളസാഹിത്യവുമായി സാംസ്കാരിക ബന്ധം പുലർത്താൻ കഴിയും.

**മഹാകവി മോയിൻകുട്ടി വൈദ്യർ**

മാപ്പിള സമുദായത്തിന്റെ കലാവിരുത് പൂത്തുവിരിഞ്ഞുനിൽക്കുന്ന സാഹിത്യശാഖയുടെ സംഗീതാത്മകമായ പ്രേരകശക്തി ആധുനിക കേരളം അറിഞ്ഞുവരുന്നതേയുള്ളു. മലയാളികളുടെ മനംകവരുന്ന മാപ്പിളപ്പാട്ടിന്റെ മാധുര്യമാസ്വദിക്കാൻ മലയാളക്കര ഉത്സാഹം പ്രകടിപ്പിക്കുന്നു. മറ്റു നാടൻ പാട്ടുകളേക്കാൾ ഹൃദയത്തിന്റെ അഗാധതയിൽ ചലനം സൃഷ്ടിക്കുവാൻ മാപ്പിളപ്പാട്ടുകളിലെ ഈരടികൾക്ക് കഴിയുന്നു. ചെറുശ്ശേരിയേയും, കുഞ്ചനേയും മഹാകവികളായിക്കണ്ട കേരളീയർ

മാപ്പിളപ്പാട്ടിന്റെ ഉപജ്ഞാതാവായ മോയിൻകുട്ടി വൈദ്യരെ അടുത്തകാലത്താണ് പരിചയപ്പെട്ടത്. ഏറനാട്ടിൽ ജനിച്ച ഒരു കർഷകനാണ് മോയിൻകുട്ടി വൈദ്യർ. അരശതാബ്ദത്തിനുമുമ്പ് അന്തരിച്ച മോയിൻകുട്ടിവൈദ്യർ. അരശതാബ്ദത്തിനുമുമ്പ് അന്തരിച്ച മോയിൻകുട്ടിവൈദ്യരുടെ നിരവധി കവിതകൾ അറബിമലയാള ലിപിയിൽ അച്ചടിച്ചിട്ടുണ്ട്. ബദർ, ഉഹദ്, സലീഖത്ത്, മലപ്പുറം എന്നീ സമരപ്രധാനങ്ങളായ കാവ്യങ്ങൾ പതിനായിരക്കണക്കിനാസ്വദകരെ ആവേശം കൊള്ളിച്ചിട്ടുള്ള കൃതികളാണ്. സമരമാണ് പശ്ചാത്തലമെങ്കിലും ശാശ്വതമൂല്യം തങ്ങിനിൽക്കുന്ന ആവിഷ്ക്കരണമേന്മയാണ് ഈ കാവ്യങ്ങൽക്ക് മഹത്തായ പദവി നേടിക്കൊടുത്തത്. വേദനയുടേയും കണ്ണുനീരിന്റെയും കഥകൾ കവിതയിൽ കോർത്തിണക്കിയ മോയിൻ കുട്ടിവൈദ്യർ മറ്റാരിൽ നിന്നും നിർമ്മാണവേദിയിൽ ഭിന്നനായി നിൽക്കുന്നു. അതുല്യമായ ആ ഭാവന അഭിനന്ദനാർഹമാണ്. നിരവധി പുതിയ വൃത്തങ്ങളും അതിൽ ഉൾക്കൊള്ളിക്കേണ്ട ശൈലികളും സ്വയം കണ്ടുപിടിച്ച മോയിൻകുട്ടിവൈദ്യർ അറബി, കർണ്ണാടകം, തമിഴ് എന്നീ ഭാഷകളിൽ പ്രാവീണ്യം നേടിയിരുന്നു. സുന്ദരമായ ഒരു പ്രണ്യകഥ കാവ്യചഷകത്തിലേയ്ക്ക് പകർത്തിയതാണ്. അദ്ദേഹത്തിന്റെ സുപ്രസിദ്ധമായ ബദറുൽമുനീർ. ബദറുൽമുനീറിലെ കഥാപാത്രങ്ങളായ ഹുസനുൽജമാലും മുനൂറും തമ്മിലുള്ള പ്രേമബന്ധം എത്ര മനോഹരമായിട്ടാണ് കവി ചിത്രീകരിച്ചിട്ടുള്ളത്. കാമുകീകാമുകന്മാർ സ്വദേശം വിട്ടുപോകാൻ സമയവും സ്ഥലവും നിശ്ചയിച്ചശേഷം പിരിയുന്ന ഹൃദയസ്പൃക്കായ രംഗം കവി ഇങ്ങനെയാണ് വർണ്ണിക്കുന്നത്.

“ശർത്തിപ്പടി തമ്മിൽ പറഞ്ഞുറച്ചു
ശൗഖക്കടൽ രണ്ടും പതപതച്ചു.
സുർആൾ മുഖംമുത്തി മണത്തുപാരം
സൂക്ഷിത്തിരുപേരും പിരിന്തനേരം”

രണ്ടു ഹൃദയങ്ങളുടെ വൈഷമ്യഭാവങ്ങൾ എത്ര വികാരധന്യതയോടെയാണ് കവി ചിത്രീകരിച്ചിട്ടുള്ളത്. ഇങ്ങനെ രസജന്യങ്ങളായ ഭാഗങ്ങളാണ് വൈദ്യരുടെ കവിതയിലുള്ളത്. മാപ്പിള സാഹിത്യത്തിന്റെ സൗകുമാര്യം ശരിക്കും വ്യക്തമാകണമെങ്കിൽ ബദറുൽമുനീർ ഏതൊരു ഭാഷാസ്നേഹിയും വായിക്കേണ്ടതാണ്. അദ്ദേഹത്തിന്റെ ബദർ ഒരു യുദ്ധകാവ്യമാണ്. അതിൽ പ്രതിയോഗിയായ അബൂജഹലിനെ ഹാസ്യാത്മകമായി കവി വർണ്ണിച്ചിരിക്കുന്നത് ഇങ്ങനെയാണ്.

“ഉരുട്ടും മറികൾ മായാ
ചുരുട്ടും തെറികൾ പോയോ
കപടാ ആനേദുമിപ്പെളെവിടാ
കളിയാ പൊളിയാ
മുഖം ചുളിയാ വളയായെന്നും കേളടി
മൂടുപ്പടുവാ കൊടുവാ ബടുവായെന്നും കേളെടാ.”

മഹാകവി മോയിൻകുട്ടിവൈദ്യർ ഏറനാട് താലൂക്കിലെ കുണ്ടോട്ടിയിൽ ഇന്നന്ത്യവിശ്രമം കൊള്ളുകയാണ്. രീതി എന്നു പറയുന്ന ഇശലിൽ വൈദ്യർ “കുതിരത്താളം” എന്നൊരു പ്രത്യേക വൃത്തം തന്നെ സമരകാവ്യങ്ങൾക്കായി ഉണ്ടാക്കി. നാട്യത്തിലെ ദ്രുതചലനം പോലെ പദങ്ങളുടെ ബഹുലതയാണ് കുതിരത്താളത്തിന്റെ വിജയത്തിന് മാർഗ്ഗം തുറന്നുകാട്ടിയത്.

**ചേററുവായി പരീക്കുട്ടി**

ഗാനസാഹിത്യത്തിൽ പ്രശസ്ത പാരമ്പര്യം പുലർത്തിപ്പോരുന്ന ആധുനിക മുസ്ലീം കവികളുടെ ആദർശപുരുഷനായിരുന്നു ഗായകകവിയും ഗായകനുമായിരുന്ന ചേറ്റുവായി പരീക്കുട്ടിസാഹെബ്. മാപ്പിളസാഹിത്യത്തിന്റെ നിതാന്തസുന്ദരമായ സർഗ്ഗശക്തിയെ ഊട്ടിയുറപ്പിച്ച പ്രധാനികളിൽ ഒരു ശതാബ്ദത്തിനുമുമ്പ് ജനിച്ച ചേറ്റുവായി പരീക്കുട്ടിസാഹെബും ഉൾപ്പെടുന്നു. ടിപ്പുവിന്റെ പടയോട്ടക്കാലത്തെ തുടർന്നു നാടൊട്ടുക്കും മാപ്പിളസംസ്കാരത്തിന്റെ പുതുജീവൻ നാമ്പെടുക്കുന്ന കാലഘട്ടത്തിലാണ് (1848–1886) ചേറ്റുവായി പരീക്കുട്ടി ജനിച്ചത്. നാട്ടെഴുത്താശ്ശാന്റെ കളരിയിൽ നിന്ന് നിലത്തെഴുത്തു പഠിച്ചപരീക്കുട്ടി നേരിട്ട് പോയത് മതവിദ്യാഭ്യാസം നേടാനാണ്. ഈ കൊച്ചുബാലനിൽ ഉറങ്ങിക്കിടക്കുന്ന കാവ്യവാസന കണ്ടറിഞ്ഞ ഗുരുഭൂതന്മാർ വളരാനുള്ള സാഹചര്യങ്ങൾ നല്കി. തമിഴ്, സംസ്കൃതം, അറബി, മലയാളം, എന്നിവയിൽ വേണ്ടത്ര പാണ്ഡിത്യം നേടിയ പരീക്കുട്ടി നിഷ്പ്രയാസം ഒരു കവിയായി വളർന്നു. പ്രാരംഭത്തിൽ സ്വപ്നഭാവനകളിൽ നെയ്തെടുത്ത കവിതകളാണ് പരീക്കുട്ടി സാഹെബ് എഴുതിയത്. സ്വർഗ്ഗലോകത്തിലെ ഹൂറിമാരുടെ ജീവിതാനന്ദത്തിന്റെ മധുരിമ നിറഞ്ഞ ചിത്രങ്ങളാണ് ആ കാലഘട്ടത്തിലെ കവിതയുടെ പ്രമേയം. അലങ്കാരബഹുലതയും പ്രയോഗസാരള്യവും ഇണങ്ങിച്ചേർന്ന "സൗഭാഗ്യസുന്ദരി" അറുനൂറിലധികം വരികളുള്ള ഒരു കാവ്യസമാഹാരമാണ്. ഇത് പരീക്കുട്ടിയുടെ പ്രഥമ കവിതയാണ്. ഈ കവിതയിൽ അപ്സരസ്സുകളുടെ സൗന്ദര്യം വർണ്ണിച്ചിരിക്കുകയാണ്. ഒരു പ്രേമഗന്ധർവന്റെ സാഹസികയാത്രയുടെ പാദമുദ്രകളാണ് ഈ കൃതിയിൽ ഉടനീളം പതിഞ്ഞിട്ടുള്ളത്. കവിയ്ക്ക് പ്രശസ്തിയുടെ തങ്കതലപ്പാവണിയിച്ചത് ഫത്തുഹുഷാം എന്ന കാവ്യസമാഹാരം പ്രസിദ്ധീകൃതമായതോടുകൂടിയാണ്. പണ്ഡിതലോകം ഈ കൃതിയെ സഹർഷം സ്വാഗതം ചെയ്തു. മലയാള സാഹിത്യത്തിലെ സംസ്കൃത പ്രയോഗഭ്രമം അറബി – മലയാളത്തിലും പടർന്നുകയറിയിരുന്ന ഒരു കാലഘട്ടത്തിലാണ് ഫത്തുഹുഷാം എഴുതിയത്. 1976 ൽ പ്രസിദ്ധീകരിച്ച ഈ കൃതി മാപ്പിളസാഹിത്യത്തിലെ ഒരു നാഴികക്കല്ലാണ്. തദനന്തരം 1880 ൽ "മിൻഹാ ത്തുൽബാരി" എന്ന ഒരു കാവ്യസമാഹാരം പുറത്തുവന്നു. ഈ കൃതിയിൽ ആദ്യന്തം സംസ്കൃതപ്രയോഗങ്ങളാണ് വാരി വിതറിയിട്ടുള്ളത്. ആയിരത്തിലധികം വരികളുള്ള പ്രകൃതകൃതി കവിയുടെ, യശോധന്യനായ പുരോഗതിക്ക് അവലംബം നൽകി. "ആദിമുന്നഹതാനാ" എന്ന അവസാനത്തെ കൃതി അദ്ധ്യാത്മചിന്ത ഉയർത്തിവിടുന്ന ആത്മാവിഷ്കാരപ്രധാനമായ ഒന്നാണ്. പരീക്കുട്ടി സാഹെബ് രചനാമാർഗ്ഗത്തിൽ പല പുതിയ സങ്കേതങ്ങളും വളർത്തിക്കൊണ്ടുവന്നു. ഒരു നല്ല ഗായകൻ കൂടിയായിരുന്ന അദ്ദേഹം സാധാരണക്കാർക്കുവേണ്ടി ആസ്വാദ്യമായ ഗാനസമ്പത്ത് മാപ്പിളസാഹിത്യത്തിന് സംഭാവന ചെയ്തു. കിസ്സപ്പാട്ടി,,ന്റെ മാതൃക മാപ്പിള സാഹിത്യത്തിൽ വളർത്തിയത് മഹാകവി പരീക്കുട്ടിയാണ്. ഒരു ഗുമസ്തൻ, ഗ്രാമക്കോടതി വക്കീൽ, നാട്ടുമദ്ധ്യസ്ഥൻ – എന്നീ നിലയിൽ പ്രശസ്തിയാർജ്ജിച്ച കവി ഒരു സഞ്ചാരികൂടിയായിരുന്നു. മരണത്തിനേതാനും നാൾക്ക് മുമ്പ് ഒരു മുൻവിധിയോടുകൂടി എഴുതിയ "ആദിമുന്നഹതാന,, ദുഃഖപര്യവസാനിയായ ഒരു കാവ്യമാണ്. ഈ കാവ്യം പ്രസിദ്ധീകരിച്ചതോടെ അദ്ദേഹത്തിന്റെ ഭാവന ഏറെക്കുറെ സ്തംഭിച്ചു.

താമസിയാതെ മരണത്തിന്റെ അലംഘനീയമായ നിയമത്തിനുമുമ്പിൽ ഒരു കവി തന്റെ ജീവിതം സമർപ്പിച്ചു.

**കുഞ്ഞായൻ മുസല്യാർ**

ജീവിതത്തിൽ നർമ്മബോധം വിതറിക്കൊണ്ട് ഫലിതപ്രിയന്മാരായി ജീവിച്ച പണ്ഡിതകവികളെ വേണ്ടുവോളം നമ്മുടെ സാഹിത്യത്തിൽ കണ്ടുമുട്ടിയെന്നുവരാം. പക്ഷെ ചിരി ഒരായുധമായി കൊണ്ടുനടന്ന ചുരുക്കം പേരെ അവരിൽ കാണുകയുള്ളു. അവരിൽ പ്രശസ്തനായിരുന്നു പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ വടക്കേ മലബാറിൽ ജനിച്ച കുഞ്ഞായൻമുസല്യാർ. ഇദ്ദേഹത്തിന്റെ ജനനത്തേയും ജനനവർഷത്തേയും സംബന്ധിച്ചു ചിലർക്ക് അഭിപ്രായ ഭിന്നതകളുണ്ട്. സാമൂതിരിപ്പാടിന്റെ വിശ്വസ്തസചിവനായിരുന്ന മങ്ങാട്ടച്ചന്റെ സുഹൃത്തായിരുന്നു ഹാസ്യകവി കുഞ്ഞായൻ മുസല്യാർ. ഉപരിപഠനാർത്ഥം പൊന്നാനിയിൽ വന്നെത്തിയ കുഞ്ഞായൻ മുസല്യാർ പൊന്നാനി മഖ്ദൂമിന്റെ പ്രീതിക്ക് പത്രീഭൂതനായി. ഒരു തികഞ്ഞ ഫലതിക്കാരൻ എന്ന നിലയിൽ കുഞ്ഞായൻ മുസല്യാർ അദ്ദേഹം ബന്ധപ്പെട്ട എല്ലാ രംഗങ്ങളിലും പ്രമാണിയായിത്തീർന്നു. ഹൃദയത്തിൽ ഹാസ്യത്തിന്റെ നീർത്തുള്ളി തെളിച്ച് കിക്കിളിയുളവാക്കി ചിരിയിലുടെ ഭാവം പ്രകടിപ്പിക്കുവാൻ കുഞ്ഞായൻ മുസല്യാരുടെ ഫലിതഭാഷണം ഉപയുക്തമായി. ചിരിയുടെ സൗഹൃദവും സ്നേഹവും വളർത്തിക്കൊണ്ടുവന്ന അദ്ദേഹം ഉപമാപ്രധാനമായി ഒരു മഹാകാവ്യം തന്നെ എഴുതിയിട്ടുണ്ട്. ചിന്താർഹങ്ങളായ പ്രശ്നങ്ങളെ സംബന്ധിച്ച് ബോധപൂർവ്വം കവിതകളെഴുതിയ കുഞ്ഞായൻ മുസല്യാരുടെ ഭാവന മികച്ച മാനദണ്ഡം പുലർത്തുന്നതാണ്. “കപ്പപ്പാട്ടെ,,ന്ന അദ്ദേഹത്തിന്റെ പ്രസിദ്ധ കൃതി ആദ്ധ്യാത്മികപ്രധാനമായ കാവ്യമാണ്. മനുഷ്യന്റെ ശരീരഘടകങ്ങളെ കപ്പലിന്റെ ഭാഗങ്ങളോടും താരതമ്യപ്പെടുത്തി രചിച്ചിട്ടുള്ള “കപ്പപ്പാട്ട്,, ഒരു പുതിയ തത്വചിന്തയുടെ നിദർശനം ഉൾക്കൊള്ളുന്നതാണ്. ആത്മാവിനെ പരലോകത്തിലേയ്ക്കെത്തിക്കുന്ന ഒരു കപ്പലായിട്ടാണ് ശരീരത്തെ കവികാണുന്നത്. ധർമ്മചിന്തയും നർമ്മബോധവും ഇടകൽത്തി കാവ്യസരണിയിൽ സഞ്ചരിച്ചിരുന്ന കുഞ്ഞായൻ മുസല്യാർ സാമൂതിരിയുടെ ഡർബാറിലെ വിശിഷ്ടാതിഥിയായിരുന്നു. കുഞ്ഞായൻ മുസല്യാരെ സംബന്ധിച്ച് നൂറുകക്കിനു ഫലിതകഥകളാണ് പ്രചരിച്ചിട്ടുള്ളത്. സഹപാഠികളോടൊപ്പം കളിച്ചുനടന്ന കാലത്ത് നേരംപോക്കിന് വകയുണ്ടായിക്ക കാര്യങ്ങളും ഭാര്യവീട്ടുകാരുടെ ശല്യത്തിൽ നിന്നും മോചനം നേടാൻ ക്ഷരകനായി തരംതാഴ്ന്ന സംഭവങ്ങളും ഇതിൽ ഉൾപ്പെടുന്നു. കുഞ്ഞായൻമുസല്യാരുടേതായിട്ട് മാപ്പിളസാഹിത്യത്തിൽ നിരവധി ഫലിതപ്രയോഗങ്ങൾ കടന്നുകൂടിയിട്ടുണ്ട്. കലഹം നിറഞ്ഞ ജീവിതത്തെ ഫലിതത്തിന്റെ തേൻതുള്ളി തെറിപ്പിച്ച് സന്തോഷപ്രദമാക്കിയ കുഞ്ഞായൻമുസല്യാർ മാപ്പിളസാഹിത്യത്തിലെ കുഞ്ചൻ നമ്പ്യാരാണ്. കുഞ്ഞായൻ മുസല്യാർ വിഹരിച്ച രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച പല മാപ്പിള കവികളേയും അവരുടെ കൃതികളേയും തിരഞ്ഞുപിടിച്ച് രംഗത്ത് കൊണ്ടുവരേണ്ടതുണ്ട്. കുഞ്ഞുരായൻ, കുഞ്ഞുസീതിക്കോയ, ഷൈഖ്കോയ, കമ്മുകുട്ടിമരയ്ക്കാർ, ചാക്കീരിമൊയ്തീൻകുട്ടി, കുഞ്ഞിക്കമ്മമു, ഉഹൈമിദ്, പുലിക്കോട്ടിൽ അയിദ്രു, വൈദ്യരകത്ത് കുഞ്ഞഹമ്മദ്, കുറ്റിച്ചിലാൽ

അഹമ്മദുകുട്ടി തുടങ്ങിയ മാപ്പിളകവികൾ കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുമുമ്പ് അറബി മലയാളത്തിൽ സ്വച്ഛന്ദം വിഹരിച്ചിരുന്നവരാണ്.

അറബി മലയാളത്തിൽ എഴുതുന്ന കവിതകൾക്ക് പ്രാസഭംഗികൂട്ടാൻ വേണ്ടുവോളം പദങ്ങൾ അറബി, ഉറുദു, പേർഷ്യൻ, ഹിന്ദി, ബംഗാളി, തമിഴ്, കർണ്ണാടകം തുടങ്ങിയ ഭാഷകളിൽ നിന്ന് സ്വീകരിച്ചിരുന്ന മാപ്പിളപ്പാട്ടുകളുടെ പ്രധാന പ്രാസങ്ങളെ കമ്പി, കഴുത്ത്, വാൽക്കമ്പി, വാലുമ്മൽക്കമ്പി എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു. രീതിയാണെങ്കിൽ തൊങ്കൽ, ബദറുൽഹുദാ തുടങ്ങിയവയാണ്. അന്ത്യക്ഷരപ്രാസവും, വേണ്ടത്ര മാപ്പിളസാഹിത്യത്തിൽ കാണാം. ഒന്നിലധികം അർത്ഥം തോന്നിപ്പിക്കുന്ന പദങ്ങൾ ഉപയോഗിച്ച് നിർമ്മിക്കുന്ന മാപ്പിളപ്പാട്ടുകളാണ് അധികവും. ഈണത്തിൽ പാടി ആസ്വദിക്കാവുന്ന ഗാനാത്മകതയാണ് മാപ്പിളകാവ്യങ്ങളുടെ സവിശേഷതയായി ഗണിക്കപ്പെടുന്നത്. ഈ ഗാനസാഹിത്യശാഖ വൈപുല്യമുള്ള ഒരു സാംസ്കാരിക സങ്കേതത്തെയാണ് പ്രതിനിധീകരിക്കുന്നത്.

# ഒട്ടകമനുഷ്യൻ

മദ്രാസിൽ നിന്ന് ഡൽഹിക്കുള്ള ഗ്രാന്റ് ട്രങ്ക് എക്സ്പ്രസ്സ് പതിവിലധികം യാത്രക്കാരേയും വഹിച്ചുകൊണ്ട് പ്ലാറ്റ്ഫോറത്തിൽ നിന്ന് നീങ്ങി. വിശാല ആന്ധ്രയുടെ വിരിമാറിലൂടെ കുതിച്ചുപായുന്ന എക്സ്പ്രസ്സ് തൊണ്ടയിലെന്തോ തടഞ്ഞതുപോലെ ഒന്ന് ഏങ്ങി വലിച്ച് ബസവാഡ സ്റ്റേഷൻ കണ്ടപ്പോൾ അവിടെയൊന്ന് നിന്നു. വണ്ടിമുറിയിൽ വെന്തുകൊണ്ടിരിക്കുന്ന യാത്രക്കാർ ഒന്നു വിശ്രമിക്കാനായി വാതിലുകൾ തുറന്നു. ഒരാളിറങ്ങുമ്പോൾ പത്തുപേർ കയറാനുണ്ടവിടെ. പുതുതായി വരുന്ന ആരെയും കയറ്റാതിരിക്കുവാൻ ഒരൈക്യമുന്നണി രൂപീകരിച്ചിരിക്കുകയാണ് മിക്ക മുറികളിലേയും യാത്രക്കാർ. എന്നാലും മുന്നണിയുടെ ബലഹീനതകൊണ്ട് ചിലരെല്ലാ കയറിപ്പറ്റുന്നുണ്ട്. പുതുതായി കയറിയവരേയും ചേർത്തും തങ്ങളുടെ ഐക്യമുന്നണി വിശാലമായ അടിസ്ഥാനത്തിൽ വിപുലീകരിക്കുകയാണല്ലോ യാത്രക്കാരുടെ പതിവ്. എല്ലാവർക്കും സ്വാതന്ത്ര്യമുള്ള കാര്യത്തിൽ ഓരോരുത്തരും ദുർവാശി പിടിക്കും. പിന്നീടതു വിടുന്നു. ബസവാസ്റ്റേഷനിൽ നിന്ന് ഞങ്ങളുടെ മുറിയിലേയ്ക്ക് ഒട്ടകംപോലെയുള്ള ഒരു മനുഷ്യൻ തലനീട്ടി. ആറടി പൊക്കമുള്ള പ്രാകൃതനായ ആ മനുഷ്യനോടൊപ്പം നാലുപേരും ലഗേജുകളുമുണ്ട്. ഞങ്ങളുടെ പ്രതിഷേധഭാവങ്ങൾ കണ്ടില്ലെന്ന മട്ടിൽ എഴുപത് വയസ്സായ ആ മനുഷ്യൻ ഞങ്ങളുടെ മദ്ധ്യത്തിൽ കാലുകുത്തിക്കഴിഞ്ഞു. തന്റെ കെട്ടുകളും തുണികളും, സഞ്ചികളും അദ്ദേഹത്തിന്റെ നീളമുള്ള കൈകൾ അനായാസേന പെറുക്കിയെടുത്തു പഴുതു കാണുന്നിടത്തെല്ലാം തിരുകിക്കയറ്റുകയാണ്. ഒന്നും സംഭവിച്ചിട്ടില്ലാത്തമട്ടിൽ ആ മനുഷ്യൻ വിയർപ്പു തുടച്ച് ഒരു സ്ഥാനത്തിരുന്നു. സൗന്ദര്യം നിറഞ്ഞ യൌവ്വനം, പ്രാകൃതമായ വാർദ്ധക്യത്തോട് വെറുപ്പോടെ പെരുമാറുന്ന ഒരു നിലയാണവിടെ കണ്ടത്. സഹയാത്രക്കാരിൽ നിന്ന് ആ മനുഷ്യനെ അകറ്റി നിറുത്തുന്നത് വയസ്സിന്റെ എണ്ണപ്പെരുപ്പം മാത്രമാണ്. ഞങ്ങളുടെ യാത്രാസംഘത്തിലെ ഫലിതക്കാരനായ ചെറുപ്പക്കാരൻ തന്റെ വെറുപ്പിന്റെ ആദ്യത്തെ വെടി പൊട്ടിച്ചു. മരുഭൂമിയല്ലെ, ഒട്ടകങ്ങൾ കാണും ....,, കലാരസികനായ സ്നേഹിതൻ ഹിന്ദുസ്ഥാൻ സമതലങ്ങളിലേയ്ക്ക് ഒട്ടകങ്ങൾ കയറുന്നതിനെപ്പറ്റി ഒരു കവിതാശകലം ചൊല്ലി. എല്ലാവരും പൊട്ടിച്ചിരിച്ചു. ആ ചിരിക്കുഴമ്പ് ഒട്ടകമനുഷ്യന്റെ ചുളിവീണ നെറ്റിയിൽ വിയർപ്പിന്റെ മുത്തുമണികൾ ഉതിർത്തു. ഏതാനും നിമിഷം നീണ്ടുനിന്ന് ആ ചിരിയിൽ മലയാളിയും, തമിഴനും, ബംഗാളിയും, ഹിന്ദുസ്ഥാൻകാരനും ഭാഷാഭേദം മറന്നു പങ്കുകൊണ്ട്. പരദ്രോഹിത്തലെങ്കിലും അവർ യോജിച്ചു. വെറുപ്പിന്റേതായ ഈ യോജിപ്പിന്റെ ഭദ്രത എത്രവിനാഴികകൾ നീണ്ടുനിൽക്കും. ഇല്ല, ഏതാനും നിമിഷങ്ങൾ മാത്രം. ഏതോ ഓണംകേറാമൂലയിൽ നിന്നും വലിഞ്ഞുകയറിയതാണെന്ന് വിചാരിച്ച് പരിഹാസത്തിന്റെ അസ്ത്രങ്ങൾ തൊടുത്തുവിട്ട് വാർദ്ധക്യത്തിന്റെ മുകളിൽ പരിഷ്കാരവും യൗവ്വനവും വിജയം വരിച്ച് അട്ടഹസിച്ചുനിൽക്കുമ്പോൾ വണ്ടി സ്റ്റേഷൻവിട്ട്. വണ്ടി ഇളകിയപ്പോൾ ആ ഒട്ടകമനുഷ്യൻ എല്ലാവരേയും സാകൂതം ഒന്നുനോക്കി. നീണ്ട താടിയിലൂടെ വിരൽ പായിച്ചുകൊണ്ട് ദീപ്തിമത്തായ ആ കണ്ണുകൾ നിശ്ശബ്ദമായി എല്ലാവരേയും പറ്റി എന്തോ ഗ്രഹിച്ചു. നിറഞ്ഞ നിശ്ശബ്ദത സൃഷ്ടിച്ച ആ അവലോകനം ഞങ്ങളിൽ പരാജയ ബോധത്തിന്റെ കരിനിഴൽ പരത്തിതുടങ്ങി. ആ ചുളിവീണ മുഖത്ത് ഒരുന്മേഷം കളിയാടിത്തുടങ്ങി. ആ ചുണ്ടിൽ മന്ദഹാസം പതുക്കെയൊന്നും

തലോടി. തലയിലേയും താടിയിലേയും വെള്ളിക്കമ്പികൾ ചലിച്ചു. നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ട് “ഒട്ടകമനുഷ്യൻ,, സംസാരമാരംഭിച്ചു. സുഹൃത്തുക്കളെ, എന്നെ നിങ്ങളെപ്പോലെ ഒരു മനുഷ്യനായി അംഗീകരിക്കുക; രണ്ടുദിവസം നിങ്ങളെപ്പോലെ ഒരു മനുഷ്യനായി അംഗീകരിക്കുക; രണ്ടുദിവസം നിങ്ങളോടൊപ്പം ഡൽഹിവരെ ഞാനും യാത്രചെയ്യേണ്ടവനാണ്. വിവിധ ഭാഷക്കാരും, വിവിധ സംസ്കാരവിശ്വാസികളുമായ നിങ്ങൾ എന്നെ പരിഹസിക്കാനെങ്കിലും യോജിച്ചു നിൽക്കുന്നതിൽ എനിക്ക് സന്തോഷമാണ്. എന്നേയും ആ യോജിപ്പിൽ പങ്കാളിയാക്കുക. നമുക്കൊരുമിച്ച് വിട്ടുവീഴ്ച മനഃസ്ഥിതിയോടെ പെരുമാറാം. വൃദ്ധനായ എന്നിൽ ഒരു ഒട്ടകത്തെ കാണുന്നതിൽ നിങ്ങൾക്ക് മാനസികമായ ശാന്തി ലഭിക്കുന്നുവെങ്കിൽ ഞാൻ ഒട്ടകംപോലെ കുനിഞ്ഞുനിൽക്കാം. .., പരിഹാസത്തിൽ പങ്കാളികളായ പലരുടേയും മുഖത്ത് ഒരു മഞ്ഞ നിറം പകർന്നു. ചിലർ ഞാനൊന്നുമറിഞ്ഞില്ലെന്ന ഭാവത്തിൽ പതുക്കെ തലവലിച്ചു മുകൾത്തട്ടിൽ കയറി കിടപ്പായി. ചിലർ തലകുനിച്ചിരിക്കുന്നു. ഒരാൾ കക്കൂസുമുറിയിൽ കയറിയിട്ട് ഇറങ്ങാൻ ഭാവമില്ല. എല്ലാവർക്കും ഒരു ജാള്യത. മനസ്സിന് കുത്തേറ്റതുപോല പരിഹാസത്തിനു നേതൃത്വം നൽകിയവർ പരുങ്ങുകയാണ്. വൃദ്ധൻ വടിവുള്ള ഇംഗ്ലീഷ് ഭാഷയിൽ സംസാരം തുടർന്നു. ഞങ്ങൾ എല്ലാവരും നിസ്സഹായത വെളിപ്പെടുത്തി അദ്ദേഹത്തിന്റെ സംസാരം ശ്രവിച്ചു. ഒരു സൈന്യനിരയെ മുഴുവനും കീഴടക്കിയ ഒരു സേനാനിയെപ്പോലെ ആ മനുഷ്യൻ ഞങ്ങളുടെ മുമ്പിൽ ഉയർന്നു നിൽക്കുയാണ്. ഞങ്ങളുടെ പ്രതീക്ഷകളെ തട്ടിത്തകർത്ത ഈ വൃദ്ധൻ കേവലം ഒരു സാധാരണക്കാരനല്ലെന്നും തീർച്ചയായി. നയജ്ഞനായ ഞങ്ങളുടെ കൂട്ടുകാരൻ മോഹൻ യാത്രാ സംഘത്തിന്റെ പ്രതിനിധിയെന്ന നിലയ്ക്ക് സംസരാമാരംഭിച്ചു. “ക്ഷമിക്കണം. അങ്ങയെപ്പോലെ ജീവിതപാകത വന്നവരല്ല ഞങ്ങൾ. തമാശയായി പറഞ്ഞ കാര്യങ്ങൾ അങ്ങയെ വേദനപ്പെടുത്തിയിട്ടുണ്ടെങ്കിൽ ക്ഷമിക്കണം.......,, വൃദ്ധൻ പ്രത്യുത്തരം നൽകി: “എന്റെ യൗവ്വനം വാർദ്ധക്യത്തെ കല്ലെറിഞ്ഞിട്ടുണ്ടാകാം. അതിന്നുള്ള തിരിച്ചടിയായിരിക്കുമിതെല്ലാം. സാരമില്ല. അതെല്ലാം മറക്കുക. പേരെന്താ...?,, ഞങ്ങൾ ഓരോരുത്തരുടേയും പേരും വയസ്സും ഭാഷയും നാടും പ്രവർത്തിയുമെല്ലാം അദ്ദേഹം ചോദിച്ചറിഞ്ഞു. അദ്ദേഹത്തെപ്പറ്റി മുഴുവൻ വിവരമറിയുവാൻ ഞങ്ങളെല്ലാം ബദ്ധശ്രദ്ധരായി

വൃദ്ധൻ തന്റെ പെട്ടി തുറന്നു. ഒരു കെട്ടു കടലാസ്സ് പുറത്തെടുത്തു. ഒരു തടിച്ച ഫയലിൽ നൂറിൽപ്പരം ഉന്നത ഉദ്യോഗസ്ഥനാമാരുടെ സർട്ടിഫിക്കറ്റുകളും അഭിനന്ദനപാത്രങ്ങളും തുന്നിച്ചേർത്തിട്ടുണ്ട്. ആന്ധ്രാദേശക്കാരനായ അദ്ദേഹം സെൻട്രൽ റെയിൽവെയിൽ ഒരു ഉയർന്ന ജീവനക്കാരാനായിരുന്നുവെന്ന് പ്രമാണപത്രങ്ങൾ വെളിപ്പെടുത്തി. രണ്ട് പന്തീരാണ്ടിന് മുമ്പ് റിട്ടയർ ചെയ്ത ശിവറാവു ഇന്ത്യയൊട്ടുക്ക് സഞ്ചരിക്കുവാനുള്ള ഫ്രീപാസ്സ് സമ്പാദിച്ചിട്ടുണ്ട്. തന്റെ ജീവിതത്തിലെ സംഭവങ്ങൾ നിറഞ്ഞ അദ്ധ്യായങ്ങൾ ഹൃദയസ്പൃക്കായ ഭാഷയിൽ അദ്ദേഹം വിവരിക്കുവാൻ തുടങ്ങി. എട്ടു ഭാഷയിൽ ഭംഗിയായിയ സംസാരിക്കുവാനും എഴുതുവാനും കഴിയുന്ന ശിവറാവു തികഞ്ഞ സാഹിത്യാസ്വാദകൻകൂടിയാണ്. പാകതയുള്ള ശിഷ്യഗണംപോലെ ഞങ്ങളിരുന്നു. മുഷിഞ്ഞ തീവണ്ടിയാത്രയിൽ ആ മനുഷ്യന്റെ ആഗമനം നവോന്മേഷം പകർന്നെന്ന് പറയാം. ഇരുപത്തിയേഴാമത്തെ അഖിലേന്ത്യാ പര്യടനത്തിലേർപ്പെട്ടിരിക്കുന്ന ആ അജ്ഞാതസഞ്ചാരിയുടെ ജിവിതകഥ അനുഭവ സമ്പന്നമാണ്. തന്റ ഭക്ഷണപ്പായ്ക്കറ്റ് തുറന്ന് ഏതാനും മധുരനാരങ്ങ എടുത്തദ്ദേഹം ഞങ്ങൾക്ക് സമ്മാനിച്ചു. ഇന്ത്യയിലെ വിവിധ വർഗ്ഗക്കാരുടെ ഭക്ഷണരീതിയെപ്പറ്റിയും

അചാരങ്ങളെക്കുറിച്ചും സംസാരിച്ചശേഷം സായ്പന്മാരുടെ കാലത്തെ ഇന്ത്യിലേയ്ക്കാണദ്ദേഹത്തിന്റെ സംഭാഷണം തിരിഞ്ഞത്. "അന്ന് ഞാൻ ഗ്വോളിയൻ സ്റ്റേഷൻ ഡ്യൂട്ടിയിലായിരുന്നു. റയിൽവെയിൽ വെള്ളക്കാർക്ക് സഞ്ചരിക്കാൻ പ്രത്യേക മുറികൾ ഏർപ്പെടുത്തിയിരുന്നു. ഇന്ത്യാക്കാർ ആ മുറിയിൽ കയറുന്നത് തെറ്റായി ഗണിച്ചിരുന്ന ഘട്ടത്തിലാണ് ദേശാഭിമാനികളെ രോമാഞ്ചം കൊള്ളിക്കുന്ന ആ മഹാ സംഭവമുണ്ടായത്. ഒരു കൂട്ടം വെള്ളക്കാർ കുതിച്ച് കൂത്താടി ഇറ്റാർസി സ്റ്റേഷനിലിറങ്ങി. യാത്രക്കാരിൽപ്പെട്ട ഇന്ത്യൻ സ്ത്രീകളെ ഉപദ്രവിച്ചു. ഭഗവത്സിംഗിന്റെ വധശിക്ഷകൊണ്ട് കാരിരുമ്പുപോലെ പഴുത്തുനിൽക്കുന്ന ഇന്ത്യക്കാരുടെ ഹൃദയത്തെ കൂടുതൽ വേദനിപ്പിച്ച ആ സന്ദർഭത്തിൽ ജാൻസിയിലെച്ചിയപ്പോൾ നാട്ടുകാർ പകരം വീട്ടി. റയിൽവെ ജോലിക്കാരായ ഞങ്ങളിൽ പലരെയും സംശയിച്ചു. നിരപരാധികളെ പിടികൂടി. അമർത്തിയ വികാരങ്ങളോടെ അടിമകളെപ്പോലെ ഞങ്ങൾ പണിയെടുത്തു. ഇന്ത്യൻ ദേശീയ സമരത്തിൽ ആരുമാരും അറിയപ്പെടാതെ മഹാ ത്യാഗങ്ങൾ ചെയ്തത് ഒരു വിഭാഗം റെയിൽവേക്കാരാണ്. സിവിൽ നിയമന ലംഘനപ്രസ്ഥാനം നാടൊട്ടുക്ക് പടർന്നുപിടിച്ചിരിക്കുന്ന ഘട്ടം. ഓരോ വണ്ടിയിലും അറസ്റ്റ് ചെയ്ത് ജയിലിലേയ്ക്ക് കൊണ്ടുപോകുന്ന വാളണ്ടിയർമാരെക്കാണാം. സ്റ്റേഷനിലെത്തിയാൽ മുദ്രാവാക്യങ്ങൾകൊണ്ട് അന്തരീക്ഷണ മുഖരിതമാകും. ഒരു ദിവസം രാത്രി ഒരുമണിയായപ്പോൾ പതിവില്ലാത്തവിധം ഒരു സ്പെഷ്യൽവണ്ടി ഗ്വോളിയർ സ്റ്റേഷനിലെത്തി. കറുപ്പുതുണികൊണ്ട് കമ്പാർട്ടുമെന്റുകൾ മൂടിക്കെട്ടിയിരിക്കുകായാണ്. തോക്കുകളേന്തിയ പോലീസ് സൈന്യം സായ്പിന്റെ നേതൃത്വത്തിൽ വണ്ടിക്ക് കാവലുണ്ട്. ഉന്നതന്മാരായ ദേശീയ നേതാക്കന്മാരിൽ പലരും ആ കമ്പാർട്ടുമെന്റിൽ ഉണ്ടാകുമെന്ന് ഞാനൂഹിച്ചു. അവരെ അജ്ഞാതമായ ഏതോ കാരാഗൃഹത്തിലേയ്ക്ക് ആരും അറിയാതെ കൊണ്ടുപോകുകയാണ്. വണ്ടിക്കരികിൽ ടെസ്റ്റിനുചെന്ന എനിക്ക് അതിലിരിക്കുന്ന മഹാനായ നേതാവിനെക്കണ്ടപ്പോൾ രോമാഞ്ചമുണ്ടായി. പണ്ഡിറ്റ് മോട്ടിലാൽ നെഹ്റുവും കൂട്ടുകാരുമാണതിൽ റാഫി അഹമ്മദ്കിദ്വായി സിഗരറ്റുകുറ്റിയുടെ പൊളിഞ്ഞ കടലാസ്സിൽ എഴുതി എന്നെ ഏൽപ്പിച്ച കുറിപ്പനുസരിച്ച് ആ യാത്രയുടെ വിവരം ഞാൻ സമരസമിതിക്ക് ആരുമറിയാതെ എത്തിച്ചു.ഗ്വോളിയർ ജെയിലിൽ നേതാക്കന്മാർ എത്തുന്നതിനുമുമ്പെ നാട്ടുകാർ വിവരമറിഞ്ഞു. ഇന്ത്യയിലെ മഹത്തായ ദേശീയസമരത്തിൽ പേരില്ലാത്ത എന്നെപ്പോലെയുള്ളവർ പരോക്ഷമായി പങ്കുവഹിച്ചിട്ടുണ്ട്. അക്കാലത്ത് എനിക്ക് പരിചയപ്പെട്ട പലരും ഇന്ന് ഭരണകൂടത്തിലെ മഹാരഥന്മാരാണ്...". ദേശാഭിമാനിയായ ആ മനുഷ്യൻ ദേശീയസമരത്തെപ്പറ്റി പറയുമ്പോൾ സ്വയം അഭിമാനം പൂണ്ടിരുന്നു. ആ കണ്ണുകൾ പ്രകാശിച്ചിരുന്നു. ഉപ്പുസത്യാഗ്രഹം, ബർദോളി സത്യാഗ്രഹം, വിദേശവസ്ത്ര ബഹിഷ്കരണം, ഖിലാപത്ത് തുടങ്ങിയ ദേശീയ സമരങ്ങളിൽ പരോക്ഷമായി ഭാഗഭാക്കായിട്ടുള്ള അനേകം ജീവനക്കാരിൽ ഒരാളാണദ്ദേഹം. വെള്ളക്കാരുടെ ക്രൂരമായ ചെയ്തികളും നാട്ടുരാജാക്കന്മാരുടെ പാദസേവയും ഇന്ത്യയെ അപരിഷ്കൃതാവസ്ഥയിൽ നിറുത്തിയെന്നാണ് അദ്ദേഹം പറയുന്നത്. മാംസിംനെപ്പോലെയുള്ള കൊള്ളക്കാരുടെ സ്വൈരവിഹാരം കണ്ടിട്ടുള്ള അദ്ദേഹം കൊള്ളക്കാരുടെ ഭരണകൂട്ടത്തെപ്പറ്റി പറഞ്ഞിങ്ങനെയാണ്. ഇന്ത്യയുടെ ഊഷരപ്രദേശങ്ങളിൽ കഴിഞ്ഞ നാല്പത് വർഷമായി നിർഭയം താവളമടിച്ചിരിക്കുന്ന ഒരുതരം കൊള്ളക്കാരുണ്ട്. മതവിശ്വാസികളും ദൈവഭക്തന്മാർ എന്നഭിമാനിക്കുന്നു അവരുടെ കുലത്തൊഴിൽ കൊള്ളയും കൊലയുമാണ്. നമ്മുടെ വണ്ടി അവരുടെ സാമ്രാജ്യത്തിലൂടെയാണ് കടന്നുപോകുന്നത്. പലപ്പോഴും ഈ സ്ഥലത്ത് വച്ച് വണ്ടികൾ

ആക്രമിക്കപ്പെട്ടിട്ടുണ്ട്. ജനങ്ങളെ വധിക്കുന്ന ക്രൂരവിനോദത്തിൽ അവർ സംതൃപ്തരാണ്. അവരുടെ ആജ്ഞയനുസരിച്ച ജീവിക്കുന്നവാണ് മദ്ധ്യേന്ത്യയിലെ ഗ്രാമീണർ. സൌരാഷ്ട്രം പാർശ്വഭാഗങ്ങളും ആഗ്രയ്ക്കടുത്തുള്ള ചാമ്പാൻകുന്നുകളും അവരുടെ താവളങ്ങളാണ്. ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചിട്ടും. അവരുടെ ഇരുളടഞ്ഞ മനോഗുഹകളിൽ ധർമ്മബോധത്തിന്റെ വെളിച്ചം കടന്നിട്ടില്ല. റെയിൽവേ ജീവനക്കാർ, പോലീസുകാർ, അതിർത്തി കാവൽക്കാർ തുടങ്ങിയ വകുപ്പുദ്യോഗസ്ഥന്മാരെല്ലാം ബ്രിട്ടീഷ് ഭരണകാലത്തെ കൊള്ളക്കാരുടെ വിശ്വസ്തനായിരുന്നു. പ്രാണഭയവും, ധനലാഭവും അവരെയതിന് പ്രേരിപ്പിച്ചു.

ഈ കൊള്ളക്കാരെ അമർച്ച ചെയ്യാൻ സർക്കാരിന് എന്തുകൊണ്ട് കഴിയുന്നല്ലെന്ന് ഞങ്ങൾ ചോദിച്ചപ്പോൾ കൊള്ളക്കാരെ പരിചയമുള്ള ശിവറാവു പറയുകയാണ്. “കേവലം കൊള്ളക്കാരാണെങ്കിലും അവരെ അന്ധമായി വിശ്വസിക്കുന്ന നാട്ടുകാർ അവുടെ പിന്നിലുണ്ട്. കേന്ദ്രഗർമ്മേണ്ട് ശക്തിയായ ആക്രമണം ആരംഭിച്ചപ്പോഴാണ് ഇവരിൽ പലരും ഒളിപ്പോരിന് ശക്തികൂട്ടിയത്. ചിലർ പാക്കിസ്ഥാനിലേയ്ക്ക് കടക്കുകയും ചെയ്തു. ഇന്ത്യാ പാക്കിസ്ഥാൻ അതിർത്തികളിലാണ് ഇവരുടെ ശക്തികേന്ദ്രങ്ങൾ. വളരെയധികം നിസ്സഹായരായ ഗ്രാമീണരെ കൊന്നശേഷമാണ് കൊള്ളക്കാരെ പിടിക്കുവാൻ കഴിയുന്നത്. മാൻസിംഗിനെപ്പോലെ പിടിച്ചെങ്കിലും ഇനിയും ശക്തന്മാരായ പലരേയും കിട്ടേണ്ടതുണ്ട്. കൊള്ളക്കാരിൽ വിദ്യാസമ്പന്നരുണ്ട്. ആധുനിക യന്ത്രസാമാഗ്രികളുപയോഗിച്ച് ഒളിവിൽ ഭരണം നടത്തുന്നവരാണ് അവർ. ദീർഘകാലത്തെ പരിശീലനം ലഭിച്ച ഇവരുടെ പകൽക്കൊള്ള കുപ്രസിദ്ധമാണ്. നട്ടുച്ചയ്ക്ക് ആ ട്രയിനിൽ കൊള്ള നടത്തി വിജയാട്ടഹാസംമുഴക്കി കൊള്ളക്കാർ ഓടിമറിയുന്നത് ഞാൻ കണ്ടിട്ടുണ്ട്. വണ്ടികളിൽ കൂട്ടംകൂട്ടമായി ടിക്കറ്റില്ലാതെ സഞ്ചരിക്കുന്ന ഇവരെ പിടികൂടാൻ ആരും ധൈര്യപ്പെടാറില്ല. മാനസികമായ കുറ്റം ഇവരിൽ വരാതെ കൊള്ളയും കൊലയും അവസാനിക്കുകയില്ല. സർക്കാരിന്റെ ഉന്നത നടപടി മുഴുവനും പര്യാപ്തമാണെന്നെനിക്കഭിപ്രായമില്ല....,” സാഹസികരായ കൊള്ളക്കാരുടെ ക്രൂരവിനോദങ്ങളെപ്പറ്റി അദ്ദേഹം പറഞ്ഞപ്പോൾ ഉൾക്കിടിലം തോന്നി. അതെല്ലാം യഥാർത്ഥമാണെങ്കിൽ ഇന്ത്യ ഇന്നും അപരിഷ്കൃത യുഗത്തിലല്ലെ കഴിയുന്നതെന്നാലോചിച്ചുപോകും. വൃദ്ധൻ സ്വന്തം ഭക്ഷണപ്പായ്ക്കറ്റുകൾ തുറന്ന് പാചകവേലയിലേർപ്പെട്ടു. ദീർഘസംഭാഷണങ്ങൾ കഴിഞ്ഞ നിലയ്ക്ക് വിശ്രമിക്കാനായി ഞങ്ങൾ തീരുമാനിച്ചു. പക്ഷെ പല കാര്യങ്ങളും അദ്ദേഹം പറഞ്ഞെങ്കിലും. ഈ വാർദ്ധക്യകാലത്തദ്ദേഹം എന്തിനാണിങ്ങനെ യാത്രചെയ്യുന്നതെന്നറിയുവാൻ ഞങ്ങൾക്കാഗ്രഹമുണ്ടായി.

നിദ്ര കൺപോളകളെ വിമോചിപ്പിച്ചപ്പോൾ വൃദ്ധൻ ഉണർന്നു. കടുംപ്പം കൂടിയ ആന്ധ്രാ ചുരുട്ടെടുത്ത് തീ കൊളുത്തി. ആത്മാവിനെ സുഷുപ്തിയിൽനിന്നുണർത്തി വൃദ്ധൻ ചാരിയിരുന്നു. “വാർദ്ധക്യകാലത്ത് ആരുടെയും സഹായം കൂടാകെ യാത്ര ചെയ്യുന്നതെന്താണ്?,, ഈ ചോദ്യത്തിന് ഒരു പൊട്ടിത്തെറിയാണ് മറുപടി കിട്ടിയത്. ഒരു സഞ്ചാരിയാകുവാനുള്ള കാരണം അദ്ധേഹം വിശദീകരിച്ചു. “വിജ്ഞാനം നാണയത്തുട്ടുകളിലൊ സന്താനസമ്പത്തിലൊ മണിമാളികയിലെ സുഖജിവതത്തിലൊ ഒതുങ്ങിനിൽക്കുന്നില്ല. ആറ് സന്താനങ്ങളുള്ള ധന്യനാണ് ഞാൻ. ആറുപേരും ഉയർന്ന പദവിയിലെത്തിയിട്ടുണ്ട്. രണ്ടുപേർ എഞ്ചിനീയർമാർ, ഒരാൾ ഡാക്ടർ, രണ്ടുപേർ പ്രൊഫസർമാർ, ഒരാൾ വ്യാപാരി എന്നിങ്ങനെയുള്ള സ്ഥാനങ്ങളിൽ അവരെത്തുവാൻ ഞാൻ

പിതാവിന്റേതായ നിഷ്കാമകർമ്മം നിർവ്വഹിച്ചു. നല്ല വിദ്യാഭ്യാസവും മാനസിക ശിക്ഷണവും ലഭിച്ച അവർ എന്റെ സമ്പത്തുതന്നെ. പക്ഷെ വാർദ്ധക്യത്തിന്റെ പേരിൽ അവരുടെ സ്നേഹം നിറഞ്ഞതാണെങ്കിലും സഹതാപത്തിന്റെ പരിചര്യകൾ അനുഭവിച്ച് ആരോഗ്യമില്ലെന്ന് നടിച്ച് സ്വൈരമായി കഴിയുന്നത് എന്റെ ആത്മാഭിമാനത്തിന് യോജിച്ചതല്ല. ഒരിക്കലും പിതാവിനെ ശുശ്രൂഷിക്കുന്ന കടപ്പാട് സന്തതികളിൽ കെട്ടിവെയ്ക്കരുത്. കഴിയുന്നത്ര സ്വാശ്രയശീലത്തോടെ മുന്നോട്ടുപോകുക. തളരുമ്പോൾ ബാധിക്കുകയില്ല. ദിനചര്യകളിൽ കൃത്യനിഷ്ഠയും മനോനിയന്ത്രണവും ശീലിച്ചതുകൊണ്ട് നീണ്ട എഴുപത് വർഷങ്ങൾ ഞാൻ പിന്നിട്ടു. ഇനി സാരമില്ല. മരണത്തിന് മാത്രമെ എന്നെ യാത്രയിൽ നിന്ന് മോചിപ്പിക്കാനൊക്കുകയുള്ളു. മരണത്തെ അന്വേഷിച്ചുകൊണ്ടുള്ള യാത്രയാണല്ലോ മനുഷ്യന്റേത്.... ജീവിത തത്വശാസ്ത്രത്തെപ്പറ്റിയുള്ള വിവരണ അങ്ങനെ പരന്നൊഴുകിയപ്പോൾ എത്തും പിടിയുമില്ലാത്ത നീർക്കയത്തിലേയ്ക്കാണ് നീക്കമെന്ന് തോന്നി. അതിൽ നിന്നദ്ദേഹത്തെ മറ്റൊരു വഴിയിലേയ്ക്ക് തിരിക്കാനായി ഒരു ചോദ്യമുന്നയിച്ചു. “ഇപ്പോൾ എന്തിനാണ് ഡൽഹിക്ക് പോകുന്നത്?” നീണ്ട താടി തടവിക്കൊണ്ട് വൃദ്ധനതിനുത്തരം പറഞ്ഞു. “ഏഷ്യയുടെ സമാധാനത്തിന് നേതൃത്വം കൊടുക്കാൻ കഴിവുള്ള മഹാന്മാർ സമ്മേളിക്കുന്ന ഒരു മഹാസംഭവം തലസ്ഥാനനഗരിയിൽ നടക്കുന്നുണ്ട്. ആ മഹാന്മാരെ നേരിട്ട് കാണുകയെന്നത് നേട്ടമാണ്. സാംസ്കാരിക പ്രാധാന്യമുള്ള അഖിലേന്ത്യ സമ്മേളനങ്ങളൊന്നും ഞാൻ വിട്ടുകളയാറില്ല. പതിനായിരം പുസ്തകം വായിക്കുന്ന പരിജ്ഞാനം ഉത്തരം മഹാസമ്മേളനങ്ങൾ കൊണ്ട് ലഭിക്കും. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ മുപ്പത്തിനാല് സമ്മേളനങ്ങളിൽ പങ്കെടുത്തിട്ടുള്ള എനിക്ക് ദേശീയരംഗത്ത് വലിയ സുഹൃൽവൃന്ദമുണ്ട്. എന്റെ ഏറ്റവും വലിയ സമ്പാദ്യം ആ സുഹൃത്തുക്കൾതന്നെയാണ്. പക്ഷെ അവരെ ആരേയും ബുദ്ധിമുട്ടിക്കാൻ ഞാൻ തയ്യാറില്ല. ഞാൻ സത്രങ്ങളിലും ഒഴിഞ്ഞ മൂലകളിലും കഴിച്ചുകൂട്ടും. എന്റേതായ ആവശ്യങ്ങളൊന്നും അവരെ ധരിപ്പിക്കാറില്ല. ആരേയും അലട്ടാതിരിക്കുക. അതാണു നല്ലത് ...,, ഇന്ത്യുയുടെ സ്വാതന്ത്ര്യം കരുപ്പിടിച്ചിരുന്ന മഹാസമ്മേളനങ്ങളുടെ വർഷവും സംഭവങ്ങളും അദ്ദേഹം സ്മരണകളുടെ ചുരുളുകളിൽനിന്ന് പെറുക്കിയെടുത്ത് നിരത്താൻ തുടങ്ങി. ഭഗവത്സിംഗിന്റേയും ചന്ദ്രശേഖര ആസാദിന്റേയും രക്തസാക്ഷിത്വത്തെപ്പറ്റി പറയുമ്പോൾ ഇന്നലെ കഴിഞ്ഞ സംഭവംപോലെ ശ്രോതാക്കളിൽ വികാരമുതിർന്നുപൊങ്ങും. കോൺഗ്രസ്സിന്റെ വലതുപക്ഷവും ഇടതുപക്ഷഴും ഭിന്നചേരികളായിനിന്ന കാലത്തെ സ്വാതന്ത്ര്യതൃഷ്ണയെപ്പറ്റി ദീർഘമായ ഒരു വിവരണം തന്നെ നൽകി. ഇന്ത്യൻ ദേശീയസമരത്തിന്റെ സമ്പൂർണ്ണമായ ഒരു ചരിത്രമാണ് വൃദ്ധൻ പറഞ്ഞു തീർത്തത്. യുവതലമുറയ്ക്ക് അജ്ഞാതമായ സംഭവങ്ങളുടെ മേഖലയിലേയ്ക്ക് അദ്ദേഹം കൂട്ടിക്കൊണ്ടുപോയി. നടുവൊന്നു നിവർത്തി വീണ്ടും സംസാരം ആരംഭിച്ചിരിക്കുകയാണ്. അതിനിടയ്ക്ക് മഹാത്മാഗാന്ധിയുടെ കയ്യൊപ്പുള്ള ഒരു ഡയറി പെട്ടിയിൽ നിന്നും പുറത്തെടുത്തു. ആ ഡയറിയിൽ മഹാകവി ടാഗോറും ഇക്ബാലും സ്ഥലം പിടിച്ചിട്ടുണ്ട്. ഒരു നിധിപോലെ കാത്തു സൂക്ഷിക്കുന്ന ആ വിശിഷ്ടവസ്തു മറിച്ചു നോക്കിയതുതന്നെ ഒരു പുണ്യമായി ഞങ്ങൾ കരുതി.

ജീവിതയാത്രയെപ്പറ്റി വൃദ്ധന് ചില ദൃഢാഭിപ്രായങ്ങളുണ്ട്. “എന്റെ യാത്രകൊണ്ട് എനിക്ക് ലഭിക്കുന്ന മാനസിക സംതൃപ്തി തന്നെയാണ് എന്റെ ജീവിതത്തെ സമ്പന്നമാക്കുക. തീർത്ഥാടകകേന്ദ്രങ്ങളിൽ ചെന്ന് ഭജനമിരിയ്ക്കാൻ ഞാൻ തയ്യാറില്ല. എല്ലാ തീർത്ഥാടക കേന്ദ്രങ്ങളിലും

ഞാൻ പോയിട്ടുണ്ട്. അവിടത്തെ മതവികാരസത്തയുൾക്കൊള്ളുന്ന കാലക്ഷേത്രങ്ങൾ കണ്ടാസ്വദിക്കുക മാത്രമാണ് എന്റെ ലക്ഷ്യം. പരലോകത്തിലുണ്ടാകുന്ന ദിവ്യജീവിത്തതിനുവേണ്ടി സമയം പാഴാക്കുന്നതിൽ പണ്ടെനിക്ക് വിശ്വാസമുണ്ടായിരുന്നു. ആ വിശ്വാസങ്ങൾ ഇഹലോകജീവിതത്തിൽ സത്യസന്ധനായി കഴിയാൻ എന്നെ പ്രേരിപ്പിച്ചു. പക്ഷെ സമയം വെറുതെ ബലികഴിക്കരുത്. കന്യാകുമാരി കണ്ടപ്പോൾ അവിടെ ഒരു ക്ഷേത്രമുണ്ടെന്ന് ഞാൻ കാര്യമാക്കിയില്ല. കന്യാകുമാരിയിലെ പ്രകൃതിഭംഗിയാണ് എന്നെ വശീകരിച്ചത്. ആഗ്രയിലെ പ്രകൃതിഭംഗിയാണ് എന്നെ വശീകരിച്ചത്. ആഗ്രയിലെ മാർബിൾ തറകളിലും ഗ്വോളിയറിലെ അശോകന്റെ കോട്ടകളിലും ബിനിയിലെ ബൗദ്ധമത മണ്ഡലത്തിലും ഞാൻ അനേകദിവസം കിടന്നുറങ്ങിയിട്ടുണ്ട്. ആ കലാ സങ്കേതങ്ങൾ നിർമ്മിച്ച മഹാന്മാരുടെ ഹൃദയവിശാലതയെപ്പറ്റി ആലോചിച്ച് പുളകം കൊണ്ടിട്ടുണ്ട്. പുതിയ ഇന്ത്യയുടെ നിർമ്മാണപ്രവർത്തനങ്ങൾ കാണുകയാണ് ഇനിയെന്റെ ലക്ഷ്യം. അടിമകളായിരുന്ന ഇന്ത്യാക്കാരുടെ സാമ്പത്തിക മോചത്തിനുള്ള ആ നിർമ്മാണ കേന്ദ്രങ്ങളെക്കാൾ വലിയ പൂജാ സങ്കേതങ്ങളില്ല. നമ്മുടെ നേതാവിന്റെ പ്രാർത്ഥനാലങ്ങൾ വിദ്യച്ഛക്തി ഉൽപാദിപ്പിക്കുന്ന വെള്ളച്ചാട്ടങ്ങളാണ്. മഹാനായ ആ മനുഷ്യന്റെ അനുയായി ആവുകയെന്നതുതന്നെ ഭാഗ്യമായി കരുതുക. നമ്മുടെ നാടിന്റെ സാമ്പത്തികസ്ഥതികൂടി നന്നായാൽ നാം ലോകത്തിന് മാതൃക നൽകും. നമ്മുടെ ചെറിയ മനസ്സുകളുടെ ഇടുങ്ങിയ വാതിലുകൾ കൂടുതൽ തുറക്കണം. എന്നാൽ ഇന്ത്യ ഉയരും...,, ഉയർന്ന നിലയിലുള്ള ദേശീയ താല്പര്യപ്രധാനമായ തത്വമാണ് അവസാനമായി അദ്ദേഹത്തിന് പറയാനുള്ളത്. അതെല്ലാം സോത്സാഹം ഞങ്ങൾ കേട്ടു. ഡെൽഹിയിലെത്തിയാൽ എവിടെയായിരിക്കും താമസമെന്നും അവിടെനിന്നും എവിടേയ്ക്കാണ് യാത്ര തിരിക്കുകയെന്നും ഞങ്ങളന്വേഷിച്ചു. ഡൽഹിയിലെത്തിയാൽ ഏതെങ്കിലും സത്രത്തിൽ കൂടും. അവിടെ നിന്നും കടിച്ചുകീറുന്ന തണുപ്പിനെ കൂസാതെ പത്താൻകോട്ടിലേയ്ക്ക് പോകുമത്രേ. ആ വഴി കാശ്മീരിലേയ്ക്കും അതിനിടയക്ക് അദ്ദേഹം ഞങ്ങളെ സ്തംഭിപ്പിക്കുന്ന പ്രശ്നം വലിച്ചു പുറത്തിട്ടു. അദ്ദേഹത്തിന്റെ പെട്ടി തുറന്നു. പെട്ടിയുടെ മേൽമുറിയിൽ കമ്പിഫാറം പൂരിപ്പിച്ചുവെച്ചിരിക്കുകയാണ്. അതിനുവേണ്ടതായ പോസ്റ്റൽ സ്റ്റാമ്പും. അദ്ദേഹത്തിന്റെ മകന്റെ വിലാസം ആദ്യം എഴുതിയിട്ടുണ്ട്. വിവരം ഇതാണ്: നിങ്ങളുടെ പിതാവ് ശിവറാവു അന്തരിച്ചു." "ഞാൻ പെട്ടെന്ന് മരിച്ചാൽ നിങ്ങളാണ് കൂടെയുള്ളതെങ്കിൽ ഇതെടുത്ത് കമ്പിയാഫീസിൽ കൊടുക്കണം. ഇതാദ്യമേ പറയേണ്ടതായിരുന്നു. മറന്നുപോയി..."

ജീവിതം എത്ര ചിട്ടയായി ക്രമപ്പെടുത്തിയിരിക്കുന്നു ആ അജ്ഞാത വൃദ്ധൻ. വണ്ടി സ്റ്റേഷനിലെത്തി. യാത്ര ചോദിച്ചു ആ മനുഷ്യൻ ആൾത്തിരക്കിലൂടെ നടന്നു മറഞ്ഞു. ആ ഒട്ടകം നടന്നകന്നപ്പോൾ ഞങ്ങളുടെ കണ്ണുകൾ നനഞ്ഞിരുന്നു.

# ഖാൽത്തൂണിന്റെ ചരിത്രകഥ

ആധുനിക ചരിത്രനിർമ്മാണകലയിൽ ശാസ്ത്രത്തിന്റെ പുതുവെളിച്ചം കടത്തിവിട്ടത് ഈജിപ്തുകാരും ടുണീഷ്യരുമാണെന്ന യഥാർത്ഥ്യം ലോകം സമ്മതിച്ചുകഴിഞ്ഞു. ഐതിഹ്യവും അതിനവലംബം നൽകുന്ന കെട്ടുകഥകളും ചരിത്രകലയുടെ മുതൽ കൂട്ടായറിയപ്പെട്ടിരുന്ന കാലഘട്ട ത്തിലാണ് സത്യാന്വേഷികളായ ചരിത്രഗവേഷകന്മാർ മുന്നോട്ട് വന്നത്. ഗ്രീക്ക് ദാർശനികന്മാരുടെ കാലടിപ്പാടുകളെ ബഹുദൂരം പിന്തുടർന്നവരെ ചരിത്രത്തിൽ കാണാമെങ്കിലും ലക്ഷ്യത്തിലെത്താൻ ചുരുക്കം ചിലർക്കേ സാധിച്ചിട്ടുള്ളു. അങ്ങനെ വിജയിച്ചവരിൽ പ്രമുഖനാണ് പതിനാനാലാം നൂറ്റാണ്ടിലെ പ്രസിദ്ധ ടുണീഷ്യൻ ചരിത്രകാരനായ ഇബ്നുഖാൽതൂൺ.

സ്പെയിലെ യുദ്ധക്കളത്തിൽ നിന്ന് ടുണിഷ്യയിലെ അഭയാർത്ഥി പാളയത്തിലേയ്ക്ക് മാറ്റപ്പെട്ട ഒരു ദേശസേവകന്റെ പാളയത്തിലേയ്ക്ക് മാറ്റപ്പെട്ട ഒരു ദേശസേവകന്റെ പുത്രനാണ് ചരിത്രകാരനായ ഇബ്നൂഖാൽതൂൺ. സമാധാന ജീവിതത്തെ പിടിച്ചു കുലുക്കിയ ആഭ്യന്തര കലഹങ്ങളിലുടെ ടുണീഷ്യൻ ദേശീയ പ്രസ്ഥാനത്തിലേയ്ക്ക് കയറാൻ ഇബ്നുഖാൽതൂണിനു സാധിച്ചു. പതിനേഴാമത്തെ വയസ്സിൽ വടക്കെ ആഫ്രിക്കയിലെ കുർദിയ വിപ്ലവത്തിൽ ലഘുലേഖകളെഴുതാൻ ഖാൽത്തൂൺ നിയോഗിക്കപ്പെട്ടു. അന്നത്തെ ലഘുലേഖകൾക്ക് വടക്കൻ ആഫ്രിക്കയിൽ കലാപത്തിന്റെ കാട്ടു തീ വളർത്താൻ കഴിഞ്ഞിരുന്നു. എതിർപക്ഷം ഈ ലഘുലേഖകളുടെ കർത്താവിനെ കുറേക്കാലം അന്വേഷിച്ചു. വടക്കേ അഫ്രിക്കയിൽ നിന്ന് ഒരു ഭയങ്കര ഗൂഢാലോചനയിൽ പങ്കെടുത്ത ശേഷം മെറോക്കോവിലേക്ക് പോകുമ്പോൾ ഖാൽത്തൂണിനെ ശത്രുക്കൾ പിടിച്ചു. ഭീകപ്രസ്ഥാനത്തിന്റെ രഹസ്യവാർത്തകൾ പറഞ്ഞു കൊടുത്തതുകൊണ്ട് അദ്ദേഹം മോചിതനായി. മുപ്പത്തിനാലു വയസ്സിനിടക്ക് ഇരുപത്തിമൂന്ന ഭീകര പ്രസ്ഥാനങ്ങളിലും, രാഷ്ട്രീയ പാർട്ടികളിലും, ഭരണകക്ഷികളിലും, ഇബ്നൂഖാൽത്തൂൺ മാറി മാറി പ്രവർത്തിച്ചു. ഭരണ കർത്താക്കളുടെ അപകട തന്ത്രങ്ങളും രാഷ്ട്രീയ പാർട്ടികളുടെ പ്രചരണങ്ങളും ഭീകര പ്രസ്ഥാനങ്ങളുടെ സാഹസിക പ്രവർത്തനങ്ങളും ഖാൽത്തൂണിന്റെ ജീവിതത്തിൽ പല പരിവർത്തനങ്ങളും വരുത്തി. ഖാൽത്തൂൺ തന്റെ വിശ്വ പ്രസിദ്ധമായ ആ കഥയിൽ ജീവിതത്തിലുണ്ടായ എല്ലാ സംഭവങ്ങളും വളച്ചൊടിക്കൽ കൂടാതെ അവതരിപ്പിച്ചിട്ടുണ്ട്. കൊള്ളയ്ക്കും കൊള്ളിവെപ്പിനും നേതൃത്വം നൽകിയിട്ടുള്ള ഖാൽത്തൂൺ തന്നെയാണ് ഉന്നതനായ ചരിത്രകാരനായി മാറിയത്.

സ്പെയിനിലെ ഗാൽത്താനിൽ മന്ത്രിയിയാരുന്ന ഇബിനുൽഖാത്തീബ് ഖാൽത്തൂണിനെ വിശ്വസ്തനായ ഉപദേശനകനായി സ്വീകരിച്ചു. ഈ സുഹൃൽ ബന്ധത്തിലൂടെയാണ് ഖാൽത്തൂണിൽ ഒളിഞ്ഞുകിടന്നിരുന്ന പണ്ഡിതനായ ചരിത്രകാരൻ പുറത്തു വന്നത്. ഇബ്നുൽഖാത്തീബ് പേരെടുത്ത സാഹിത്യകാരനും സൂഫിയതിവർയ്യനുമായിരുന്നു. ഖാതതീബിന്റെ ആദ്ധ്യാത്മികജീവിതവും സത്യസന്ധതയും ഖാൽത്തൂണിനെ പുതിയ മാർഗ്ഗത്തിലേക്ക് നയിച്ചു. ഗാൽത്താനിലെ തന്ത്രപ്രതിനിധിയായും, വെടിക്കോപ്പ് സൂക്ഷിപ്പുക്കാരനായും, ഗ്രന്ഥാലയം മേലധികാരിയായും ഖാൽത്തൂൺ ജോലിനോക്കി. വീണ്ടും പഴയപടിയിലേയ്ക്ക് ഖാൽത്തൂൺ ഇറങ്ങി. വടക്കേ ആഫ്രിക്കയിലെ രാജാവിന്റെ ക്ഷണനപ്രകാരം ഖാൽത്താൻ വിട്ടു. ആഫ്രിക്കയിൽ ഒരു ഭയങ്കര

ഗൂഡാലോചനയിൽ പങ്കെടുത്ത് വിജയം വരിക്കുവാൻ എന്തുസാഹസകൃത്യവും ചെയ്യാൻ ഖാൽത്തൂൺ മടിച്ചിരുന്നില്ല. ഭീകരനായ ഒരു രാഷ്ട്രീയ വഞ്ചകനായി ഖാൽത്തൂൺ മുദ്രയടിക്കപ്പെട്ടു. എല്ലാ സ്ഥലത്തും അദ്ദേഹത്തിന് ശത്രുക്കൾ വർദ്ധിച്ചു. ആഫ്രിക്കയിലെ ഒളിജീവിതത്തിൽ കൂട്ടുകിട്ടിയ ഹാലിബിന്ന എന്ന കാമുകിയോടുകൂടി മെറോക്കോവിലേക്കു കടന്നു. ശത്രുക്കളുമായുള്ള ഏറ്റമുട്ടലിൽ ഹാലിബിന്ന മരിച്ചു. ഹതഭാഗ്യനായ ഖാൽത്തൂൺ ആഫ്രിക്കയിലെ ഒരൊഴിഞ്ഞമൂലയിൽ തന്റെ നാല്പത്തിരണ്ടാമത്തെ വയസ്സിൽ ബാഹ്യലോകവുമായി ബന്ധപ്പെടാതെയുള്ള പുതിയ ജീവിതമാരംഭിച്ചു. നീണ്ട ഇരുപത്തഞ്ചു വർഷക്കാലത്തെ യുദ്ധങ്ങളുടേയും കലാപങ്ങളുടേയും രോമാഞ്ചം കൊള്ളിക്കുന്ന കഥകളെപ്പറ്റി ആലോചിച്ചു. ബനൂ ആരിഫ് വംശജന്മാരായ ചിലരുടെ സഹായത്തോടുകൂടി ഖാൽത്തൂൺ ചരിത്രനിർമ്മാണകലയിൽ മാറ്റങ്ങൾ വരുത്താൻ ശ്രമിച്ചു. ഗ്രീക്കു ദർശികന്മാരുടെ ഗ്രന്ഥങ്ങൾ വായിക്കാൻ തുടങ്ങിയത് ഈ കാലഘട്ടത്തിലാണ് . ആദ്യമായി സ്വജീവിതത്തിന്റെ ഉള്ളറയിലേയ്ക്ക് ചുഴിഞ്ഞു നോക്കിക്കൊണ്ട് ആത്മകഥയുടെ ആദ്യഭാഗമെഴുതി. തുടർന്നു ലോകത്തിലെ അമ്പത്തിനാലു ഭാഷകളിലേയ്ക്ക് പരിഭാഷപ്പെടുത്തിയിട്ടുള്ള ലോകചരിത്രത്തിനൊരു മുഖവുര എന്ന ഗ്രന്ഥമെഴുതി. ഒരു തത്വചിന്തകന്റെ പ്രവർത്തനപാടവവും ശാസ്ത്രജ്ഞന്റെ നിരീക്ഷണ ബുദ്ധിയും ആ കാലത്തെ കൃതികളിൽ തെളിഞ്ഞുകാണാം. തന്റെ പരിചയ പരിധിയിൽപ്പെട്ട ആഫ്രിക്കയുടേയും, സ്പെയിനിന്റേയും, മൊറോക്കയുടേയും, അറേബ്യയുടേയും ചരിത്രമെഴുതുവാൻ മാത്രം നിശ്ചയിച്ച ഇബ്നുഖാൽത്തൂൺ ലോക ചരിത്രം തന്നെ എഴുതിത്തീർത്തു. ഇബ്നുഹാഷീം വർഗ്ഗത്തിന്റെ വിശ്വോത്തര ഗ്രന്ഥശാല ഖാൽത്തൂണിന്നായി മതുറന്നുകൊടുത്തു. വായനയും എഴുത്തമായി ഗ്രന്ഥശാലയിൽതന്നെ ഖാൽത്തൂൺ വർഷങ്ങൾ കഴിച്ചുകൂട്ടി. തനിക്ക് മുമ്പ് ഉണ്ടായിട്ടുള്ള എല്ലാ ചരിത്രഗന്ഥങ്ങളും തേടിപ്പിടിക്കുന്നതിൽ ഖാൽത്തൂൺ വ്യാപൃതനായി. ചരിത്രത്തിൽ കാണുന്ന പ്രസിദ്ധ സ്ഥലങ്ങൾ സന്ദർശിക്കാൻ തന്നെ തീരുമാനിച്ചു. ചരിത്രനിർമ്മാണത്തിൽ കാണുന്നു തത്വചിന്തയുടെയും ശാസ്ത്രവീക്ഷണത്തിന്റെ അഭാവം തുടച്ചുമാറ്റാൻ ഖാൽത്തൂൺ തീരുമാനിച്ചു. പത്തുവർഷക്കാലത്തെ ഗ്രന്ഥപാരായണവും ലേഖനരചനയും വൈദേശിക സുഹൃത്തുക്കളെ സമ്പാദിക്കാൻ പ്രയോജനപ്പെടുത്തി. ഒരു രാഷ്ട്രീയ പ്രക്ഷോഭകനായിരുന്ന ഖാൽത്തൂണിന്റെ പ്രവർത്തന മാർഗ്ഗങ്ങൾ ചരിത്രാന്വേഷകർക്ക് നിർമ്മാണ രംഗത്ത് ഉത്തേജനം നൽകി.

അലക്സാണ്ടറിയായിലും, കെയറോവിലും ഖാൽത്തുണിന് ലഭിച്ച സ്വീകരണം "അൽ അഹ്സർ കിത്താബിയാ,, എന്ന ഗ്രന്ഥത്തിൽ ചരിത്രകാരനായ ഇബ്നു ആറബ്ഷതന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. ഈജിപ്തിലെ സമകാലീനപണ്ഡിതന്മാരിൽ ഖാൽത്തൂണിന് നിഷ്പ്രയാസം സ്വാധീനം ചെലുത്താൻ കഴിഞ്ഞു. ഈജിപ്ത് മഹാപണ്ഡിതന്മാരിൽ ഖാൽത്തൂണിനെതിരായി ഉപജാപങ്ങളിലേർപ്പെട്ടെങ്കിലും കെയിറോവിലെ ഖാസിയുടേത്. ഖാൽതുന്നിന്റെ നയവും പാണ്ഡിത്യവും ഖാസി പദവിക്ക് ഒന്നുകൂടി പ്രാബല്യം കൂട്ടി. കെയിറോവിലെ വിശ്വോത്തര ഗ്രന്ഥാലയം സൂക്ഷിപ്പിക്കുകാരനായി ചാർജ്ജെടുക്കുന്ന അവസരത്തിൽ ഖാൽതൂൺ പറഞ്ഞിതങ്ങനെയാണ്. "കെയിറോവിലെ സുൽത്താൻ പദവിയേക്കാൾ ഞാൻ ഗ്രന്ഥങ്ങളുടെ അടിമയാകാൻ ഇഷ്ടപ്പെടുന്നു...."

സമുദായത്തിന്റെ വളർച്ചയേയും, സാമൂഹ്യ സ്ഥിതിയേയും, സമൂഹത്തിലുണ്ടാകുന്ന പരിഷ്കാരഘട്ടങ്ങളേയും സംബന്ധിച്ച് പഠിക്കാതെ ഒരാൾക്ക് ചരിത്രമെഴുതാൻ കഴിയുകയില്ലെന്നും,

ബോധപൂർവ്വം എഴുതാത്ത ചരിത്രം നൂറ്റാണ്ടുകളെ പിന്നിട്ട് ജീവിക്കുകയില്ലെന്നും ഖാൽതൂൺ പ്രസ്താവിക്കുന്നു. ഒരു ചരിത്രകാരൻ ഭൂമിശാസ്ത്രജ്ഞനും സമുദായ ശാസ്ത്രജ്ഞനും കൂടി ആയിരിക്കണമെന്നാണ് ഖാൽതൂണിന്റെ മതം. ഈജിപ്തിന്റേയും ആഫ്രിക്കയുടേയും ചരിത്രമെഴുതിയപ്പോൾ ഖാൽതൂൺ തന്റെ സിദ്ധാന്തം വെളിപ്പെടുത്തുകയും ചെയ്തു. ഭൂമിശാസ്ത്രപരമായ പശ്ചാത്തലത്തിൽ കാലഗണനയുടെ നിർണ്ണയങ്ങളോടുകൂടിയ ആദ്യത്തെ ചരിത്ര ഗ്രന്ഥവും അദ്ദേഹം തന്നെയാണ് ലോകത്തിന് സമ്മാനിച്ചത്. ചരിത്രകാരൻ വിധികർത്താവല്ലെന്നും പ്രസ്തുത ഒരു നിരീക്ഷകനാണെന്നും ഖാൽതൂൺ പറയുന്നു. വ്യക്തികൾക്ക് പറ്റുന്ന വിജയാപജയങ്ങൾ സമുദായത്തിനും പറ്റാറുണ്ടെന്നും അങ്ങനെയാണ് ചരിത്രത്തിലെ മഹാസംഭവങ്ങൾ ഉടലെടുക്കുന്നതെന്നും പുരാതന ഈജിപ്തിന്റെ ചരിത്രമെഴുതിയപ്പോൾ ആമുഖത്തിൽ ഖാൽതൂൺ ചൂണ്ടിക്കാട്ടി. കാലാവസ്ഥയും ആചാരങ്ങളും സമുദായത്തിന്റെ പുരോഗതിയെ ബാധിക്കുന്ന ഉപാധികളാണെന്നും, ജീവിക്കുന്ന ചുറ്റുപാടുകൾ സമുദായത്തിന്റെ സാംസ്കാരിക നിലയെ രൂപപ്പെടുത്തുമെന്നും ഖാൽതൂൺ വ്യക്തമാക്കി. ആദ്യം അസംഘടിതരും, പിന്നീട് സംഘടിതരും, തദനന്തരം നേതൃത്വത്തിൻ കീഴിൽ അധിവസിച്ചവരും നേതൃത്വത്തോടു പടപൊരുതിയവരുമാണ് ലോകത്തിലെ ജനതയിലെ ഭൂരിപക്ഷമെന്ന് ഖാൽതൂൺ സവിസ്തരം തന്റെ ലോകചരിത്രഗ്രന്ഥത്തിൽ പ്രതിപാദിച്ചിരുന്നു. യുദ്ധങ്ങൾ സമുദായത്തിന്റെ മുഖച്ഛായതന്നെ മാറ്റിയെന്നും സ്വഭാവത്തിൽ പോലും മാറ്റംവരുത്തിയെന്നും, ധൈര്യവും ഭയവും എന്താണെന്ന് വേർതിരിച്ച് പഠിപ്പിച്ചെന്നും ഖാൽതൂൺ പറയുന്നു.

ഒരു പട്ടാള നായകനായി സിറിയൻ യുദ്ധത്തിൽ പങ്കെടുക്കുകയും, യുദ്ധപ്രതിനിധിയെന്ന നിലയിൽ അമീർ ടൈമൂർ രാജാവുമായി സന്ധി സംസാരിക്കുകയും ചെയ്തതോടുകൂടി ഖാൽതൂൺ രാഷ്ട്രമീമാംസകരുടെയിടയിൽ പ്രബലനായി. ചരിത്രപ്രസിദ്ധമായ സിറിയൻ യുദ്ധത്തിന്റെ ചരിത്രം തന്നെ ഖാൽതൂണിന്റെ വീരപദാനങ്ങളുടെ ചരിത്രമാണ്. പരിചയപ്പെടുന്ന എല്ലാ ഭരണാധികാരികളും ഖാൽതൂണിന്റെ രാജ്യതന്ത്രജ്ഞതയെ പുകഴ്ത്തിയിരിക്കുന്നു. ഒരു രാഷ്ട്രത്തിന്റെ ഭാവിയെ സംബന്ധിച്ച് ഖാൽതൂൺ അഭിപ്രായ പറഞ്ഞാൽ അതൊരു പ്രവചനമായി അംഗീകരിക്കപ്പെട്ടിരുന്നു. വ്യക്തമായ ഒരു വീക്ഷണഗതി എല്ലാ കാര്യത്തിലും ഖാൽതൂണിനുണ്ടായിരുന്നു. ഇതദ്ദേഹത്തിന്റെ ചരിത്രഗ്രന്ഥങ്ങളിലും കാണാം.

ഇബ്നുൽ ഖാൽതൂൺക്രി 1406 ൽ തന്റെ 74-ാമത്തെ വയസ്സിൽ അന്തരിച്ചു. ഗണിതശാസ്ത്രം, ചരിത്രം, ഭൂമിശാസ്ത്രം, തുടങ്ങിയ ശാഖകളിൽ മുപ്പതോളം വലിയ ഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചു. സ്പെയിൻ ഭരണകൂടം അധഃപതിച്ചു. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ കെയിറോവിലെ അൽത്താരയിലും അൽഅഹ്സർ ഗ്രന്ഥശാലയിലും രണ്ട് നൂറ്റാണ്ട് കാലം കെട്ടിക്കിടന്നു. പക്ഷെ, പതിനേഴാം നൂറ്റാണ്ടിലെ പരിഷ്കർത്താക്കളും ചരിത്രകാരന്മാരും ഇബ്നൂൽ ഖാൽതൂണിന്റെ വിശിഷ്ട കൃതികളും കണ്ടെത്തി. യൂറോപ്പിലെ ഉന്നതന്മാരായ ശാസ്ത്രജ്ഞന്മാരും ചരിത്രകാരന്മാരുടെ ഖാൽത്തൂണിയൻ ചരിത്രനിർമ്മാണകല ഉയർത്തിക്കൊണ്ടുവന്നു. ഇന്ന് കാണുന്ന ചരിത്രനിർമ്മാണമാർഗ്ഗം ഖാൽത്തൂണിന്റെ കഴിവുള്ള കരങ്ങൾ വെട്ടിത്തെളിച്ചതാണ്

.

# കേരള ചരിത്രവും വിദേശ സംസ്കാരവും

പ്രാചീന കേരളത്തിന്റെ ചരിത്രം ഇരുളടഞ്ഞതാണെങ്കിലും വിദേശ വ്യാപാരസമ്പർക്കത്തിന്റെ രേഖകൾ ചരിത്രാന്വേഷകരുടെ മാർഗ്ഗത്തിൽ പ്രകാശം പരത്തിയുട്ടുണ്ടെന്ന് പറയാതെ തരമില്ല. കേരള ചരിത്രത്തെ രണ്ടു വീക്ഷണകോണുകളിലൂടെയാണ് ചരിത്രകാരൻമാർ സമീപിക്കുന്നത്. ഐതിഹാസിക പാരമ്പര്യത്തെ പ്രകീർത്തിക്കുന്ന കഥകളിലൂടെയും വിദേശസഞ്ചിരികളുടെ വസ്തുനിഷ്ഠമായ സഞ്ചാരക്കുറിപ്പുകളിലൂടെയും ആ ചരിത്രത്തിന്റെ ഗതിയെ വസ്തുനിഷ്ഠമായി വരച്ചുകാട്ടാനും ഒരു വിഭാഗം ശ്രമിക്കുന്നു. ഭാരത്തിന്റെ സനാതന സിദ്ധികൾക്ക് രൂപം നൽകിയിട്ടുള്ള പുരാണങ്ങൾ എഴുതിയ കാലത്തുതന്നെ കേരളം ചർച്ചാവിഷയമായിട്ടുണ്ട്. അവതരണമാർഗ്ഗത്തിൽ ആ കാലഘട്ടത്തിന്റെ സ്വഭാവം നിഴലിച്ചുകാണാം. ഏറ്റവും പ്രാചീനമെന്നറിയപ്പെടുന്ന വായുപുരാണത്തിലും തദനന്തരം നിർമ്മിച്ച് മത്സ്യപുരാണം, രാമായണം, ഭാരതം, സ്കന്ദം, ഭാഗവതം തുടങ്ങിയ കൃതികളിലും കേരളം വർണ്ണിക്കപ്പെട്ടിട്ടുണ്ട്. മഹാഭാരത്തിൽ താമ്രവർണ്ണി, നിയേയും കേരളത്തേയും പറ്റി പ്രസ്താവിക്കുമ്പോൾ കാളിദാസൻ രഘുവംശ കാവ്യത്തിൽ രഘു കേരളരാഷ്ട്രം ആക്രമിച്ചതിനെപ്പറ്റിയും പറയുന്നുണ്ട്. ചരിത്രാതീതകാലത്ത് തന്നെ കേരളവും കേരവൃക്ഷവും പൗരാണിക ചരിത്രത്തിൽ പതിഞ്ഞിട്ടുണ്ടെന്ന് ഭാരതീയ പുരാണങ്ങൾ വ്യക്തമാക്കുന്നു. ചരിത്രവംശങ്ങളടങ്ങിയിട്ടുള്ള പ്രസ്തുത ഇതിഹാസങ്ങളെ മാത്രം അവലംബിച്ച് കേരളചരിത്രത്തിനൊരുപ്പെട്ടവരാണ് കോള ചരിത്രകാരന്മാരിൽ അധികവും. ചരിത്രനിർമ്മാണത്തിന് അത്യന്താപേക്ഷിതമായ ഭൂശാസ്ത്രപഠനവും നരവംശ ശാസ്ത്രപരിജ്ഞാനവും നിഷ്പക്ഷതാ വീക്ഷണവും കേരളോല്പത്തി തുടങ്ങിയ ഗ്രന്ഥങ്ങളുടെ കർത്താക്കൾക്കുണ്ടായില്ല. ഇതിഹാസങ്ങളുടെയും പ്രാചീന പുരാവൃത്തങ്ങളുടേയും കാലം കഴിഞ്ഞാൽ കൊല്ലവർഷാരംഭവരെയും നോട്ടമെത്താത്തത്ര ഒരു വലിയ വിടവ് നമ്മുടെ ചരിത്രത്തിൽ കാണാം. ചരിത്രാന്വേഷകരുടെ ജിജ്ഞാസയെ വളർത്തിക്കൊണ്ടിരിക്കുകയാണ് ആ സഞ്ചാരക്കുറിപ്പുകൾ. അവരുടെ രേഖകളിൽ കേരളം പച്ചപിടിച്ചു നിൽക്കുകയാണ്. വിദേശികൾ ഏതു കാലഘട്ടത്തിലാണ് പടിഞ്ഞാറൻ തീരത്ത് പായക്കപ്പലുകളിൽ വന്നിറങ്ങിയതെന്ന് ഇപ്പോഴും പിടിയില്ലാതിരിക്കുകയാണ്. അവരുടെ സാർത്ഥവാഹകസംഘം പാണ്ഡിരാജ്യത്തിലുടെ കടന്നുപോന്ന കാലവും അജ്ഞാതമാണ്. കേരള ചരിത്രാംശങ്ങളടങ്ങിയ ചിലപ്പതികാരം, പതിറ്റ്പത്ത് മണിമേഖല, അകനാനൂറ്, പുറം നാനൂറ് തുടങ്ങിയ ഗ്രന്ഥങ്ങളിലും വിദേശ സമീപനകാലത്തെപ്പറ്റി കൃത്യമായൊന്നും പറഞ്ഞുകാണുന്നില്ല. കേരളത്തിന്റെ ദൂരദേശ ബന്ധനങ്ങളെപ്പറ്റി അറിയേണമെങ്കിൽ പ്ലിനിയുടെ നാച്ചുറൽ ഹിസ്റ്ററിയും, പെരിപ്ലസ് മാരിസ് ഏറിത്രയും, ടോളിമിയുടെ ജോഗ്രാഫിയും, വസീർ സഹീദദ്ദീന്റെ ജാമി ഉത്തവരാഖിലും മാർക്കോ പൊളോവിന്റെ സഞ്ചാരക്കുറിപ്പുകളും ഇബ്നുബതൂത്തയുടെ സാഹസികയാത്രാ ചരിത്രവും മറ്റുമാണ് ഉപയോഗപ്പെടുക. ക്രിസ്തുവിന് മൂവ്വായിരം വർഷങ്ങൾക്ക് മുമ്പ് തന്നെ ആരംഭിച്ച ഒരു വിദേശവ്യാപാര ചരിത്രം കേരളത്തിനുണ്ട്. ദ്രാവിഡൻമാർ, ആര്യന്മാർ, അസീരിയന്മാർ, സെമിറ്റിക്കുകൾ നസിതയന്മാർ, ഹൂണന്മാർ, ശാകന്മാർ, യവനർ, അറബികൾ, ഫിനീഷ്യർ, തുടങ്ങിയവരുടെ സങ്കരസംസ്കാരം കേരളക്കരയിൽ ഊറിപ്പിടിച്ചിട്ടുണ്ടെന്ന് വ്യക്തമാണ്.

ആര്യന്മാർക്ക് കേരളം അജ്ഞാതമായിരുന്ന കാലത്ത് തന്നെ  അനാര്യന്മാർ ഇവിടെ സ്വാധീനം ചെലുത്തിയിരുന്നു. രമേശ ചന്ദ്രദത്തന്റെയും ഭണ്ഡാർക്കറുടെയും നിഗമനം ശരിയാണെങ്കിൽ ബി.സി. നാലാം നൂറ്റാണ്ടിനുമുമ്പ് ആര്യന്മാർ കേരളവുമായി ബന്ധപ്പെട്ടില്ലെന്നുകാണാം ദക്ഷിണേ ന്ത്യൻ വ്യാപരാത്തെയും രാജ്യഭരണത്തെയും സംബന്ധിച്ച് കൂടുതൽ ഗ്രഹിച്ച വിദേശികൾ കാർഡിയന്മാരും ഫിനിഷ്യരുമാണ്. അവരുടെ ആഗമനത്തിന് ശേഷം ചൈന, അറബി, താർത്താരി തുടങ്ങിയ വർഗ്ഗക്കാർ കേരളത്തിൽ കച്ചവടകുത്തക കയ്യേറ്റു. അങ്ങനെ നൂറ്റാണ്ടുകളായി ബന്ധപ്പെട്ടിട്ടുള്ള വ്യാപാരത്തിലൂടെയുള്ള സാംസ്കാരിക വേഴ്ചയാണ് നമ്മുടെ സമരജീവിതത്തിൽ ചലനം സൃഷ്ടിക്കുന്നത്. ബി. സി. നാനൂറിനോടടുത്ത കാലത്ത് ഗോളുകൾ എന്ന സാഹസികരായ പടയാളികൾ റോമാ നഗരം ആക്രമിച്ചപ്പോൾ പിടിച്ചെടുക്കപ്പെട്ട വസ്തുക്കളിൽ കേരളത്തിലെ ധനോല്പന്നമായ കുരുമുളകുണ്ടായിരുന്നു. റോം കേന്ദ്രമാക്കികൊണ്ട്  വ്യാപാരകൾ കച്ചവടമാരംഭിച്ചു. സീസർ അഗസ്റ്റസ് ഈജിപ്ത് ആക്രമിച്ച കാലഘട്ടത്തിൽ ചെങ്കടലിന്റെ അധികാരികളായിത്തീർന്ന റോമാക്കാർ ദക്ഷിണേന്ത്യൻ തീരത്തേയ്ക്ക് യാത്രയായി.  ആ യാത്രാ സംഘം കാറ്റിലകപ്പെട്ടെങ്കിലും സീസർ ആഗസ്റ്റസ് ഈജിപ്ത് ആക്രമിച്ച കാലഘട്ടത്തിൽ ചെങ്കടലിന്റെ അധികാരികളായിത്തീർന്ന റോമാക്കാർ ദക്ഷിണേന്ത്യൻ തീരത്തേയ്ക്ക് യാത്രയായി. ആ യാത്രാസംഘം കാറ്റിലകപ്പെട്ടെങ്കിലും സീസർ ക്ലോഡിയസിന്റെ കാലത്ത് വീണ്ടും അവർ യാത്രതുടർന്നു. അങ്ങനെ കേരളക്കരയിലെത്തി. അറേബ്യൻ അതിർത്തികളിലൂടെയല്ലാതെയും കേരളത്തിലെത്താമെന്നവർ ഗ്രഹിച്ചു. ഫിനീഷ്യരും അറബികളും സോമാലികളും കാലവർഷ കാറ്റിന്റെ ഗതിനോക്കിയാണ് കേരളത്തിലേയ്ക്ക് തിരിച്ചത്. എ. ഡി.  45 ൽ ഹിപ്പാല്ലസ്സുവിന്റെ കാലവർഷ കാറ്റിന്റെ കണ്ടുപിടുത്തത്തിനു മുമ്പ് അറബികളും സോമാലികളും ഈ മാർഗ്ഗം ഉപയോഗപ്പെടുത്തിയതായി കാണാം. പക്ഷേ ബിപ്പാലുസുവിന്റെ പേരിലാണ് കാലവർഷക്കാറ്റിന്റെ കണ്ടുപിടുത്തം ബന്ധിച്ചിരിക്കുന്നത്. ഈ കാര്യത്തിൽ പ്ലിനിയുടെ അഭിപ്രായത്തെ ഖണ്ഡിക്കുന്നതാണ്. ആബുസെയ്ദി (ഏ.ഡി. 950) ന്റെയും യാക്കൂന്നിന്റെയും (എ.ഡി. 1229) രേഖകൾ. ഏതായാലും കാലവർഷക്കാറ്റിന്റെ കണ്ടുപിടുത്തം ഉദ്ഘാടനം ചെയ്തതോടെ വ്യാപാരമത്സരമാരംഭിച്ചു. കേരളത്തിന്റെ വനസമ്പത്തിൻ വിലകൂടി. ഹിപ്പാലുസ്സു മുസരി എന്ന പേരുള്ള കപ്പലും വ്യാപാരത്തിനായി റോമാക്കാർ പണിതിറക്കി. കുരുമുളകിന്റെ വിപണി കയ്യടക്കാൻ റോമാക്കാരും അറബികളും മത്സരമായി. ഈ വ്യാപാര മത്സരത്തിൽ അലക്സാണ്ടറിയ പട്ടണം അധഃപതിക്കുന്നതുവരെ റോമാക്കാർ തന്നെ വിജയം വരിച്ചു. മൂന്നൂ നൂറ്റാണ്ടിലേറെ കേരളവുമായി വ്യാപാരത്തിലേർപ്പെട്ട റോമാക്കാർ കേരളത്തെ ലോകപ്രശ്സതതിലേയ്ക്കുയർത്തി റോമിലെ ഇതിഹാസങ്ങളിൽ കുരുമുളകിന്റെ നാടായ കേരളത്തിന് സ്ഥാനം ലഭിച്ചു. ഗ്രീക്കുഭാഷയിലെ മികച്ച ചരിത്രരേഖകളിൽ കേരളത്തിലെ വ്യാപാരവും തുറമുഖങ്ങളും ഇന്നും മായാതെ നിൽക്കുന്നു. കുരുമുളകിന്റേതായ ആ പ്രതാപകാലം ഇന്ന് കേരളീയർക്ക് ഒരു കടം കഥയായി തീർന്നിരിക്കുന്നു. ഔഷധീര്യമുള്ള കുരുമുളകിന് വൈദ്യമന്ദിരങ്ങളിൽ ഒന്നാം സ്ഥാനം ലഭിച്ചിരുന്നു. ആഘോഷ ചടങ്ങുകളിൽ ഒന്നാം സ്ഥാനം ലഭിച്ചിരുന്നു. ആഘോഷ ചടങ്ങുകളിലും  യുദ്ധാനന്തര ഉടമ്പടികളലും കുരുമുളക് ഒന്നാം സ്ഥാനം കരസ്ഥമാക്കിയിരിക്കുന്നു. ലക്ഷം ദീനാരിന് കുരുമുളക് കൈക്കൂലി കൊടുത്തിട്ടാണ് ക്രി. മു. 118 ൽ നടന്ന യുദ്ധത്തിൽ ജൂഗർത്ത എന്ന രാജ്യം റോമാ സൈന്യാധിപനെ സ്വാധീനിച്ചത്. പ്ലിനിതന്നെ ഈ കുരുമുളക് ഭ്രാന്തിനെ കളിയാക്കിയിട്ടുണ്ട്. സ്വാദുള്ള ഫലവർഗ്ഗങ്ങളിൽ ചേർക്കാൻ പറ്റാത്ത ഈ കുരുമുളകിന്റെ എരിവ് റോമാക്കാരെ മത്തുപിടിപ്പിച്ചിരിക്കുകയണ്. ഗ്രീക്ക്

വൈദ്യശാസ്ത്രത്തിൽ പത്ത് ഒറ്റമൂലികളുണ്ടെന്നാണ് പ്രമാണം.അവയിൽ കുരുമുളകിന് രണ്ടാംസ്ഥാനം ലഭിച്ചു. റോമിന്റെ പ്രശസ്തിയുടെ തങ്കച്ചലപ്പാവ് യുദ്ധഭൂമിയിൽ അഴിഞ്ഞുവിഴുന്നതുവരേയും കുരുമുളകിന്റെ കുത്തകാവകാശം അവർ കൈവിട്ടില്ല. ചൈനക്കാരും, അറബികളും റോം വ്യാപരലോകത്തുനിന്ന് പിൻമാറിയപ്പോഴാണ് പൂർവ്വാധികം ശക്തിയോടെ ആ രംഗത്തേയ്ക്ക് കുതിച്ചുകയറിയത്.

അറേബ്യയും ചൈനയും കേരളത്തിലെ വ്യാപാരത്തിൽ വളരെക്കാലം സ്വാധീനം ചെലുത്തിയ ശക്തികളാണ്. അറേബ്യയിലെ ഹസറത്ത് മൌത്തിലെ സഫർ തുറമുഖവും ചൈനയിലെ കാൻടൻ തുറമുഖവും കേരളക്കരയിൽ ചരക്കുകൾസകയറ്റിറക്കുമതിയിൽ വ്യാപൃതമായിരുന്നു. അക്കാലത്ത് കേരളത്തിൽ നിന്ന് കുരുമുളക്, കരുവാപ്പട്ട, എല്ലാവർക്കും, ആനക്കൊമ്പ്, പട്ടുതുണി, വൈരം, പന്ന, ആമത്തോട് തുടങ്ങിയ സാധനങ്ങൾ പ്രസ്തുത തുറമുഖങ്ങളിൽ ഇറക്കിയിരുന്നു. ഈ വ്യാപരത്തിന്റെ സ്വഭാവങ്ങൽ അറബികളിൽ നിന്നാണ് ചീനക്കാർ ഗ്രഹിച്ചതെന്ന് ഒമ്പതാം ശതകത്തിൽ കേരളം സന്ദർശിച്ച ശിറാശിലെ സുലൈമാൻ തന്റെ സുഞ്ചാരക്കുറുപ്പിൽ പറയുന്നു. അറബി തൈനാസമ്പർക്കം അധികകാലം വ്യാപാര മാർഗ്ഗത്തിൽ നീണ്ടുനിന്നില്ല. കാൻടൻ തുറമുഖത്തുണ്ടായ ഒരാക്രമണത്തോടുകൂടി കേരള വ്യാപാരത്തിൽ ഇവർ ഭിന്നിച്ചു. പക്ഷെ, ചൈനയിൽ കുബ്ളായിഖാന്റെ ഭരണം വന്നതോടൂകൂടി കേരളവുമായുള്ള ബന്ധം പൂർവ്വാധികം ബലപ്പെട്ടു. അന്യോന്യം വ്യാപാരപ്രതിനധികളെ കൈമാറി. യാങ്ങ്ടാപി എന്ന ഒരു പ്രതി പുരുഷനെ കൊല്ലത്തേയ്ക്ക് ചീനാ രാജാവയച്ചു. സുമാത്ര, ജാവ, ബോർണിയോ തുടങ്ങിയ കേന്ദ്രങ്ങളിലേയ്ക്ക് ചൈനാക്കാർ കേരളത്തിലെ വനവിഭവങ്ങൾ കയറ്റി അയച്ചിരുന്നു. ഈ കച്ചവടം എ. ഡി. 1280 വരെയും നിർബനധം തുടർന്നതായിട്ടാണ്. മാർക്കോപോലെയും മറ്റ് അറബിസഞ്ചാരികളും രേഖപ്പെടുത്തിയിട്ടുള്ളത്. ചില ശാസനങ്ങളിലും ചെമ്പോളകളിലും കാണുന്ന കേരള വ്യാപാരസംഘങ്ങളുടെ ചരിത്രസംഗ്രഹം വിദേശ വ്യാപാരസമ്പർക്കത്തെപ്പറ്റി കാര്യമായ രേഖകൾ നൽകിയിട്ടുണ്ട്. കർണ്ണാട – തമിഴ് ശാസങ്ങളിൽ കാണുന്ന വള്ളിയരും, സ്ഥാണുരവയുടെ വീരരാഘവ പട്ടയത്തിൽ കാണുന്ന മന്നി ഗ്രാമ വ്യാപാരികളും, കൃഷ്ണപുരശാസനത്തിൽ പറയുന്ന അഞ്ചുവർണ്ണന്മാരും, ഉണ്ണിയച്ചി ചരിതത്തിലെ നാനാദേശികളും കുതിരച്ചെട്ടികളും കേരളക്കരയിലെ കച്ചവട സംഘക്കാരായിരുന്നു. പോർത്തുഗീസുകാരുടെ കാലത്തും ഈ സംഘക്കാർ കച്ചവടത്തിൽ വ്യാപൃതരായിത്തിരുന്നതായി കാണാം. വിദേശ വ്യാപാരികളുടെ ഭാഷ പരിചയമുള്ള വാണിയ (വാണിഭന്മാർ) ന്മാർ ഇന്നും കൊച്ചിയിലുണ്ട്. അവരിൽ പലരുടേയും പിൻതലമുറക്കാർ വിദേശകച്ചവടക്കാരുടെ ദല്ലാളികളും, തർജ്ജിമക്കാരുമായിരുന്നു. വ്യാപാര സമ്പർക്കത്തിൽ നിന്ന് ഊർന്ന് വീണ നിരവധി വാക്കുകൾ ഇന്ന് മലയാളത്തിലെ പ്രചാരമുള്ള വാക്കുകളാണ്. യവനരുടെ കാലം മുതൽ ബ്രിട്ടീഷ് വാഴ്ചവരേയും നിലനിന്ന വിദേശ വ്യാപാരബന്ധം കേരളീയരുടെ ജീവിതത്തിലും സ്വഭാവത്തിലും വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

വിദേശസഞ്ചാരികൾ കേരളക്കരയുടെ തലസ്ഥാന നഗരത്തേയും ഉപതുറമുഖങ്ങളേയും അവരുടെ ഭാഷയിലാണ് സംബോധന ചെയ്തിട്ടുള്ളത്. അവരുടെ ഭാഷാശബ്ദം ചില സ്ഥലങ്ങളെപ്പറ്റി ആശയക്കുഴപ്പം സൃഷ്ടിച്ചിരിക്കുകയാണ്. വ്യാപാരികളായ പലരും വിളിച്ചുപോന്ന പേരുകളാണ് ഇന്ന് നമ്മുടെ തുറമുഖപ്രദേശത്തിന്നുള്ളത് കൊടുങ്ങല്ലൂരിന് മുസരിയെന്നും, മുജരിപട്ടണമെന്നും പേരുണ്ട്. ഇത് റോമാക്കാരുടേതു മാത്രമാണ്. ഇസ്രായേൽക്കാരും, അറബികളും മറ്റ് ചില പേരുകളാണ്

വിളിക്കുന്നത്. ഓഫിർ എന്ന ഒരു കേന്ദ്രത്തെപ്പറ്റിയും പ്രതിപാദിച്ചിട്ടുണ്ട്. സ്വർണ്ണം വിളഞ്ഞിരുന്ന ഒരു നാടാണിതെന്ന് പ്ലീനി പറയുന്നു. സ്വർണ്ണാംസങ്ങളടങ്ങിയ മണ്ണ് നിലമ്പൂരാണുള്ളത്.

അവിടെയടുത്തുള്ള ബേപ്പൂരിന്റെ ഗ്രീക്കുപേരായിരിക്കും ഓഫിർ എന്നത്. ‘ഫന്തറിന’ പന്തലായിനിയായിട്ടാണ് കേരള ചരിത്രത്തെപ്പറ്റി പഠനം നടത്തിയ ലോഗൻ കാണുന്നത്. അതുപോലെ പല പേരുകളും ഉച്ഛാരണ ഭേദംകൊണ്ട് സംശയം സൃഷ്ടിച്ചിരിക്കുകയാണ്. മുസരിസ്സിൽനിന്ന് പതിനെണ്ണായിരിത്തിൽപ്പരം വാര ദൂരമുള്ള ‘തിന്തീസി’നെപ്പറ്റിയും പറയുന്നുണ്ട്. പ്ലിനി മറ്റൊരു ഭാഗത്ത് നിട്രിയസ് എന്ന ഒരു കേരളരാജ്യത്തെപ്പറ്റി പറയുന്നു. ‘നിട്രിയസ്’ ഒരു നീണ്ട കരയാണെന്ന് ചില കേരള ചരിത്രകാരന്മാർ പറയുന്നതിനോട് യോജിക്കാൻ കഴിയുകയില്ല. നീണ്ട കര പട്ടണമായിരുന്നു എന്നതിന് തെളിവുകളില്ല. ‘തർശിസ്’ വഞ്ചിക്കുമോ, മലബാർതിരൂരോ ആയിരിക്കണമെന്നാണ് പേർഷ്യൻ പരിഭാഷകനായ റൗലൻഡ്സന്റെ അഭിപ്രായം. ‘ബകര’ വടകരയാണെന്നും, വയ്പിൻകരയാണെന്നും കേരള തചരിത്രകാരന്മാർ ചിലർ ധരിച്ചിരുന്നു. ബകരയ്ക്ക് നൽകിയ വിശദീകരണം നോക്കുമ്പോൾ ഈ നിഗമനം തെറ്റാണെന്ന് തെളിയും. ‘ഗ്രാമങ്ങളുടെ കൂടാരമായ ഒരു ചെറിയ പട്ടണം’ എന്നർത്ഥം വരുന്ന ഒരു പദമാണിത്. വയ്പിൻകര ക്രി: 1341–ാമാണ്ടിൽ വെള്ളപ്പൊക്കത്തിൽ കടൽനീങ്ങിയുണ്ടായതാണ്. ആയിരം വർഷങ്ങൾക്ക് മുമ്പ് പ്ലിനി വയ്പിൻകരയെപ്പറ്റി പറയാനും കഴിയില്ല. ഏ.ഡി. 150 ൽ ടോളമി രേഖപ്പെടുത്തിയ ചില തുറമുഖ പട്ടണങ്ങളുണ്ട്. കരൗറ എന്ന പട്ടണത്തെപ്പറ്റി സംശയം വളരെയേറെയുണ്ട്. കരൌറ കാരൂരും, കാരു മാത്രമാണെന്ന് സംശയിക്കപ്പെടുന്നു. മുസരിക്കും, കരൌറയ്ക്ക് മിടക്ക് മൂന്നൂ സ്ഥലങ്ങളെപ്പറ്റി പറയുന്നതുകൊണ്ട് കാരൂരിന് പ്രാബല്യം ലഭിക്കുന്നതുപോലെ കാരൂമാത്രയ്ക്കും ലഭിക്കുന്നു, കാരൂർ, കൊടുങ്ങല്ലൂർ തന്നെയാണെന്ന ധാരണ പുലർന്നുപോരുന്നുണ്ട്. പ്രസ്തു മൂന്ന് സ്ഥലങ്ങൾ പൊദപ്പെരൌറ, കൊറിയാറ, സെമൺ എന്നിവയാണ്. കൊടുങ്ങല്ലൂരിനടത്താകകൊണ്ട് കൊറിയാറ, എറിയാടോ, പൊദപെരൌറ, കരൂപ്പടന്നയോ, പെരുമ്പടപ്പോ ആകാം. സെമൺ എന്നത് രൂപം മാറി ചെമ്പൻ (കൊടുങ്ങല്ലൂരിൽ നിന്ന് മൂന്ന് നാഴിക തെക്കുകിഴക്ക് ചെമ്പൺ തുരുത്ത്) ആയിരിക്കയാണിപ്പോൾ കാലാന്തരത്തിൽ ഉച്ചാരണഭേദം കൊണ്ട് സ്ഥലനാമങ്ങളിൽ ആശയക്കുഴപ്പം ഉത്ഭവിച്ച്. സ്ഥലനാമങ്ങളെപ്പറ്റിയുള്ള ഗവേഷണം നിഷ്പ്രയാസം സ്ഥലനാമങ്ങളെപ്പറ്റിയുള്ള ഗവേഷണം നിഷ്പ്രയാസം സാധിക്കാവുന്ന ഒന്നല്ല. കേരളവുമായി ബന്ധപ്പെട്ടിട്ടുള്ള വിദേശികളുടെ ഭാഷയെപ്പറ്റി ഏകദേശ ജ്ഞാനമുള്ളവർക്കേ അത് കണ്ടുപിടിക്കാൻ കഴിയൂ.

കേരള ചരിത്രത്തിൽ വ്യാപാര സമ്പർക്കത്തൊടൊപ്പം കടന്നുവന്ന മറ്റൊന്നാണ് മതപ്രചരണം. സാംസ്കാരിക പ്രചാരകന്മാരായി കേരളത്തിലെത്തിയ മതാവലംബികളായ സന്ദേശവാഹകർക്ക് ഹൃദ്യമായ സ്വീകരണമാണ് കേരളത്തിൽ ലഭിച്ചത്. മത്രപ്രചരണം നിർബാധം ഇവിടെ തുടരാൻ സാധിച്ചതോടെ അവരുടേതായ സംഭാവനകൾ പലതും കേരളത്തിന് ലഭിച്ചു. കേരള ചരിത്രഗ്രന്ഥങ്ങളിൽ അർഹിക്കുന്നത്ര പ്രാധാന്യം വിദേശമതങ്ങൾക്ക് ലഭിച്ചിട്ടില്ല. പക്ഷെ, കേരളീയജീവിതമെന്നാൽ അവരുടെ മികച്ച സംഭാവനകൾകൂടി ചേർന്നതാണ്. യഹൂദ, ക്രൈസ്തവ, ഇസ്ലാംമതങ്ങൾ ഇന്ത്യയിൽ വേരൂന്നിയിട്ട് നൂറ്റാണ്ടുകൾ കഴിഞ്ഞു. യഹൂദമത പരിഷ്കർത്താവായ ജോസഫ് റബ്ബാനും, ക്രൈസ്തവ പുണ്യവാളനായ സെന്റ് തോമസ്സും, ഇസ്ലാംമത സന്ദേശവാഹകനായ

മാലിക്ക് ബ്നുദീനാറും കേരളത്തിലെത്തിയ ആദ്യകാലമത പ്രചാരകന്മാരാണ്. ഈ സംസ്കാര നായകന്മാരെ ഒഴിച്ചുനിർത്തിയാൽ കേരളചരിത്രം ഒരിക്കലും പൂർണ്ണമാവുകയില്ല. സങ്കുചിതമായ അതിരുകൾ അതിലംഘിച്ച് സാംസ്കാരിക വാഴ്ച സ്ഥാപിക്കാൻ ലഭിച്ച ഈ സന്ദർഭം ഭരണാധികാരികൾ പലരും ഉപയോഗപ്പെടുത്തി. തങ്ങളുടെ നാട്ടുകാരായവ്യാപാരികൾക്ക് എത്തിനോക്കാൻ കഴിയാത്ത കേരളീയരുടെ മനോമണ്ഡലത്തിൽ നിർബാധം ഇവർ പ്രവേശിച്ചു. അവരുടെ പ്രചരണത്തിൽ കരുപ്പിടിച്ച് വളർന്ന പുത്തൻ മാതൃകകൾ കേരളത്തിൽ പൂത്തുവിരിഞ്ഞു. ആ പ്രചാരകന്മാരുടെ കത്തിയെരിയുന്ന വിചാരങ്ങൾ പ്രബുദ്ധകേരത്തിന്റെ പുരോഗതിക്കവംലബമായി. ചരിത്രപ്രസിദ്ധമായ ജരൂസലേം പട്ടണം ആക്രമിക്കപ്പെട്ടപ്പൊഴാണ് ജൂതന്മാർ ഇവിടെ കുടിയേറിപ്പാർത്തത്. സോളമന്റെ കാലത്ത് കേരളതലസ്ഥാനമായ കൊടുങ്ങല്ലൂർ ജൂതർ അഭയാർത്ഥികളായി വന്നെത്തിയെന്നാണ് ഐതിഹ്യം, കേരളത്തിൽ ജൂതന്മാർ കുടിയേറിപ്പാർത്ത കാലത്തെപ്പറ്റി ചരിത്രകാരന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ടെങ്കിലും കേരളത്തിൽ ജൂതന്മാർക്കുണ്ടായിരുന്ന സ്വാധീനശക്തിയെ സംബന്ധിച്ച് അവർക്ക് യോജിപ്പാണുള്ളത്.

ഒിദേശസൗഹൃദം കെട്ടിയുറപ്പിച്ച് ജൂതനേതാക്കന്മാരെ ചരിത്രം നമുക്ക് പരിചയപ്പെടുത്തിതരുന്നുണ്ട്. അഞ്ചാം നൂറ്റാണ്ടിൽ ടുണിഷ്യയിൽ നിന്ന് പുറത്താക്കപ്പെട്ടപ്പോൾ കേരളക്കരയിലോടിയെത്തിവരാണെന്ന് ടുണീഷ്യൻ ചരിത്രകാരന്മാരും, നെബുഷാദ് നെദർ ബാബിലോണിയായിലേയ്ക്ക് കൊണ്ടുപോയവരാണ്. കേരളീയ ജൂതന്മാരെന്ന് സ്പെയിൻ ചരിത്രകാരന്മാരും, നാലാം നൂറ്റാണ്ടിൽ മയ്യോർക്കോയിൽനിന്ന് കുടിയേറിപ്പാർത്തവരാണെന്ന് ജൂത ചരിത്രകാരനായ മോസസ് ഡിപൈവയും പറയുന്നു. ഇവരുടെ കുടിയേറിപ്പാർപ്പിനെ സംബന്ധിക്കുന്ന കവിതകൾ തന്നെ ഹിബ്രു കവികളായ ഏബ്രഹാം, ഇബ്നുഈസ്രയും, ഹെലവിയും എഴുതിയിട്ടുണ്ട്. ഇവരുടെ കേരളനേതാവിയിരുന്നും ജോസഫ് റബ്ബാൻ. പഴയ ജൂതഗാനങ്ങളിൽ റബ്ബാനെപ്പറ്റി പറഞ്ഞിട്ടുണ്ട്. ജോസഫ് റബ്ബാന്റെ കാലത്താണ് സുപ്രസിദ്ധമായ ജൂതപട്ടയം കേരള രാജാവ് ഒപ്പിട്ടത്. അഞ്ചുവണ്ണം ദാനം ചെയ്തത് അക്കാലത്താണ്. ദാനകർമ്മം നടന്ന കാലഘട്ടത്തെപ്പറ്റിയും ആറുവിധം അഭിപ്രായമുണ്ട്. റാബിപോൾ എന്ന ക്രിസ്തീയ പുരോഹിതൻ ഇവരെ ജ്ഞാനസ്നാനം ചെയ്യിക്കുന്നതുവരെയും കേരളത്തിൽ ഇവർ ഒരു പ്രബലസമുദായമായിരുന്നു. ശ്രീകണ്ഠപുരം, കൊടുങ്ങല്ലൂർ, ചേന്ദമംഗലം, ഏഴിമല, കൊച്ചി, എന്നിവടങ്ങളിലാണ് ഇവർ കോളനികൾ സ്ഥാപിച്ചത്. ക്രൈസ്തവരെപ്പോലെയോ, മുസ്ലീമിങ്ങളെപ്പോലെയോ സ്വമതത്തിലേയ്ക്ക് മറ്റ് തസ്ഥരെ മാറ്റുന്ന സമ്പ്രദായം ഇവർക്കിടയില് നടപ്പുണ്ടായില്ല. അതുകാരണം ജൂതന്മാർ ക്രമേണ ക്ഷയിച്ചു. കേരളത്തിലെ ലാഭവിഹിത്തിന്റെയും, പലിശനിരക്കിന്റെയും, അളവിന്റെയും, തൂക്കത്തിന്റെയും കണക്കുകൾ ജൂതന്മാരുടെ സമ്പർക്കംകൊണ്ട് പരിഷ്കരിച്ചു. ഡച്ചുചരിത്രകാരനായ ന്യൂഹോഫ് ഈ കാര്യം വെളിപ്പെടുത്തിയിട്ടുണ്ട്.

ക്രൈസ്തവ മതപ്രതാരകനായ സെന്റ് തോമസ് കേരളത്തിൽ വന്നിട്ടില്ലെന്നാണ് ഒരു വിഭാഗം വാദിക്കുന്നത്. പേരൊന്ന് മാറിയാലും മതപ്രചരണാർത്ഥം ഒരു പുണ്യവാളൻ ഇവിടെയെത്തിയെന്ന് സമ്മതിക്കാതെ തരമില്ല. സെന്റ് തോമസ്സിനുപകരം തോമസ് സ്ലീഹയെന്ന് പറഞ്ഞാൽ ഈ ശബ്ദസമരം അവസാനിക്കുമെന്നു തോന്നുന്നു. ഏ. ഡി. ഒന്നാം നൂറ്റാണ്ടിൽ തന്നെ കേരളത്തിൽ ക്രിസ്തു മതപ്രചരണം ആരംഭിച്ചു. ക്രിസ്തുദേവന്റെ പന്ത്രണ്ട് അപ്പോസ്തോലൻമാരിൽ ഒരാളാണ് തോമസ്സ് അപ്പോസ്സലൻ. ഏ.ഡി. 52 ൽ കൊടുങ്ങല്ലൂരെത്തിയ പുണ്യവാളനെ രാജാവ് സബഹുമാനം സ്വീകരിച്ചു.

ആദ്യമായി ക്രിസ്തുമതം സ്വീകരിച്ച ശാബ്പൂരി, പൌലോമറ്റം, കാളിക്കാവ് തുടങ്ങിയ കുടുംബാംഗങ്ങളുടെ സഹായത്തോടെ കൊല്ലം, പാലയൂർ, പറവൂർ, പള്ളിപ്പുറം, നിരണം, നെല്ലിക്കൽ, കോതമംഗലം തുടങ്ങിയ സ്ഥലങ്ങളിൽ പ്രാർത്ഥനാലയങ്ങൾ പണിതു. ഓരോ കുടുംബക്കാരെ പള്ളിയുടെ ഭരമേൽപിച്ചു തോമസ് തമിഴ്നാട്ടിൽ പോയെന്നും മൈലാപ്പൂർ വെച്ചു എതിരാളികളാൽ വധിക്കപ്പെട്ടുവെന്നുമാണ് ചരിത്രവിവരണം. തോമസ്സിന്റെ ശവകുടീരത്തെപ്പറ്റിയും തർക്കമുണ്ട്. ഇടഭിന്നത ഒഴിച്ച് നിർത്തിയാൽതന്നെ ക്രൈസ്തവ മതത്തിന് കേരളക്കരയിൽ നേടാൻ കഴിഞ്ഞ സ്വാധീനം ചരിത്രത്തിൽ ഉയർന്നുനിൽക്കുന്നതായി കാണാം. മലയാള ഭാഷയ്ക്കും തദനുബന്ധമായ സാഹിത്യത്തിനും പുതിയ രൂപം നൽകിയത് തന്നെ ക്രൈസ്തവ മിഷ്യനറികളാണ്. മതപ്രചരണത്തോടൊപ്പം പാതിരിമാർ നിർവ്വഹിച്ച ഭാഷാപോഷണാർത്ഥമുള്ള സേവനം ആധുനീക മലയാളത്തിന് ഒരു നേട്ടമായി. കേരളീയരിൽ വിദേശസഞ്ചാരതൃഷ്ണ വളർത്തിയതും ക്രൈസ്തവ മിഷ്യനറിമാരാണ്. ക്രൈസ്തവർക്കുശേഷം ഇസ്ലാംമതപ്രചരണാർത്ഥം മാലിക്ബ്നുദീനാർ പ്രവാചകന്റെ കാലത്തുതന്നെ കേരളത്തിലെത്തി. അറേബ്യയിൽ നിന്ന് വന്ന പ്രചരണസംഘത്തെയും കൊടുങ്ങല്ലൂർ രാജാവ് സ്വീകരിച്ചു. ദീനാറും അദ്ദേഹത്തിന്റെ സഖാക്കളും കൊടുങ്ങല്ലൂർ തന്നെ പ്രഥമപള്ളി പണിതു. ഇന്ത്യയിലെ ആദ്യത്തെ മുസ്ലീം ദേവാലയം ഇതാണ്. കൊല്ലം, ചാലിയം, പന്തലായിനി, കൊയിലാണ്ടി തുടങ്ങിയ പത്ത് പ്രചരണകേന്ദ്രങ്ങൾ തിരഞ്ഞെടുത്ത് പള്ളികൾ പണിതു. ദീനാർ നാല്പതുവർഷക്കാലത്തെ സേവനം കഴിഞ്ഞ് കൊടുങ്ങല്ലൂരിൽ നിന്ന് യാത്രതിരിക്കുമ്പോൾ കേരളത്തിന്റെ മിക്കഭാഗങ്ങളിലും ഇസ്ലാമികാനുയായികളെ കാണാൻ കഴിഞ്ഞു. മറ്റു മതങ്ങളെപ്പോലെ ഇസ്ലാംമതം ആശ്ലേഷിക്കാനും, കേരളീയർ തയ്യാറായി. അറേബ്യൻ സംസ്കാരത്തിന്റെ സന്ദേശം കേരളക്കരയിൽ ശ്രവിച്ചതോടെ അയൽരാജ്യങ്ങളിലും അത് പടർന്നുപിടിച്ചു.

കേരളത്തിന്റെ സങ്കരസംസ്കാരത്തിൽ അലിഞ്ഞ് ചേർന്നിട്ടുള്ള മൂല്യങ്ങൾ പലതും വിദേശത്തുനിന്നു വന്നവയാണ്. എല്ലാ നല്ലകാര്യങ്ങളും ഉൾക്കൊള്ളാനും കേരളത്തിന് സാധിച്ചു. സങ്കുചിത വീക്ഷണങ്ങളിൽ നിന്ന് മുക്തിനേടാനും വിശാലമായ വീക്ഷണഗതി പുലർത്താനും വൈദേശിക വ്യാപാരംകൊണ്ടും മതപരമായ സംസ്കാരിക വേഴ്ചകൊണ്ടും കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. വൈദേശികവേഴ്ചയുടെ കാലഘട്ടത്തെപ്പറ്റി എഴുതിയിട്ടുള്ള രേഖകളെപ്പറ്റിയും അന്വേഷണം തുടരേണ്ടിയിരിക്കുന്നു.

# കേരള ചരിത്രപഠനത്തിനൊരു മുഖവുര

ചരിത്രാതീതകാലത്തെ കേരളത്തെപ്പറ്റി പഠനം നടത്താനുപയുക്തമായ വസ്തുനിഷ്ഠമായ രേഖകൾ ലഭിക്കാൻ പ്രയാസമാണ്. പക്ഷെ, കേരളത്തിന്റെ അതിപുരാതനചരിത്രം രണ്ട് ഐതിഹ്യ കഥകളിലാണ് നിറം മങ്ങിക്കിടക്കുന്നത്. മറ്റെല്ലാ രാജ്യങ്ങൾക്കും ഉള്ളതുപോലെ നമ്മുടെ രാജ്യത്തിനും ഇതിഹാസപാരമ്പര്യമുണ്ട്. ശാസ്ത്രീയ വീക്ഷണത്തിന്റെ കൊടുങ്കാറ്റിൽ തെറിച്ചുപോകുന്നതാണ് വർണ്ണപ്പകിട്ടേറിയ പുരാതന കേരളചരിത്രത്തിന്റെ കടലാസ് കോട്ടയെങ്കിലും കെട്ടുകഥയെന്നനിലയ്ക്ക് അതിന് വില കല്പിക്കാതെ തരമില്ല. പുരാതന മഹാപുരുഷന്മാരിൽ ധർമ്മിഷ്ഠനായ മഹാബലിയെപ്പറ്റി കേട്ടിട്ടുണ്ടല്ലോ? കേരളത്തിലെ ദേശീയോത്സവമായ ഓണം മഹാനായ മഹാബലിയുടെ കേരളസന്ദർശനത്തെ അനുസ്മരിപ്പിക്കുന്നതാണ്. മഹാവിഷ്ണുവിന്റെ അഞ്ചാമത്തെ അവതാരമായ വാമനൻ മഹാബലിയെ തോല്പിച്ചു കീഴടക്കിയ രാജ്യമാണത്രെ കേരളം. ധർമ്മിഷ്ഠനായ മഹാബലിയുടെ മുമ്പിൽ പരാജിതരായ ദേവന്മാർ മഹാവിഷ്ണുവിന്റെ സഹായത്തോടെ വാമനനെക്കൊണ്ട് മഹാബലിയെ പാതാളത്തിലേയ്ക്ക് ചവിട്ടിത്താഴ്ത്തിച്ചു. അങ്ങനെ ദേവന്മാരുടെ കുതന്ത്രങ്ങൾക്കുമുമ്പിൽ പരാജയപ്പെട്ട മഹാബലി തന്റെ നാടുകാണാൻ പൊന്നും ചിങ്ങമാസത്തിൽ ഒന്ന് എഴുന്നെള്ളാറുണ്ട്. കേരളീയർ അദ്ദേഹത്തെ സഹർഷം സ്വാഗതം ചെയ്യാറുണ്ട്. മറ്റൊരു കഥയുണ്ട്. കേരളോല്പത്തി തുടങ്ങി ചരിത്രഗ്രന്ഥങ്ങൾ പ്രചരിപ്പിച്ചിട്ടുള്ള ആ കഥ പരശുരാമ മഹർഷിയേപ്പറ്റിയാണ്. മഹാവിഷ്ണുവിന്റെ ആറാമത്തെ അവതാരമായ പരശുരാമ മഹർഷി നമ്മുടെ നർമ്മദാതീരത്താണ് ജനിച്ചതെന്ന് പറയുന്നു. പരശുരാമന്റെ പിതാവായ ജമഗ്നയെ കൃതവീരനെന്ന പ്രമാണി വെട്ടിക്കൊന്നു. ഇതിൽ കുപിതനായ പരശുരാമൻ കൃവീരവംശജരായ എല്ലാ ക്ഷത്രിയരെയും വധിക്കാനായി പുറപ്പെട്ടു. പരാക്രമശാലിയായ കാർത്ത്യവീരാർജ്ജുനനേയും വംശത്തേയും വധിച്ചു നേരെ തെക്കോട്ടു യാത്രയായി. ലഭിച്ചിടത്തോളം ഭൂമി ബ്രാഹ്മണർക്ക് ദാനം ചെയ്തു. തനിക്കിരിക്കാൻ ഒരു സ്ഥലം തരണമെന്ന് അവസാനം വരുണനോട് പരശുരാമൻ പ്രാർത്ഥിച്ചു. ആ വെണ്മഴു ഒന്ന് തെക്കോട്ടെറിയാൻ വരുണൻ പറഞ്ഞു. ആ കോടാലി കന്യാകുമാരിക്കടുത്തുള്ള ശൂർപ്പാരകതീർത്ഥത്തിൽ വീണു. കടലിൽനിന്ന് ഒരു കര പൊന്തി. അത് കേരളരാജ്യമായി. ഒരുൾചിരിയോടുകൂടി ഇതെല്ലാം വായിക്കാൻ പുതിയ തലമുറ തയ്യാറാകും. കേരളത്തിന്റെ കഴിഞ്ഞകാല പാരമ്പര്യത്തിനും, ഏകീകൃത സംസ്കാരത്തിനും, അടിത്തറയായി പൊക്കിക്കാട്ടുന്നത് ഈ കഥയാണ്. യഥാർത്ഥത്തിൽ ബ്രാഹ്മണ കുടിയേറിപ്പാർപ്പ് ഏ.ഡി. നാലാം നൂറ്റാണ്ടിന് ശേഷമാണ്. ആ കാലത്തെ നേതാവായ പരശുരാമൻ പൌരാണിക കേരളത്തിന്റെ ജനയിതാവാകുവാൻ വഴിയില്ല. വളരെയേറെ പാകപ്പിഴകളും വിരോധാഭാസങ്ങളും നിറഞ്ഞ ആ ഇരുളടഞ്ഞ കഥകളേക്കാൾ മറ്റു ചിലതറിയണം.

# കേരളത്തിന്റെ ഭൂമിശാസ്ത്രം

കേരളത്തിന് ഒരു നദിതീര സംസ്കാരത്തിന്റെ പാരമ്പര്യമുണ്ട്. ഭൂഗർഭഗവേഷകന്മാരുടെ കണ്ടുപിടുത്തത്തിന്റെ വെളിച്ചത്തിൽ ദക്ഷിണേന്ത്യയും തേക്കേ ആഫ്രിക്കയും ആസ്ത്രേലിയായും തമ്മിൽ തൊട്ടുകിടന്നിരുന്നുവെന്നും ഇടക്കാലത്ത് വേലിയേറ്റം കൊണ്ട് മുറിഞ്ഞുപോയതാണെന്നും കാണാം. ഭൂമിയിൽ നിന്നും കുഴിച്ചെടുത്ത ധാതുക്കൾ പരിശോധിക്കുമ്പോൾ ഒരു പതിനായിരം വർഷത്തെ പഴക്കം കാണാൻ കഴിയുമെന്ന് ഭൂഗർഭഗവേഷകന്മാരും ചരിത്ര ശാസ്ത്രജ്ഞന്മാരുമായ പാർജീറ്ററും കിർഫലും അഭിപ്രായപ്പെടുന്നു. ഇടക്കാലത്ത് സംഭവിച്ചിട്ടുള്ള ഭൂകമ്പം, പ്രളയം, സമുദ്രവേലിയേറ്റം എന്നിവകൊണ്ട് പശ്ചിമപർവ്വതനിരയിൽ വലിയ മാറ്റങ്ങൾ വന്നിരിക്കണം. സിലോണിനെ ഇന്ത്യയിൽനിന്ന് വേർതിരിച്ച മഹാഭൂകമ്പം ബി.സി. 2387 ലാണ് ഉണ്ടായതെന്ന് കരുതുന്നു. തദനന്തരം ഭൂകമ്പം ഉണ്ടായത് ബി. സി. 504 ലും, 309 ലുമാണെന്ന് അനുമാനിക്കപ്പെടുന്നു. നോഹയുടെ പ്രളയം ബി. സി. 2384 ൽ നടന്നതാണെന്ന് സിലോൺ ചരിത്രമെഴുതിയ ടെമെൻട് പറയുന്നു. ഈ മഹാസംഭവങ്ങളുമായി കേരളക്കരയ്ക്ക് ബന്ധമുണ്ടായിരിക്കണം. ആ കാലഘട്ടത്തിൽ തന്നെ ഈ രാജ്യത്ത് ജനങ്ങൾ അധിവസിച്ചിരുന്നതായി ഗണിക്കാം. കേരളോല്പത്തിപ്രകാരം കന്യാകുമാരി മുതൽ ഗോകർണ്ണം വരെയാണ് കേരളം. ലാസന്റെ ഭൂമിശാസ്ത്രരേഖയിൽ കേരളാതിർത്തി ആരംഭിക്കുന്നത് ഗോവയിൽ നിന്നാണ്. ഏതായാലു ഇടയ്ക്കിടക്കുണ്ടായിരുന്ന യുദ്ധങ്ങളും പ്രകൃതിഷോഭങ്ങളും കേരളത്തിന്റെ ഭൂപ്രകൃതിയെ മാറ്റി മറിച്ചിട്ടുണ്ട്. പരശുരാമന്റെ പേരിലല്ല കേരളഭൂവിന്റെ ഉല്പത്തി കണ്ടുപിടിക്കേണ്ടതെന്ന ബോധം ചരിത്രാന്വേഷകർക്കുണ്ടായിതുടങ്ങിയിട്ടുണ്ട്.

ഇന്ത്യയിലെ മഹാ പുരാണങ്ങളിൽ കേരളം പ്രതിവാദ്യവിഷയമാണ്. രാമായണവും മഹാഭാരതവും രഘുവംശവും കേരള പ്രശ്നങ്ങൾ കൈകാര്യം ചെയ്തിട്ടുണ്ട്. ദ്വാപര യുഗത്തിൽ നടന്ന മഹാഭാരതയുദ്ധത്തിൽ കേരളം പരോക്ഷമായി പങ്കെടുത്തിട്ടുണ്ടെന്നുകൂടി പറയുമ്പോൾ പഴക്കത്തെപ്പറ്റി തലപുകഞ്ഞാലിചിക്കേണ്ടതില്ല. പതഞ്ജലി കാർത്ത്യായൻ, കാളിദാസൻ തുടങ്ങിയ ഭാവനാശാലികൾ കേരളത്തിന്റെ ചരിത്രാംശങ്ങളിലേയ്ക്ക് വെളിച്ചം വീശുന്ന രേഖകൾ നൽകിയവരാണ്. ഇതിഹാസവുമാതി കൂട്ടിക്കുഴച്ച് അവതരിപ്പിക്കുന്നവെന്നുമാത്രം. ആ കൂട്ടുകെട്ടിൽ നിന്ന് തനി ചരിത്രശാസ്ത്രം വേർപെടുത്തിയെടുക്കാൻ നമ്മുടെ ഗവേഷണശാഖ വളർന്നിട്ടില്ല.

**ജനവർഗ്ഗങ്ങൾ**

ഭാരതസംസ്കാരത്തിന്റെ മുകൾപന്തി കഴിഞ്ഞ അമ്പതുവർഷങ്ങൾക്ക് മുമ്പ് ആര്യന്മാർക്കായി നീക്കിവച്ചിരിക്കുന്നകയായിരുന്നെന്ന് ചില ചരിത്രഗ്രന്ഥങ്ങൾ ഉദ്ഘോഷിക്കുന്നു. ആര്യസംസ്കാരം ഏറ്റവും മഹത്തായ സംസ്കാരമെന്ന മുദ്രാവാക്യം, മോഹഞ്ചദാരോവും, ഹരപ്പയും കണ്ടുപിടിച്ചപ്പോൾ വിലയിടിഞ്ഞു. രാഘാൽദാസ് ബാനർജിയും, ദണ്ഡാർക്കറും,ജദനാഥസർക്കാറും ഇന്ത്യാ ചരിത്രത്തിൽ ദ്രാവിഡർക്ക് സ്ഥാനം നൽകിയത് അടുത്ത ഘട്ടത്തിലാണ്. പുതിയ കണ്ടുപിടുത്തങ്ങൾ എല്ലാം

പഴയവിശ്വാങ്ങളേയും തകിടം മറിച്ചു. ദക്ഷിണേന്ത്യയിലും അതിന്റെ തീനാമ്പുയർന്നു. കേരളത്തിൽ ആര്യന്മാരേക്കാൾ മുമ്പ് അധിവാസമുറപ്പിച്ചവർ ദ്രാവിഡരാണ്. ആര്യന്മാരോട് – രണശൂരന്മാരായ ചോളന്മാരോട് – കേരള ചെങ്കുട്ടവരാജാവിന്റെ ദ്രാവിഡസൈന്യങ്ങളും യുദ്ധം ചെയ്തിട്ടുണ്ടെന്ന് ചിലപ്പതികാരത്തിൽ തന്നെ പറയുന്നുണ്ട്. കേരളത്തിന്റെ മണ്ണി സമുദ്രസഞ്ചാരികൾ സഹസ്രാബ്ദങ്ങൾക്കുമുമ്പ് എത്തിരുന്നു. മതങ്ങൾ ആവിർഭവിക്കുന്നതിനുമുമ്പെ വിദേശ ജനവർഗ്ഗങ്ങൾ സമുദ്രത്തിലൂടെ കേരളത്തിലെത്തിയിട്ടുണ്ടായിരുന്നുവെന്ന് പഴയഗ്രീക്കുഗ്രന്ഥങ്ങൾ പറയുന്നു. ഐക്യകേരളത്തിന്റെ അയൽ ദേശമായ ആന്ധ്രയിലും, ഹൈദ്രബാദിലും മൈസൂറിലും, തമിഴ്നാട്ടിലും ജനങ്ങളുടെ ജീവിതത്തിൽ അലഞ്ഞുചേർന്നിട്ടുള്ള ദ്രാവിഡസംസ്കാരം പൗരാണിക കേരളത്തിലും സ്വാധീനം ചെലുത്തിയിരുന്നു. ബ്രാഹ്മണാധിപത്യകാലത്തെ പരശുരാമകഥപോലെ ഉൾക്കനമില്ലാത്ത ഒന്നാണ് കേരളത്തിലെ ആര്യഗമനം. ആര്യദ്രാവിഡ സംഘട്ടനം കൊണ്ട് ഒരു സങ്കരസംസ്കാരം ഉണ്ടായിട്ടുണ്ടെന്നല്ലാതെ തനി ആര്യസംസ്കാരം ഈ നാട്ടിൽ ഉണ്ടായിട്ടില്ല. വിദേശിയരായ എല്ലാ വർഗ്ഗക്കാരുടേയും വിയർപ്പും രക്തവും കലർന്ന സാംസ്കാരിക സമ്പത്താണ് കേരളത്തിന്റേത്. അസ്സീരിക്കാരും, എക്കാദിയന്മാരും, സെമിറ്റിക്കകളും, അറബികളും പുരാതനകേരളത്തിൽ എത്തിയിരുന്നുവല്ലോ? ഹൂണന്മാരുടേയും, മങ്കോളിയരുടേയും, യവനരുടേയും, ഫിനീഷ്യരുടേയും ശിഖന്മാരുടെയും, യൂറോഷ്യയിലെ മറ്റ് വിവിധ വർഗ്ഗങ്ങളുടെയേയും സാംസ്കാരിക സ്വഭാവം കേരളീയരിൽ അലിഞ്ഞുചേർന്നിട്ടുണ്ട്. നരവംശ ശാസ്ത്രജ്ഞന്മാരുടെ ചലനം പുരോഗമിക്കുമ്പോൾ ഈ കാര്യം വെളിപ്പെടും. നരവംശ ശാസ്ത്രപഠനം കേരളചരിത്രകാരന്മാർ ഇതേവരേയും നടത്തിയിട്ടില്ലെന്നു പുറത്തുവന്നിട്ടുള്ള ഗ്രന്ഥങ്ങൾ വ്യക്തമാക്കുന്നുണ്ട്. നരവംശപഠനം നടത്താതെ പൗരാണിക ചരിത്രം എഴുതുക എന്നത് ഒരു സാഹസമാണ്.

കേരളത്തിൽ ഇന്നും അനുവർത്തിപോരുന്ന മരുമക്കത്തായക്രമവും ദായക്രമവും ഫിനിഷ്യരുടെയും, ടുണീഷ്യരുടേയും ജാവക്കാരുടെയും ഇടയിൽ നടപ്പുണ്ട്. ചില ദൈനംദിനാചരങ്ങൾ മദ്ധ്യപൗരസ്ത്യരാജ്യക്കാർ കേരളീയരെപ്പോലെ അനുഷ്ഠിക്കുന്നുണ്ട്. അപ്പോൾ വിശ്വവ്യാപകമായ ഒരു സമ്പർക്കത്തിന്റെ ചരിത്രമാണ് പൗരണിക കേരളത്തിനുള്ളതെന്ന് തെളിയുന്നു. ആര്യന്മാരുടെ ജീവിതചര്യകൾ കേരളീയർ പകർത്തിയിട്ടുണ്ട്. ആര്യവംശജന്മാർ, ദ്രാവിഡവർഗ്ഗത്തിൽ നിന്ന് വിവാഹം നടത്തുകയും ആചാരാക്രമങ്ങൾ അനുഷ്ഠിക്കുകയും ചെയ്തു.

ബി. സി. 2800 നാട്ടടുത്ത് കലിംഗസാമ്രാജ്യം നിർമ്മിച്ച ദക്ഷിണേന്ത്യൻ ദ്രാവിഡർ മലനാടുകളിൽ ബന്ധം സ്ഥാപിച്ചിരുന്നെന്ന് കാണുന്നു. പെരിക്ലിസിന്റെ കാലത്തെ ആതൻസുപോലെ സമ്പന്നായിരുന്നുവത്രെ ചെങ്കുട്ടവന്റെ കാലത്തെ കേരളം. ഈ കാലഘത്തിന്റെ വിശേഷതകൾ ഭാഗവതത്തിലോ, മത്സ്യപുരാണത്തിലോ, മാർക്കാണ്ഡപുരാണത്തിലോ, തമിഴ്കൃതികളായ ചിലപ്പതികാരത്തിലോ, മണിമേഖലയിലോ, അകനാനൂറിലോ, പുറംനാനൂറിലോ തെളിഞ്ഞുകാണുകയില്ല. വിദേശികളായ സഞ്ചാരികളുടെ വിലപിടിപ്പുള്ള രേഖകൾമാത്രമാണിതിന്നാശ്രയം. നമ്മുടെ കുരുമുളകിന്റെ വീര്യമാണ് റോമാക്കാരെ ഇവിടേയ്ക്കാകർഷിച്ചത്. അതോടൊപ്പം വെറ്റല, കരയാമ്പു, എലം തുടങ്ങിയ വനവിഭാവങ്ങളും റോമൻസുന്ദരികൾക്ക് കുളിക്കാനായി കുരങ്ങ്, മാൻ തുടങ്ങിയ മൃഗങ്ങളും നാം കയറ്റി അയച്ചുതുടങ്ങി. സീസർ അഗസ്റ്റസിന്റെ കാലമായപ്പോഴേക്കും കച്ചവടത്തിരക്ക് ഇവിടെ വർദ്ധിച്ചു. റോമാക്കാരുടെ വൈദ്യവിധികളിലും കല്ല്യാണച്ചടങ്ങിലും യുദ്ധകടത്തിലും കുരുമുളക് കയറിപ്പറ്റി, പെരിപ്ലീസ് ഓഫ് ദിഎരിത്രീനസി, എന്ന റോമൻഗ്രന്ഥത്തിൽ

കേരളവ്യാപാരത്തെപ്പറ്റി സവിസ്താരം പ്രതിപാദിച്ചിട്ടുണ്ട്. ഈജിപ്തുകാരും മറ്റ് അറബി രാജ്യക്കാരും ഏറെക്കാലം കേരളവ്യാപാരം കയ്യടക്കി. അക്കാലത്തെ അറബി ഗ്രന്ഥങ്ങളും ഡെയോക്ലസിന്റെ രാജശാസനങ്ങളിലും കേരളത്തിലെ ഔഷധവീര്യമുളഅള വസ്തുക്കളെപ്പറ്റിയും പഞ്ഞിയെപ്പറ്റിയും പറഞ്ഞിട്ടുണ്ട്. പതിനയ്യായിരം സ്വർണ്ണക്കാശ് വിലവരുന്ന കപ്പലുകൾ കേരളത്തിൽ നിർമ്മിച്ചിരുന്നതായും പേർഷ്യക്കാരും റോമക്കാരും കപ്പൽ കച്ചവടം നടത്തിയിരുന്നതായും പറയുന്നു.

വിദേശികൾ വ്യാപാരത്തിനാണ് വന്നതെങ്കിലും കേരളത്തിന്റെ സാംസ്കാരിക വികാസത്തിന്നവർ നല്ല സംഭാവന ചെയ്തിട്ടുണ്ട്. അവരുടെ സ്വഭാവവും വസ്ത്രധാരണരീതിയും ഭാഷയും കേരളീയരിൽ പല മാറ്റങ്ങളും വരുത്തി. മലയാള ഭാഷയിൽ ഉപയോഗിക്കുന്ന പദങ്ങൾ എത്രയുണ്ടെന്ന് പരിശോധിക്കുമ്പോൾ ഈ കാര്യം വെളിപ്പെടും. അരിയും, ആശാരിയും, വക്കീലും, ഗുമസ്തനും, മജിസ്ട്രേട്ടും, വക്കാലത്തും, പേനയും, കൈപീത്തും, കീശയും, മേശയുമെല്ലാം കടലുകൾക്കപ്പുറത്തുനിന്ന് ഇവിടെ വന്നുവീണതാണ്. വിദേശികളുടെ ആഗമനത്തെപ്പറ്റി പറയുമ്പോൾ ആധുനിക കാലഘട്ടം കൂട്ടി ഗ്രഹിക്കണം. പോർത്തുഗീസ്, ഫ്രഞ്ചു, ഡച്ച്, ഇംഗ്ലീഷ് എന്നീ വ്യാപാര സംഘങ്ങളുടെ ആഗമനമാണ് കേരള ചരിത്രത്തിലെ പരിവർത്തനോന്മുഖമായ കാലഘട്ടം. അറബികളുടെ സ്വാധീനവലയം തകർക്കാനും, മുസ്ലീം പ്രാബല്യം കുറയ്ക്കാനും പോർത്തുഗീസ്കാരുചെയ്ത ക്രൂരകൃത്യങ്ങൾ നിരവധിയാണ്. കോഴിക്കോടും, വടകരയും, കൊച്ചിയും, കൊയിലാണ്ടിയും, ആ ക്രൂരകഥകൾക്ക് പാത്രീഭവിച്ചിട്ടുണ്ട്. കൊച്ചുകുട്ടികളെ കുന്തത്തിൽ കുത്തി തെരുവീഥികളിലൂടെ ക്രൂരമായ വിനോദയാത്ര നടത്തിയ അവരുടെ പൈശാചിക പ്രവർത്തനങ്ങളും മുസ്ലിമീങ്ങളെ അവരുടെ ജനശത്രുക്കളാക്കി മാറ്റി. അവരുടെ വ്യാപാര ഭാഷയും ജീവിത സമ്പ്രദായവും കേരളത്തിൽ പ്രചരിച്ചു. വിദേശ വ്യാപാരികളിൽ താരതമ്യേന കൊള്ളക്കാർക്ക് കനം കുറച്ചത് ഡച്ചുകാരാണ്. വെള്ളക്കാരുടെ ആഗമനത്തോടെ മിഷ്യനറിമാരുടെ പ്രവർത്തനം പൂർവ്വാധികം ബലപ്പെട്ടു. എന്തെല്ലാം ആരോപണങ്ങൾ അവരുടെ പേരിൽ ചുമത്തിയാലും ആധുനികലോകത്തെ, മലയാളികൾക്ക് പരിചയപ്പെടുത്തിയവർ അവരാണ്. മലയാളഭാഷയുടെ പരിണാമങ്ങൾക്ക് ബുദ്ധിപരമായ നേതൃത്വം നൽകിയ മിഷ്യനറി പ്രവർത്തകരായ ഗീവർഗ്ഗീസ് കത്തനാർ, അർണോസ് പാതിരി, ഗുണ്ടർട്ട് തുടങ്ങിയവരെ മലയാളഭാഷ ഉള്ള കാലത്തോളം വിസ്മരിക്കയില്ല. വിദേശ സമ്പർക്കം കൊണ്ടുണ്ടായ നേട്ടങ്ങളെപ്പറ്റിയാണ് കേരളചരിത്രം അറിയാനാഗ്രഹിക്കുന്നവർ അന്ധമായ ദേശാഭിമാനം മാറ്റിവെച്ച് പഠിക്കേണ്ടത്.

പൗരാണിക കേരളത്തിന് സ്വന്തമായൊരു മതസംഹിത ഉണ്ടായിരുന്നില്ല. ജാതികളോ അവനാതര വിഭാഗങ്ങളോ ആയ മനുഷ്യരെ തരംതിരിക്കുന്നതിന് ശ്രീശങ്കരന്റെ നാമധേയം ഉപയോഗിക്കുന്നതിനുമുമ്പ് മനുഷ്യർ ഈ നാട്ടിൽ സഹിഷ്ണതയോടെയാണ് ജീവിച്ചിരുന്നത്. ആദ്യമായി ഈ നാട്ടിൽ സംഘടിതമായ മതപ്രചരണം ആരംഭിച്ചത് ബുദ്ധസന്യാസികളാണ്. ബുദ്ധനെ ഹൈന്ദവനാക്കി മുദ്രയടിക്കാൻ ഇന്നു ശ്രമം നടക്കുന്നുണ്ടെങ്കിലും അദ്ദേഹം ഒരു ഹൈന്ദവാചാര്യനായിരുന്നില്ലയെന്നതാണ് യാഥാർത്ഥ്യം. അശോകന്റെ കാലഘട്ടത്തിൽ തന്നെ ബുദ്ധമതം ഇവിടെ പ്രചരിച്ചു. കേരളീയരിൽ ഭൂരിപക്ഷം ജനങ്ങളും ബുദ്ധമതക്കാരായിരുന്നു. ശബരിമല, കുളത്തുപുഴ, മാമ്പഴത്തറ, ആര്യങ്കാവ്, അച്ചൻകോവിൽ, മാവേലിക്കര, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിൽ വലിയ ബുദ്ധവിഹാരങ്ങളുണ്ടായിരുന്നു. കാലാന്തരത്തിൽ ഹൈന്ദവ പ്രഭുക്കൾ ഇതെല്ലാം തകർക്കുകയുണ്ടായത്. പള്ളിബാണപ്പെരുമാളായിരുന്നു ബുദ്ധമതത്തിന്റെ ഏറ്റവും വലിയ

ആചാര്യൻ. ജൈനമതം കേരളക്കരയിൽ നാമ്പെടുത്തു. ഏ.ഡി. നാലാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ബുദ്ധമതം നാമാവശേഷമായി.

നമ്മുടെ നാട്ടിൽ നിന്ന് ഇസ്രായിലേയ്ക്ക് വണ്ടികയറിപ്പോകുന്ന മലയാള ജൂതന്മാരെപ്പറ്റി കേട്ടിട്ടുണ്ടല്ലോ? അവരിൽ ഇനി ഇരുനൂറ്പേർ മാത്രമേ കേരളക്കരയിൽ അവശേഷിച്ചിട്ടുള്ളൂ. ഒരു മതത്തിന്റെ കേരളക്കരയിലെ തകർച്ചയാണിത് കാണിക്കുന്നത്. ജറുസലേം പട്ടണം നശിപ്പിക്കപ്പെട്ടപ്പോൾ തന്നെ കേരളത്തിൽ അഭയാർത്ഥികളായി എത്തിയതെന്നാണ് കേരള യഹൂദഐതീഹ്യം. പതിനായിരം പേരാണ് പുരാതന കേരള തലസ്ഥാനമായ കൊടുങ്ങല്ലൂരിലിറങ്ങതെന്ന് ഐതിഹ്യം പറയുന്നു. അതല്ല നാലാം നൂറ്റാണ്ടിലാണിവർ ഇവിടെ വന്നതെന്ന് മോസസ ഡിപൈവ എന്ന യഹൂദ ചരിത്രകാരനും വാദിക്കുന്നു. എങ്ങനെയായാലും കേരളത്തിൽ യഹൂദമതം വളർന്നില്ല. കാരണം വ്യക്തമാണ്, ഇതരമതസ്ഥരെ സ്വന്തം മതത്തിലേയ്ക്ക് ചേർക്കുന്നതിൽ അവർ വിമുഖരായിരുന്നു. അതുകൊണ്ട് അവരുടെ തലമുറ നശിച്ചു. എന്നാലും കേരള വ്യാപാരത്തിൽ യഹൂദർ സ്വാധീനം ചെലുത്തിയിരുന്നു. സ്ഥാനമാനങ്ങളും രാജസന്നിധിയിൽ പ്രത്യേക ഇരിപ്പിടവും കേരളത്തിൽ ഇവർക്ക് ലഭിച്ചിരുന്നു. ഇവരുടെ ആചാര്യൻ ജോസഫ് റബ്ബാനായിരുന്നു. ഏഴിമലയുടെ പരിസരം ചേന്ദമംഗലം, കൊടുങ്ങല്ലൂർ, ശ്രീകണ്ഠപുരം, കൊച്ചി എന്നിവടങ്ങളിലായിരുന്നു ഇവരുടെ കോളനികൾ.

ക്രൈസ്തവർക്ക് കേരളക്കരയിൽ ആദ്യനൂറ്റാണ്ടിൽ തന്നെ പ്രചരണമാരംഭിച്ച ഒരു ചരിത്രമുണ്ട്. തോമസ് അപ്പോസലന്റെ കാലത്തുതന്നെ (ഏ.ഡി. 52.ൽ ) ഇവിടെ ക്രിസ്തുമത പ്രചരണമാരംഭിച്ചു. ഈ കാലഘട്ടത്തിനു ചില സംശയങ്ങൾ ഉന്നയിച്ചിട്ടുണ്ടെന്ന കാര്യം ഞാൻ വിസ്മരിക്കുന്നില്ല. പക്ഷെ, തോമശ്ലീഹയെന്ന സെന്റ് തോമസ് വന്നില്ലെന്ന് സംയുക്തികം സ്ഥാപിക്കാൻ സാധിക്കുന്ന രേഖകൾ കിട്ടാത്തകാലത്തോളം പ്രഥമനൂറ്റാണ്ടിൽ തന്നെ ക്രിസ്തുമതം കേരളത്തിൽ പ്രചരിച്ചെന്ന് വിശ്വസിക്കണം. ശാംബപൂരി, പൈലോമന്നം, കാളിക്കാവ്, തുടങ്ങിയ കുടുംബാംഗങ്ങളെ ക്രിസ്തുമത്തിൽ ചേർത്തു പ്രവർത്തനമാരംഭിച്ചു. തോമസ്സിന് കൊടുങ്ങല്ലൂർ, കൊല്ലം, പാലയൂർ, പറവൂർ, പള്ളിപ്പുറം, കോതമംഗലം, നിരണം, നെല്ലാക്കൽ തുടങ്ങിയ സ്ഥലങ്ങളിൽ കോളനികൾ സ്ഥാപിക്കാൻ കഴിഞ്ഞു. തോമസ്സ് മൈലാപ്പൂരിൽ വെച്ചാണ് അന്തരിച്ചതെന്ന് ഒരു രേഖയുണ്ട്. റോമും അയൽദേശങ്ങളുമായി കേരളത്തിന് കൂടുതൽ സൗഹാദബന്ധം സ്ഥാപിക്കാൻ ക്രൈസ്തവമതം വഴിയുണ്ടാക്കി. യൂറോപ്പിന്റെ പരിഷ്ക്കാരങ്ങളിൽ നിന്ന് പലതും കേരളത്തിലേയ്ക്കു പകർന്നുകൊടുപ്പാൻ ഈ മതപ്രചാരകന്മാർക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ സാമ്പത്തികവും സാംസ്കാരികവുമായ പ്രശസ്തിക്ക് കനത്ത സേവനം ചെയ്ത ക്രൈസ്തവർ ഇന്ന് ഈ നാട്ടിലെ അനിഷേധ്യഘടകമായി തീർന്നിരിക്കുകയാണ്.

കേവലം 25 പേർ തികച്ചുണ്ടായിരുന്നില്ല, ആയിരം വർഷങ്ങൾക്ക് മുമ്പ് കേരളത്തിലെത്തിയ ഇസ്ലാംമത വിശ്വാസികളുടെ സംഘത്തിൽ. പക്ഷെ, ഇന്നതു 25 ലക്ഷമായി വർദ്ധിച്ചുകഴിഞ്ഞു. പോർത്തുഗീസുകാരുടെ സംഘടിതമായ നരവേട്ടയെ ഇടതടവില്ലാതെ നൂറ്റിപത്ത് വർഷക്കാലം എതിരിട്ട് ഇസ്ലാം കേരളത്തിൽ അതിജീവിച്ചു. ഇസ്ലാം എന്നാൽ ഒരു ധാർമ്മിക ജീവിത സിദ്ധാന്തമാണെന്ന് കേരള രാജാക്കന്മാരെ ധരിപ്പിക്കാൻ ആദ്യകാല മതപ്രചാരകന്മാർക്ക് കഴിഞ്ഞു. അറേബ്യയിൽ നിന്ന് സിലോണിലേയ്ക്ക് യാത്രതിരിച്ച ഒരു യാത്രാസംഘമാണ് കൊടുങ്ങല്ലൂരിൽ ആദ്യമായെത്തിയത്. അവരിൽ നിന്ന് പ്രവാചകന്റെ പരിഷ്കരണ പ്രസ്ഥാനത്തേയും ധാർമ്മിക നിഷ്ഠയേയും പറ്റി ഗ്രഹിച്ച

കേരളരാജാവ് ഇസ്ലാംമതാദർശങ്ങളിലേയ്ക്ക് ആകർഷിക്കപ്പെട്ടുവെന്നാണ് ആദ്യകാല ഇസ്ലാംമത പ്രചരണരേഖ. സിലോണിലെ ചരിത്രപ്രസിദ്ധമായ ആദംമല കണ്ടതിനുശേഷം യാത്രാസംഘം വീണ്ടും കൊടുങ്ങല്ലൂരിൽ വന്നു. ചരിത്രപുരുഷനായ ചേരമാൻ പെരുമാൾ അറേബ്യയിലേയ്ക്ക് പോയെന്നാണ് വസ്തുനിഷ്ഠമായി ചരിത്രപഠനം നടത്തുന്നതവർക്ക് ഗ്രഹിക്കാൻ കഴിയുക. ചേരമാൻ പെരുമാളുടെ അറേബ്യയാത്രയാണ് കേരളത്തിൽ ഇസ്ലാംമത പ്രചരണത്തിന് പ്രചോദനം നൽകിയത്. പെരുമാളുടെകൂടെ യാത്രചെയ്തിരുന്ന ഷറഫ്ബ്നുമാലിക്ക്, മാലിക്ബ്നു ദീനാർ, മാലിക്ക്ബ്നു ഹബീബ് എന്നിവർ ഷെഹർമുഖല്ലായിൽ നിന്ന് പെരുമാളുടെ മരണാനന്തരം കേരളത്തിലേയ്ക്ക് പുറപ്പെട്ടെന്നും അവർ പ്രചരണച്ചുമതല ഏറ്റെടുത്തെന്നുമാണ് ചരിത്രം ഉദ്ഘോഷിക്കുന്നത്. ചരിത്രപ്രസിദ്ധമായ ചേരമാൻ പെരുമാൾ ഹിജ്റ 10 ൽ (ഏ. ഡി. 632 ൽ) ഷെഹർ മഖല്ലായിൽ വെച്ച് അന്തരിച്ചു. ഈ രേഖയുൾപ്പെടുന്ന ഏറ്റവും പഴക്കമുള്ള ഒരു അറബി കയ്യെഴുത്ത് ഗ്രന്ഥം പ്രസിദ്ധമത പണ്ഡിതനായ വളർപട്ടണം ഖാസി ഇമ്പിച്ചിക്കോയത്തങ്ങളുടെ കൈവശം സൂക്ഷിച്ചിട്ടുണ്ട്. മാലിക്ക് ബ്നുദീനാർ കൊടുങ്ങല്ലൂരിൽ നിന്നാരംഭിച്ച പ്രവർത്തനം കൊല്ലം, മാടായി, പന്തലായിനി, കാസർകോട് മുതലായ സ്ഥലങ്ങളിലേയ്ക്ക് വ്യാപിച്ചു. വർണ്ണമേധാവിത്വത്തിന്നടിപ്പെട്ട് മശഷ്യത്വം ചോദ്യം ചെയ്യപ്പെട്ടു. അധഃപതിച്ചു കഴിഞ്ഞിരുന്നവർ കോളനികൾ കോളനികളായി കേരളത്തിൽ ഇസ്ലാംമതം സ്വീകരിച്ചു. കേരളത്തിലെ എല്ലാ ജാതികളിൽ നിന്നും ഇസ്ലാംമതത്തിലേയ്ക്ക് ജനങ്ങൾ ചേർന്നു. മാലിക്ക്ബ്നുദീനാരും, ഷെറഫ്ബ്നുമാലിക്കും അന്തരിക്കുന്നതിനിടയ്ക്ക് കേരളക്കരയിൽ 11 പള്ളികളും അതിനുചുറ്റും ഇസ്ലാംമത പ്രവേശനവും അറേബ്യയാത്രയും സംശയത്തോടെ വീക്ഷിക്കുന്നവർ അദ്ദേഹത്തെ കൈലാസത്തിലേയ്ക്കാണ് യാത്രയാക്കുന്നത്. പ്രവാചകൻ കോൺസ്റ്റാൻ ടിനോഫിളിലെ ചക്രവർത്തിക്കും ചേരമാൻ പേരുമാളിനും ഒരേ കാലഘട്ടത്തിലാണ് സന്ദേശമയച്ചിട്ടുള്ളതെന്ന് കേരളത്തിലെ ഉന്നത ചരിത്രപണ്ഡിതനായ ശ്രീ. എ. ബാലകൃഷ്ണപ്പിള്ള തന്നെ സമർത്ഥിച്ചിട്ടുണ്ട്. ഏ. ഡി 628 ൽ 57–ാമത്തെ വയസ്സിലാണ് ആ കത്തുകളയച്ചതെന്ന് അദ്ദേഹം ഞാനെഴുതിയ ചരിത്രകേരളത്തിന്റെ അവതാരികയിൽ പറയുന്നു. ഇസ്ലാംമതം പത്താം നൂറ്റാണ്ടിലോ പതിമൂന്നാം നൂറ്റാണ്ടിലോ ആണ് കേരളത്തിൽ പ്രചരിച്ചതെന്ന് സ്ഥാപിക്കാൻ കേരള ചരിത്രകാരന്മാരിൽ പലരും ശ്രമം നടത്തിയിട്ടുണ്ട്. ഇന്ത്യാ ചരിത്രത്തിൽ മുഹമ്മദ്ബ്നുകാസിം സിന്ധുവഴി വാളുകൊണ്ടാണിത് നടപ്പാക്കിയതെന്നും തെറ്റിധരിപ്പിച്ചിട്ടുണ്ട്. ആയിരവും രണ്ടായിരവും പുറങ്ങൾ വരുന്ന മഹാചരിത്ര ഗ്രന്ഥങ്ങളിൽ ദയാപൂർവ്വം ചരിത്രകാരന്മാർ സഹോദര സമുദായങ്ങൾക്ക് മാറ്റി നിർത്തിയിട്ടുള്ളത് നാലു പുറങ്ങളാണ്. തിരുവിതാംകൂർ ചരിത്രമെഴുതിയ പാച്ചുമൂത്തതിന്റെ പ്രഥമ ചരിത്രഗ്രന്ഥം മുതൽ ശ്രീ. കെ. പി. പത്മനാഭമേനോന്റെ കാലഘട്ടം വരെയും പുറത്തുവന്നിട്ടുള്ള ചരിത്രഗ്രന്ഥങ്ങളിൽ കേരളത്തിലെ പ്രദേശമതാനുയായികളെ സംബന്ധിക്കുന്ന വിവരങ്ങൾ വളരെ കുറവാണ്.

പ്രവാചകന്റെ കാലഘട്ടത്തിൽ തന്നെ നാമ്പെടുത്തു വളർന്ന ചരിത്ര പാരമ്പര്യം കേരള മുസ്ലീമിങ്ങൾക്കുണ്ട്. അറക്കൽ രാജവംശത്തിന്റെ ആദ്യകാല രേഖകൾ അത് തെളിയിക്കും. സാമൂതിരി, ടിപ്പു തുടങ്ങിയ ഭരണാധികാരികളുടെ കാലഘട്ടം നാവികവീരന്മാരായ മരക്കാർമാരുടെ യുദ്ധചരിത്രം, മതപണ്ഡിതന്മാരുടെ സാംസ്കാരികപ്രവർത്തനം തുടങ്ങി പല മണ്ഡലങ്ങളിലായി കേരള മുസ്ളിമീങ്ങളുടെ ചരിത്രം ചിന്നിച്ചിതറിക്കിടക്കുകയാണ്.